# ജ്യോതിമാർഗ്ഗം

## വാർത്താ പത്രിക

JYOTHIMARGOM

RNI.NO.KER MAL/2002/8041

PUBLISHED FROM THIRUVALLA ON 13-12-2017

VOL. 18 | NO. 12 | 2017 December | Pages 12 | Price ₹ 5/-


## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ

# സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് ജനുവരി 9ന്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാം, കേരളാ സ്റ്റേറ്റ് കൗൺസിലിന്റെ 2018–20 ലേക്കുള്ള തെരഞ്ഞെടുപ്പ് 2018 ജനുവരി 9 ചൊവ്വാഴ്ച മുളക്കുഴ സീയോൻ കുന്നിൽ നടക്കും. രാവിലെ 8 മണിക്ക് ആരംഭിക്കുന്ന വോട്ടെടുപ്പ് ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കും. ഉച്ചക്കഴിഞ്ഞ് വോട്ടെണ്ണൽ നടക്കും ചർച്ച് ഓഫ് ഗോഡിലെ അംഗീകാര പത്രം (ക്രഡൻഷ്യൽ സർട്ടിഫിക്കറ്റ്) ഉള്ള ശുശ്രൂഷകന്മാർക്കാണ് വോട്ടവകാശമുള്ളത്.

ഡിസംബർ 4 മുതൽ 19 ചൊവ്വാഴ്ച വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. 22 വെള്ളിയാഴ്ച വൈകുന്നേരം 5 മണി വരെ പത്രിക പിൻവലിക്കാവുന്നതാണ്. 23 ന് സൂക്ഷ്മ പരിശോധന നടത്തും. 26 ചൊവ്വാഴ്ച സ്ഥാനാർത്ഥി ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഓർഡിനേഷനുള്ള ശുശ്രൂഷകന്മാർക്കേ മത്സരിക്കുവാൻ അനുവാദമുള്ളൂ. കരട് വോട്ടർപട്ടിക സ്റ്റേറ്റ് ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആക്ഷേപമുള്ളവർ സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് ചീഫ് ഇലക്ഷൻ കമ്മീഷണറായിരിക്കും. സീനിയർ ശുശ്രൂഷകന്മാരിൽ നിന്നും ബിലിവേഴ്സ് ബോഡിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കും. 15 അംഗ സ്റ്റേറ്റ് കൗൺസിലിന്റെ കാലാവധി 2 വർഷമാണ്. തുടർമാനമായി 2 ടേം അംഗങ്ങളായിരുന്നവർ അടുത്ത ഒരു ടേമിലേക്ക് (2 വർഷം) മത്സരിക്കരുതെന്ന ഒരു കീഴ്വഴക്കം നിലവിലുണ്ട്. നേരത്തെ 9 അംഗങ്ങളാണ് ഉണ്ടായിരുന്നത്. 2002 ൽ ആണ് 15 അംഗ കൗൺസിലായി ഉയർത്തിയത്. മേഖലാടിസ്ഥാനത്തിൽ മുമ്പ് നടത്തിയിരുന്നെങ്കിലും ഇപ്പോൾ സ്റ്റേറ്റ് അടിസ്ഥാനത്തിൽ പൊതുവായാണ് നടത്തുന്നത്.

പാസ്റ്റർമാരായ ജെ.ജോസഫ് (സെക്രട്ടറി), വൈ. റെജി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), ജോൺസൺ ദാനിയേൽ (എഡ്യൂക്കേഷൻ ഡയറക്ടർ) വിനോദ് ജേക്കബ് (യു.പി.ജി ഡയറക്ടർ), ഷിബു കെ.മാത്യു (പ്രിൻസിപ്പൽ), ഏ.റ്റി.ജോസഫ് (വൈ.പി.ഇ പ്രസിഡന്റ്), ക്രിസ്റ്റഫർ റ്റി.രാജു, തോമസ് എം.പുളിവേലിൽ, ഷിജു മത്തായി (ചാരിറ്റി ഡയറക്ടർ), റ്റി.എ.ജോർജ്ജ് (സണ്ടേസ്കൂൾ ഡയറക്ടർ) ജി.അലക്സ് (മിഷൻ ഡയറക്ടർ), ജോസ് ബേബി (സീനിയർ), പി.എ.ജെറാൾഡ് (ഹോം മിഷൻ ഡയറക്ടർ), ജോൺ ജോസഫ്, കെ.ജി. ജോൺ, വി.പി.തോമസ്, കെ.എം.ചെറിയാൻ തുടങ്ങിയവർ മത്സര രംഗത്തുള്ള പ്രമുഖരാണ്. നിലവിലുള്ള കൗൺസിലിന് 2018 ജനുവരി 28 വരെ കാലാവധിയുണ്ട്. ജനറൽ കൺവൻഷനിലെ സംയുക്ത സഭാ യോഗത്തിൽ പുതിയ സ്റ്റേറ്റ് കൗൺസിൽ ചുമതലയേൽക്കും. പരസ്യപ്രചാരണങ്ങളോ പത്രപരസ്യങ്ങളോ അനുവദനീയമല്ലായെന്നത് ഒരു പ്രത്യേകതയാണ്. പാനൽ സമ്പ്രദായവും നിലവിലില്ല.

# വൈ പി ഇ സംസ്ഥാന ക്യാമ്പ് ചെങ്ങന്നൂരിൽ




പാസ്റ്റർ എ.റ്റി.ജോസഫ്, മാത്യു ബേബി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ യുവജന സംഘടനയായ വൈ.പി.ഈ ജനറൽ ക്യാമ്പ് 2017 ഡിസംബർ 25,26, 27 തീയതികളിൽ ചെങ്ങന്നൂർ പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ നടക്കും 'സ്ഥിരതയോടെ ഓടുക' എന്നതാണ് ചിന്താവിഷയം. വൈ.പി. സ്റ്റേറ്റ് സെക്രട്ടറി ബ്ര: മാത്യു ബേബിയുടെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ: എ.റ്റി.ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സ്റ്റേറ്റ് ഓവർസിയർ റവ: സി.സി.തോമസ് മുഖ്യസന്ദേശം നൽകും. പാസ്റ്റർമാരായ വൈ. റെജി, ജെ. ജോസഫ്, ജോൺസൺ ഡാനിയേൽ, എ. പി അഭിലാഷ്, പി. ആർ ബേബി, പ്രിൻസ് തോമസ്, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ട, ഡോ. എബി പി മാത്യു ഡോ. സിനി ജോയ്സ് മാത്യു, സി: സജി ഉമ്മൻ മാത്യു തുടങ്ങിയവർ ക്ളാസുകൾ നയിക്കും. ഡോ. ബ്ലെസൻ മേമന ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

കുട്ടികൾക്കുവേണ്ടി പ്രത്യേക സെഷൻസ് ആദ്യ ദിവസം മുതൽ ഉണ്ടായിരിക്കും. താലന്ത് പരിശോധന, പവർ മീറ്റിംങ്, കൗൺസിലിംങ് ,മിഷൻ ചലഞ്ച്, കാത്തിരിപ്പ് യോഗം, കിഡ്സ്‌യൂത്ത്ഫാമിലി സെഷനുകൾ, ഗ്രൂപ്പ് ഡിസ്കഷന്, ഗാനപരിശീലനം, സൈബർ സുരക്ഷാ ക്ലാസ്, ദുരുപദേശ ബോധവത്കരണം തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളാണ്. സ്റ്റേറ്റ് കോഡിനേറ്റർ പാ: റോബിൻ സി റോയി, ട്രഷറാർ ടോം ടി ജോർജ്ജ്, പാ: ബിനു ചെറിയാൻ, പാ: ഗ്ലാഡ്സൺ ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വൈ. പി ഇ ബോർഡ് വിപുലമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി പബ്ലിസിറ്റി കൺവീനർ പാ. ഫിന്നി ജോസഫ് അറിയിച്ചു.

# കുമ്പനാട് കൺവൻഷൻ

## ജനുവരി 14 മുതൽ



പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ കെ.സി. ജോൺ

**കുമ്പനാട്:** 94–ാമത് കുമ്പനാട് കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ നടക്കും. 1925 ൽ റാന്നിയിൽ ആരംഭിച്ച കൺവൻഷൻ പിന്നീട് കുമ്പനാട് ഹെബ്രോൻ പുരത്തേക്ക് മാറുകയായിരുന്നു. കുമ്പനാട് കൺവൻഷൻ എന്ന പേരിൽ ഇത് ചരിത്രത്തിന്റെ ഭാഗമായി. ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ അന്തർദേശീയ കൺവൻഷൻ എന്നതിലുപരി വിവിധ പെന്തക്കോസ്ത് സഭാ വിഭാഗങ്ങളിലുള്ള വിശ്വാസികളുടെയും ദൈവവചന സ്നേഹികളായ മലങ്കരയിലെ ക്രിസ്തീയ വിശ്വാസികളുടെയും സംഗമമായ കുമ്പനാട് കൺവൻഷൻ 2018 ജനുവരി 14 ന് ഞായറാഴ്ച വൈകിട്ട് 6–ന് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പരിശുദ്ധാത്മാവിന്റെയും ശക്തിയുടെയും അഭിഷേകം എന്നതാണ് ചിന്താവിഷയത്തെ അടിസ്ഥാനമാക്കി അഭിഷിക്തന്മാരായ ദൈവദാസന്മാർ വചനം ഘോഷിക്കുന്നു. ദിവസവും രാവിലെ 5 ന് മദ്ധ്യസ്ഥ പ്രാർത്ഥനയും വൈകിട്ട് 6– ന് സുവിശേഷ യോഗവും നടക്കും. 16 ചൊവ്വ രാവിലെ 10 ന് ഹെബ്രോൻ ബൈബിൾ കോളജ് പി.ജി. ഗ്രാഡുവേഷൻ. 18 വ്യാഴം ഉച്ചയ്ക്ക് 2– ന് സോദരി സമാജം വാർഷിക സമ്മേളനം, 19 വെള്ളി ഉച്ചയ്ക്ക് 2–ന് മിഷനറി മീറ്റിംഗ്, 20 ശനി രാവിലെ 8–ന് സ്നാനശുശ്രൂഷ, ഉച്ചയ്ക്ക് 2–ന് പി.വൈ.പി.എ, സണ്ടേസ്കൂൾ വാർഷിക സമ്മേളനം എന്നിവയാണ് പ്രധാന യോഗങ്ങൾ, ജനുവരി 21 ഞായർ രാവിലെ എട്ടിന് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന കർത്തൃമേശയോടും തുടർന്ന് നടക്കുന്ന സമാപന സമ്മേളനത്തോടും കൺവൻഷന് തിരശീല വീഴും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദൈവമക്കൾ ഒന്നിച്ചുള്ള ആ ആത്മീയ സംഗമം ഭാരതീയ സുവിശേഷീകരണത്തിന് ഒരു മുതൽകൂട്ടുതന്നെയാണ്.

കൺവൻഷന്റെ അനുഗ്രഹിത്തിനുവേണ്ടിയും ശക്തമായ ആത്മീയ ഉണർവ്വ് ഉണ്ടാകേണ്ടതിനുമായി ജനുവരി 7 മുതൽ 13 വരെ കുമ്പനാട് കൺവൻഷൻ പന്ത

(ശേഷം പേജ് 5)

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

## കൺവിനേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു



പാസ്റ്റർ സി.സി. തോമസ്



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ വൈ. റെജി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 95–ാമത് ജനറൽ കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി. സി. തോമസ്, ജനറൽ കൺവീനറായും, പാസ്റ്റർമാരായ ജെ. ജോസഫും വൈ. റെജിയും ജോയിന്റ് കൺവീനർമാരായും വിപുലമായ കൺവൻഷൻ കമ്മറ്റി നിലവിൽ വന്നു. പാസ്റ്റർ വിനോദ് ജേക്കബ് (ഫിനാൻസ്), പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം (സ്തോത്രകാഴ്ച), പാസ്റ്റേഴ്സ് ജി. അലക്സ്, വി. പി. തോമസ് (പ്രെയർ), പാസ്റ്റർ പി. സി. ചെറിയാൻ (പബ്ലിസിറ്റി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രാൻസ്ലേഷൻ), പാസ്റ്റർ ഏ. റ്റി. ജോസഫ്(സ്റ്റാൾ അലോട്ട്മെന്റ്), പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (റിസപ്ഷൻ), പാസ്റ്റർ വൈ. ജോസ് (മ്യൂസിക്), പാസ്റ്റർ സജി ജോർജ്ജ് (കർത്തൃമേശ), പാസ്റ്റർ റ്റി.എം. മാമ്മച്ചൻ (അക്കോമഡേഷൻ), പാസ്റ്റർ തോമസ് എം. പുളിവേലിൽ (വോളന്റിയേഴ്സ്), പാസ്റ്റർ ജോൺസൺ ദാനിയേൽ (പന്തൽ), പാസ്റ്റർ ബാബു ചെറിയാൻ (ഫുഡ്), പാസ്റ്റർ ജോസ് ബേബി (ലൈറ്റ് & സൗണ്ട്), പാസ്റ്റർ എബി റ്റി. ജോയി (കൗൺസിലിംഗ്), പാസ്റ്റർ ഷിജു

(ശേഷം പേജ് 5)

# മാറാനാഥാ ജനറൽ കൺവൻഷൻ

**തിരുവനന്തപുരം:** പെന്തെക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ചിന്റെ 13–ാമത് ജനറൽ കൺവൻഷൻ 2017 ഡിസംബർ 25 മുതൽ 29 വരെ സഭയുടെ ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗിലെ കർമ്മേൽ പ്രയർ ഹാളിൽ വച്ച് നടത്തും. 25 തിങ്കൾ വൈകിട്ട് 6 ന് ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.കെ.ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 25 മുതൽ 28 വരെ വൈകിട്ട് 6 ന് നടക്കുന്ന പൊതുയോഗങ്ങളിൽ പാസ്റ്റർന്മാരായ റെജി (ശാസ്താംകോട്ട), കെ.ജെ.തോമസ് (കുമളി), വർഗ്ഗീസ് ഏബ്രഹാം (റാന്നി), ബാബു ചെറിയാൻ (പിറവം) എന്നിവർ ദൈവവചനം ശുശ്രൂഷിക്കും.

26 ചൊവ്വ മുതൽ 28 വ്യാഴം വരെ പകൽ യോഗങ്ങളിൽ പാസ്റ്റർമാരായ തോമസ് വർഗ്ഗീസ്, ജോൺ ജോർജ്, എസ്.മാത്യു, മാത്യു ഏബ്രഹാം (ദോഹ), സിസ്റ്റർ ഷീലാദാസ് (കൂത്താട്ടുകുളം), എം.കെ. സ്കറിയ (വെൺമണി), സാമുവൽ മാത്യു എന്നിവരും 29 വെള്ളി സമാപനയോഗത്തിൽ പാസ്റ്റർ ജി.ജെ അലക്സാണ്ടർ സമാപനസന്ദേശം നൽകും. പാസ്റ്റർ കെ.കെ. ജോസഫ് തിരുവത്താഴ ശുശ്രൂഷ നിർവ്വഹിക്കും. 26 ന് വിമൻസ് ഫെലോഷിപ്പിന്റെ കൂട്ടായ്മയും, സഹോദരന്മാരുടെ യോഗവും 27 ന് സൺഡേ സ്കൂളിന്റേയും 28 ന് യുവജനങ്ങളുടെയും മീറ്റിംഗുകൾ നടക്കും. 27, 28 തീയതികളിൽ കാത്തിരിപ്പു യോഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. പി.എം.ജി.സി മ്യൂസിക് ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ കെ.കെ.ജോസഫ് ജനറൽ കൺവീനറായി 14 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി പ്രവർത്തിക്കുന്നു.

**ജ്യോതിമാർഗ്ഗം**
വാർത്താ പത്രിക

**EDITORIAL BOARD**

MANAGING EDITOR
Pr. J.Joseph
CHAIRMAN
Pr. Thomas V. Thomas
CHIEF EDITOR
Evg. P.I. Abraham
PUBLISHER
Pr. P.G. Mathews
GENERAL EDITOR
Jaise Pandanad
RESIDENT EDITOR
Pr. Shaji Idukki
MANAGER
Pr. Shaiju Thomas
EDITORS
Rev. P.P. Kurian
Thomas Thonnackal
Thomas Joseph
Pr. Finny Joseph
Jaimohan Athirunkal
Pr. Biju Thankachan, Mumbai
Pr. Sovi Mathew
Pr. Biju Joy
OVERSEAS EDITORS
Roy Mepral
Rev. Johnson Zachariah
Rev. Sunny Thazhampallom
USA CO-ORDINATOR
Pr. Abraham Mathew
STATE CO-ORDINATOR
Pr. Saji George
CO.ORDINATORS
Mathew Varghese, New York
Rev.Eldho Mappalail-Western Canada
Evag.Wilson Varghese-Eastern Canada
Shaji Vennikulam - Atlanta
Thomas Koshy - Bahrain
Faith Abraham - Oman
Tiju Raj - Kuwait

**ADVISORY BOARD**
**Pr. O.J. Mathew**
**Pr. Issac Simon**
**Pr. C.C.Thomas**

**ജ്യോതിമാർഗ്ഗം**
വാർത്താപത്രിക
**വാർഷീക വരിസംഖ്യ**
**ഇൻഡ്യയിൽ: 150 രൂപ**
**യുഎസ്എ & കാനഡ:**
**US $ 30**
**യൂ.കെ.: £ 15**
**ഗൾഫ് രാജ്യങ്ങൾ: 1000 രൂ**

**വരിസംഖ്യ അയക്കേണ്ട വിലാസം**
JYOTHIMARGOM
P.O. BOX - 15
ERAVIPEROOR P.O.,
THIRUVALLA - 689 542, KERALA
Ph: 9447455820
Mob: 9048869944

**എഡിറ്റോറിയൽ**

# ഓഖി: അവഗണിക്കപ്പെട്ട ദുരന്ത മുന്നറിയിപ്പ്



പാസ്റ്റർ ജെ. ജോസഫ്

സുനാമിക്കുശേഷം കേരളത്തിന്റെ തീരത്ത് ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായത് നാല്പതിലധികം ആളുകൾ മരിച്ചു, നൂറോളംപേരെ കാണാതായി. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കരയിലുണ്ടായ വൻ നാശത്തിനുപുറമെ, കടലിൽ കുരുങ്ങിയ ജീവനുകളെ രക്ഷിക്കുവാനും വലിയ പ്രയാസം നേരിട്ടു. മുന്നറിയിപ്പുകൾ ലഭിക്കാതെയോ അതിനെ അവഗണിച്ചോ കടലിൽ മത്സ്യബന്ധനത്തിനുപോയ പ്രിയപ്പെട്ടവർ തിരിച്ചെത്തുന്നതു കാത്ത് തീരത്ത് അലമുറയിടുന്ന ബന്ധുക്കൾ കടലോര മേഖലയിലെ ഹൃദയഭേദകമായ കാഴ്ചയാണ്.

സാധ്യമായ എല്ലാ ദുരിതനിവാരണ പ്രവർത്തനങ്ങളും അതിന്റെ പരമാവധി വേഗത്തിൽ നടക്കുന്നുണ്ട്. എന്നാൽ, ജനങ്ങളുടെ സംരക്ഷണത്തിന് എല്ലാം പോരാതെ വരികയാണ്. അതിശക്തമായ ചുഴലിക്കൊടുങ്കാറ്റുകളുടെ പട്ടികയിലാണ് ഓഖി. കടന്നുപോയിടത്തൊക്കെ നാശംവിതച്ച കാറ്റ്, ന്യൂനമർദ്ദമായി ആരംഭിച്ച കാറ്റ് കേരള തീരത്ത് എത്തുകയില്ലെന്നാണ് ആദ്യം കരുതിയിരുന്നത്. എന്നാൽ പെട്ടന്ന് തന്നെ കാറ്റിന്റെ ഗതി മാറി ശക്തമായ സംഹാര താണ്ഡവം കേരള തീരത്ത് നടത്തി. അതിലൂടെ നമുക്ക് ലഭിക്കുന്ന വലിയ ഒരു പാഠമുണ്ട് ബംഗാൾ ഉൾക്കടലിലും മറ്റും രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ന്യൂനമർദ്ധവും ഏതു നിമിഷവും ഗതി മാറി കേരള തീരത്ത് ആഞ്ഞടിക്കാമെന്ന സത്യം. കടലാക്രമണത്തിന്റെ രൂപത്തിലായിരുന്ന കാറ്റ് തുടർന്ന് കരയേയും ബാധിച്ചു.

കാറ്റിന്റെ പരിണിത ഫലമായ ദുരിതത്തിലൂടെ ജനങ്ങൾ കടന്നു പോകുമ്പോൾ പലവിധത്തിലുള്ള അഭിപ്രായമാണ് കേരള സമൂഹത്തിൽ ഉയർന്ന് വന്നത്. ദുരന്ത മുന്നറിയിപ്പ് സമയത്ത് ലഭിച്ചില്ലെന്ന് സർക്കാരും, മുന്നറിയിപ്പ് നല്കിയിരുന്നു എന്ന് ദുരന്ത നിവാരണ അതോറിറ്റിയും അവകാശപ്പെടുന്നു. ഇതേച്ചൊല്ലി നാട്ടിൽ നടക്കുന്ന വിവാദങ്ങളും പഴിചാരലുകളും ഉണ്ടാകുന്നത് വിഷമമാണ്. എപ്പോഴും മനസ്സിലാക്കേണ്ട ഒരു വസ്തുത ഒരു സംഭവം ശരിക്കും ദുരന്തമായി മാറുന്നത് നമ്മൾ അതിൽനിന്ന് ഒന്നും പഠിക്കാതിരിക്കുമ്പോഴാണ്. കേരളത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങളിൽ ചെറുതായ ഒന്നാണ് ഇപ്പോൾ സംഭവിച്ചത്. അപ്പോൾ ഇതിൽനിന്ന് പാഠങ്ങൾ പഠിച്ചാൽ വലിയ ദുരന്തങ്ങൾ വരുമ്പോഴേക്കും നമുക്ക് കൂടുതൽ തയ്യാറായിരിക്കാം.

ഓരോ ദിവസവും നമ്മുടെ തീരത്തുനിന്ന് എത്രപേർ കടലിൽ പോകുന്നു എന്നതിന് ഒരു കണക്കില്ല. ഇന്ത്യൻ മെറ്റീരിയോളജി ഡിപ്പാർട്ട്മെന്റ് (ഐ.എം.ഡി) ഉൾപ്പെടെയുള്ളവർ കാലാവസ്ഥാപ്രവചനം നടത്തുന്നുണ്ടെങ്കിലും അത് താഴേത്തട്ടിലേക്ക്, ജനങ്ങളിലേക്ക് എത്തുന്നില്ല. കടലിൽ പോകുന്ന ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾക്കും ഒരു സുരക്ഷാ സംവിധാനവും ഇല്ല. ചെറുവള്ളങ്ങളിൽ കടലിൽ പോകുന്നവരുടേത് ജീവൻ വെച്ചുള്ള കൈവിട്ട ഒരു കളിയാണ്. സുനാമിയോ കൊടുങ്കാറ്റോ, എന്തിന് വീട്ടിൽ ആർക്കെങ്കിലും ഒരു അത്യാഹിതം സംഭവിച്ചാൽപോലും അവരെ അറിയിക്കാൻ ഒരു മാർഗവുമില്ല. മാത്രമല്ല ജീവിത സംന്ധാരണത്തിനായി കടലിൽ പോകുന്നവർ എനിക്ക് ഒന്നും സംഭവിക്കില്ലാ എന്ന് കരുതി ലഭിക്കുന്ന മുന്നറിയിപ്പുകൾ പലപ്പോഴും അവഗണിക്കുകയുമാണ് പതിവ്.

മനുഷ്യന്റെ പൊതുവായ ഒരു സ്വഭാവമാണ് എല്ലാ നിർദേശങ്ങളും മറികടക്കുക എന്നത്. അതു കൊണ്ടാണ് വിശുദ്ധ വേദപുസ്തകം പറയുന്നത് (സദൃ 20:5), മനുഷ്യന്റെ ഹൃദയത്തിലെ ആലോചന ആഴമുള്ള വെള്ളം; വിവേകമുള്ള പുരുഷനോ അതു കോരി എടുക്കും. സ്വന്തം ഹൃദയത്തിലെ ആലോചനക്ക് അനുസൃതമായി മുന്നറിയിപ്പുകൾ അവഗണിച്ചാൽ കനത്തവില നല്കേണ്ടതായി വരാം. അതാണ് നാം ഓഖി ദുരന്തത്തിൽ കണ്ടതും. ഇത് നമുക്ക് എല്ലാവർക്കും ഒരു പാഠമാണ്. എത്രയോ മുന്നറിയിപ്പുകളാണ് നാം ഒരോരുത്തരും അവഗണിക്കുന്നത്. മനുഷ്യന്റെ എല്ലാം പ്രശ്നങ്ങളുടെയും തുടക്കം ഏദെൻ തോട്ടത്തിൽ നിന്നാണ്. ദൈവം നല്കിയ മുന്നറിയിപ്പിനെ അവഗണിച്ച് മനുഷ്യൻ പാപം ചെയ്തു. അതിന് വലിയ വില കൊടുക്കേണ്ടി വന്നു എന്ന താണ് സത്യം. പിന്നീടിങ്ങോട്ട് വേദപുസ്തക ചരിത്രത്തിൽ ദൈവം പ്രവാചകന്മാരിലൂടെ കൊടുത്ത പല മുന്നറിയിപ്പുകളും മനുഷ്യൻ അവഗണിച്ചു. നോഹയുടെ കാലത്ത് സംഭവിക്കുവാൻ പോകുന്ന വലിയ ജലപ്രളയത്തെ ആ കാലഘട്ടത്തിലെ ജനം മുഴുവൻ അവഗണിച്ചു, പരിണിത ഫലമോ സ്വന്തം ജീവൻ അതിന് പകരം കൊടുക്കേണ്ടി വന്നു. ഇത് നമുക്ക് ഒരു ദൃഷ്ടാന്തമാണ്.

സഭയുടെ പ്രത്യാശയായ അരുമ നാഥനായ കർത്താവ് വരുവാനുള്ള സമയം ഏറ്റവും അടുത്തിരിക്കുന്നു എന്ന് ലോകസംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ ഒലിവുമല പ്രഭാഷണത്തിൽ പറഞ്ഞതെല്ലാം നിറവേറുന്നു. ഇത് ഏവർക്കും ഉള്ള ഒരു വലിയ മുന്നറിയിപ്പാണ്. അത് അവഗണിച്ചാൽ, വലിയ വില കൊടുക്കേണ്ടി വരും എന്ന് നാം വിസ്മരിച്ച് പോകരുത്

**പബ്ലിഷർ എഴുതുന്നു**

# നിഗളം അഥവാ ഞാൻ എന്ന ഭാവം



പാസ്റ്റർ പി. ജി. മാത്യൂസ്

എല്ലാ രംഗത്തും ദൃശ്യമാകുന്ന ഒരു സ്വഭാവമാണ് നിഗളം. സ്വയം പുകഴ്ച, ധാർഷ്ട്യം, സ്വാഭിമാനം, ഞാനെന്ന ഭാവം എന്നൊക്കെ ഇതിനു പറയാം. യഹോവേ, എന്റെ ഹൃദയം ഗർവിച്ചിരിക്കുന്നില്ല; ഞാൻ നിഗളിച്ചു നടക്കുന്നുമില്ല. എന്ന് ഭക്തൻ വിനയത്തോടെ പാടിയിട്ടുണ്ടല്ലോ. ഊസീയാരാജാവിന്റെ നിഗളത്തെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ടല്ലോ. നെബൂക്കദ്നേസറിന്റെ അഹങ്കാരത്തെക്കുറിച്ച് നാം പല പ്രസംഗങ്ങളും കേട്ടിട്ടുണ്ട്. നമുക്കറിയാം. ഹാമാൻ, ഫറവോൻ തുടങ്ങിയവർ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും ഫലം അനുഭവിച്ചത് നാം എത്രയോ തവണ കേട്ടുകഴിഞ്ഞു! നയമാനും ബൽശ്ശസ്സറുമൊക്കെ മിടുക്കന്മാരായിരുന്നു. പക്ഷേ, അവർക്കു നിഗളത്തെ അടിച്ചമർത്തി, നല്ലൊരു ജീവിതം നയിക്കാനായില്ല. അനുസരിച്ചപ്പോൾ, നയമാനു സൗഖ്യം വന്നതും ഇവിടെ വിസ്മരിക്കുന്നില്ല.

നിഗളത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്കു മറക്കാനാവാത്ത സംഭവം ലൂസിഫറിന്റെ വീഴ്ചയാണ്. എത്ര ഉയരത്തിൽനിന്നു വീഴുന്നോ, അതിന്റെ പ്രത്യാഘാതം അത്രവലുതായിരിക്കും. അത്യുന്നതനോടു സമനാകും എന്നു ചിന്തിക്കാത്തവിധം ഉയരത്തിലായിരുന്നു ലൂസിഫർ. പക്ഷേ അത്രതന്നെ ആഴം അവന്റെ വീഴ്ചയ്ക്കും ഉണ്ടായി. ആദാമ്യരക്തം സിരകളിലോടുന്ന മനുഷ്യവർഗ്ഗത്തിന് പരമ്പരാഗതമായിക്കിട്ടിയ പ്രകൃതത്തിന്റെ ഫലമായി നിഗളവും മനുഷ്യരിൽ പ്രവേശിച്ചു. കൊച്ചുകുട്ടികളിൽപ്പോലും പാപത്തിന്റെ അധീശത്വമുണ്ട്. ചെറുപ്രായത്തിൽ ത്തന്നെ നിഗളവും അസൂയയും അവരുടെ ഭാവങ്ങളിൽ കണ്ടുവന്നു. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.

നിഗളത്തിന്റെ ഒരു വകഭേദമാണ് പൊങ്ങച്ചം എന്ന് ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞുവല്ലോ. ഒരിക്കൽ ഞാൻ ഒരു കൺവൻഷനു പ്രസംഗിക്കാൻ പോയതോർക്കുന്നു. സമയംപോയി, അല്പംകൂടി സ്പീഡിൽ വണ്ടി വിടണമെന്ന് ഓട്ടോ ഡ്രൈവറോട് ആവശ്യപ്പെട്ടു. കല്ലിശേരി ജംഗ്ഷനിൽ ബസിറങ്ങി, ഓതറയിലേക്ക് ഓട്ടോയിൽ പോകുകയാണ്. ചെങ്ങന്നൂർ ഓതറയിൽ ക്രൈസ്റ്റസിങ്ങേഴ്സ് ഡയറക്ടർ ആയ പാസ്റ്റർ പി.എസ്. രാജൻ സംഘടിപ്പിച്ച ഒരു കൺവൻഷനിൽ ശുശ്രൂഷിക്കുകയാണു ലക്ഷ്യം. സമയത്തെക്കുറിച്ച് വീണ്ടും ഞാൻ അസ്വസ്ഥനായപ്പോൾ, ഓട്ടോ ഡ്രൈവർ എനിക്കൊരു ഉപദേശം തന്നു. "സാറേ, പ്രസംഗങ്ങൾ അല്പം താമസിച്ചേ സ്റ്റേജിൽ ചെല്ലാവൂ. അതാണു ഗമ." ഞങ്ങൾ അങ്ങനെയുള്ള പ്രസംഗകരല്ലെന്നും, കഴിവതും മുൻകൂട്ടിച്ചെന്ന്, അല്പസമയം ദൈവസന്നിധിയിൽ പ്രാർത്ഥിച്ചിട്ടു പ്രസംഗിക്കുന്നതാണു നല്ലതെന്നും പറഞ്ഞ്, ഹൈന്ദവനായ ഓട്ടോ ഡ്രൈവറെ ഞാൻ ബോധവൽക്കരിച്ചു. താമസിച്ചു ചെല്ലുകയും യോഗസ്ഥലങ്ങളിൽ ഗമ കാണിക്കുകയും ചെയ്യുന്ന നേതാക്കളും പ്രസംഗകരുമൊക്കെയുണ്ട്. യോഗങ്ങൾ ക്രമീകരിക്കുന്ന ചില സംഘാടകർക്കും ഈ മനോഭാവമുണ്ട്. പ്രാർത്ഥനയും പാട്ടുമൊക്കെ കഴിഞ്ഞിട്ടേ സ്റ്റേജിൽ ചെല്ലാവൂ എന്നു നിർബന്ധം പിടിച്ച സംഘാടകരുടെ ശാഠ്യം നിമിത്തം, സ്റ്റേജിനു പിന്നിൽ, ഒരു കാറിൽ എന്നെ വളരെ സമയം ഇരുത്തിയതോർക്കുന്നു. യോഗം പിരിയുവാൻ സമയം ബാക്കിയുള്ളപ്പോൾതന്നെ, സ്റ്റേജിനടുത്തു പാർക്ക് ചെയ്ത കാറിൽ, പ്രസംഗകൻ അകമ്പടിയോടുകൂടി ചീറിപ്പാഞ്ഞ്, ഏതോ രഹസ്യസങ്കേതത്തിൽ ഒളിക്കുന്നതും ഒരുതരം പൊങ്ങച്ചമാണ്.

ചെറിയ പ്രവാചകനായ ഹോശേയ, യിസ്രായേൽ ജനതയെ വിവേചിച്ചപ്പോൾ, എഫ്രയീമിന്റെ അഹങ്കാരം അവന്റെ മുഖത്തു നിഴലിക്കുന്നു എന്നു കണ്ടെത്തി. മനുഷ്യമനസ്സുകൾക്ക് ദൈവസന്നിധിയിൽ താഴ്ത്തുമ്പോഴാണ് മനുഷ്യനു മാനസാന്തരമുണ്ടാകുന്നത്. എന്തു കൊണ്ട് ലോകത്തിലെ മനുഷ്യരിൽ ഭൂരിഭാഗവും രക്ഷിക്കപ്പെടുന്നില്ല? സ്വാഭാവികമായ ഒരു അഹങ്കാരം മനുഷ്യരിൽ ഒളിഞ്ഞിരിക്കുന്നതുകൊണ്ടാണ്. മനുഷ്യരിൽ പ്രവേശിച്ച ആദ്യപാപം അഹങ്കാരമാണ്. നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയെന്ന് 1 തിമോ.3:6 ലും പറഞ്ഞിരിക്കുന്നു. പിശാചിനു ശിക്ഷ ലഭിച്ചതിനെക്കുറിച്ചാണിതു തെളിയിക്കുന്നത്. നിഗളത്തിനും പൊങ്ങച്ചത്തിനുമൊക്കെ ശിക്ഷയുണ്ട്. ഇത് ഉറപ്പായ കാര്യമായതിനാൽ, തിരികെ വരാനുള്ള അവസരം ഈ സന്ദേശം വായിക്കുന്ന നിങ്ങൾക്കു ദൈവം ഇന്നു നൽകുകയാണ്. അല്ലെങ്കിൽ വലിയ വീഴ്ചയുണ്ടാകും. അരുണോദയപുത്രൻ വെട്ടേറ്റു നിലത്തു വീണതുപോലെ തന്നെ. വീഴ്ചയ്ക്കു മുമ്പു ഗർവം എന്ന് തിരുവചനം മുന്നറിയിപ്പു നൽകുന്നു. വീഴുന്നിനുമുമ്പ്, സകല നിഗളങ്ങളും മാറ്റി അനുതപിച്ച്, നമുക്കു ദൈവസന്നിധിലേക്കു നമ്മെത്തന്നെ വിധേയപ്പെടുത്താം. ദൈവത്തിന്റെ സന്ദേശം കേട്ടിട്ടും ഒരു രൂപാന്തരം വരുന്നില്ലെങ്കിൽ, നമ്മുടെ സമർപ്പണമനോഭാവത്തിന്റെ മേൽ അധികാരം പുലർത്തുന്ന നിഗളത്തിന്റെ ശക്തിയാണ് അതു കാണിക്കുന്നത്.

Meackness is nto weakness എന്നൊരു ചൊല്ലുണ്ട്. സൗമ്യത ബലഹീനതയല്ല. സൗമ്യത ഏറ്റവും ശക്തിയുള്ള ഒരു സ്വഭാവവിശേഷമാണ്. ശത്രുവിനെ തകർക്കുവാൻ എത്ര ശക്തിയേറിയ ആയുധങ്ങളും ഉണ്ടാക്കുവാൻ നമുക്കു കഴിഞ്ഞേക്കാം. എന്നാൽ നമ്മെ വലിയവനാക്കുവാനുള്ള ഏറ്റവും ശക്തിയുള്ള ആയുധം സൗമ്യതയാണ്. നിന്റെ

(ശേഷം പേജ് 11)

# അവകാശവാദങ്ങളുയർത്തുന്ന യെരുശലേം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

വീണ്ടും ഒരു പ്രവശ്യം കൂടെ യരുശലേം നഗരം വാർത്തകളിൽ നിറയുകയാണ് അമേരിക്കൻ പ്രസിഡന്റെ ഡൊണാൾഡ് ട്രംപ് ഇസ്രയേലിന്റെ തലസ്ഥാനം യരുശലേമായി അംഗീകരിക്കുന്ന തീരുമാനം പ്രഖ്യാപിച്ചതാണ് അതിന് വിഷയിഭവിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ഏകദൈവവിശ്വാസികളായ മൂന്ന് മതങ്ങൾക്കും യെരുശലേം വിശുദ്ധ നഗരമാണ്: ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും മതപരമായി നിർണായക പ്രാധാന്യമുള്ള സ്ഥലങ്ങൾ അവിടെയുണ്ട്. അവിടെ താമസിക്കുന്നവർ നൂറ്റാണ്ടുകളായി ഈ സ്ഥലത്തിന്റെ ആധിപത്യത്തിനായി പോരാടിക്കൊണ്ടിരിക്കുകയാണ്.

റോമക്കാർ, കുരിശുയുദ്ധക്കാർ, ഓട്ടോമാന്മാർ, ബ്രിട്ടീഷ് സാമ്രാജ്യം എന്നിവർ നടത്തിയ തേരോട്ടങ്ങൾക്ക് പുറമെ ആധുനിക രാജ്യങ്ങളായ യിസ്രായേലും അറബ് അയൽക്കാരും യെരുശലേം ആക്രമിച്ചിട്ടുണ്ട്. രാജ്യത്തിന്റെ ശാശ്വതവും അവിഭാജ്യവുമായ തലസ്ഥാനമാണ് യെരുശലേമെന്ന് ഇസ്രായേൽ സർക്കാർ കരുതുന്നു. അതു കൊണ്ട് യെരുശലേമിനെ തലസ്ഥാന നഗരമാക്കാനുള്ള ശ്രമത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. എന്നാൽ ഇതിന് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടില്ല. മാത്രമല്ല, യിസ്രയേൽ പാർലമെന്റ്, പ്രധാനമന്ത്രിയുടെ വസതി, സുപ്രീം കോടതി എല്ലാം സ്ഥിതി ചെയ്യുന്നതും ഈ നഗരത്തിലാണ്. യിസ്രയേലിനോട് സമാനഗതിയിൽ ശക്തമായ വികാരമാണ് പലസ്തീനുമുള്ളത്.

വരുവാനിരിക്കുന്ന പലസ്തീൻ രാജ്യത്തിന്റെ തലസ്ഥാനം കിഴക്കൻ യെരുശലേമായിരിക്കണമെന്ന് അവർ അവകാശവാദം ഉന്നയിക്കുന്നു. നഗരത്തിന് വ്യത്യസ്ത പേരുകളാണുള്ളത്. ജെറുസലെമെന്ന് ജൂതർ വിളിക്കുമ്പോൾ യെരുശലേം എന്നാണ് ക്രിസ്ത്യാനികൾ ഈ നഗരത്തെ വിശേഷിപ്പിക്കുത്. 'വിശുദ്ധ നഗരം' എന്ന് അർത്ഥം വരുന്ന അൽ ഖ്വദ്സ് എന്നാണ് അറബിയിലെ വിളിപ്പേര്. എന്നാൽ ഇപ്പോൾ പ്രശ്നത്തിൽ ഇടപെട്ടിരിക്കുന്ന രണ്ട് കക്ഷികൾക്കപ്പുറം പ്രാധാന്യം നഗരത്തിനുണ്ട്. ലോകത്തെമ്പാടുമുള്ള ജൂതർ ഹർ ഹാബായിത്ത് അല്ലെങ്കിൽ ടെമ്പിൽ മൗണ്ടെന്നും മുസ്ലീങ്ങൾ അൽഹരാം അൽഷെരീഫ് അഥവാ മഹത്തായ അഭയസ്ഥാനം എന്നും വിശേഷിപ്പിക്കുന്ന ഒരു കുന്ന് യെരുശലേമിന്റെ പഴയ നഗരത്തിന്റെ ഹൃദയത്തിലുണ്ട്. അവിടെയാണ് യഹൂദന്റെ സാമൂദായികമായ എറ്റവും വലിയ വികാരമായ അവരുടെ ആലയം സ്ഥിതി ചെയ്തിരുന്നത്.

ഇന്ന് അവിടെ അവരുടെ ആലയം ഇല്ല മഹാനായ ഹെരോദാവ് നിർമ്മിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന കെട്ടിടത്തിന്റെ അടിത്തറയുടെ സംരക്ഷണ ഭിത്തി മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. പടിഞ്ഞാറൻ ഭിത്തി എന്നറിയപ്പെടുന്ന ഇവിടം വിലാപമതിൽ എന്നും അറിയപ്പെടുന്നയിടം ജൂതന്മാരുടെ പ്രാർത്ഥനയ്ക്കുള്ള വിശുദ്ധയിടമാണ്. ഭിത്തിയുടെ ഏതാനും ചുവടുകളകലെ അഭിമുഖമായി രണ്ട് മുസ്ലീം പുണ്യസ്ഥലങ്ങളാണുള്ളത്. ഡോം ഓഫ് റോക്കും എട്ടാം നൂറ്റാണ്ടിൽ നിർമ്മിച്ച അൽഅക്വസ പള്ളിയും. മെക്കയ്ക്കും മദീനയ്ക്കും ശേഷം തങ്ങളുടെ മൂന്നാമത്തെ വിശുദ്ധ സ്ഥാനമായി മുസ്ലീങ്ങൾ ഈ സ്ഥലത്തെ കാണുന്നു. ഈ കാരണങ്ങളാണ് യെരുശലേമിനെ പ്രസിദ്ധമാക്കുന്നതും ജൂതരും മുസ്ലീങ്ങളും ഒരുപോലെ അവകാശവാദം ഉയർത്തുന്നതും.

എബ്രായ ബൈബിൾ പ്രകാരം യരുശലേമിലെ ഒന്നാം ദൈവാലയം നിർമ്മിച്ചത് ശലോമോനാൽ ബി. സി 957–ലാണ്. ആവർത്തന പുസ്തകം 12:2 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ ദൈവം മോശയോട് അവരുടെ ഇടയിൽ വസിക്കേണ്ടതിന് ഒരു തിരുനിവാസം ഉണ്ടാക്കുവാൻ കല്പിച്ചു. അങ്ങനെ മോശയുടെ നേതൃത്വത്തിൽ സിനായി മരുഭൂമിയിൽ സമാഗമന കൂടാരം ഉണ്ടാക്കുകയും പിന്നീട് ശലോമോന്റെ കാലഘട്ടത്തിൽ ആലയം പണിയുകയും ചെയ്തു.

എന്നാൽ യിസ്രയേലിന് നേരിടേണ്ടി വന്ന യുദ്ധങ്ങളിൽ ആദ്യം മിസ്രയിമ്യ ഫറവോൻ ഷെഷ്നോക്ക് ഒന്നാമൻ ശലോമോൻ നിർമ്മിച്ച ദൈവാലയം കൊള്ളയടിക്കുകയും ഭാഗീകമായി നശിപ്പിക്കുകയും ചെയ്തു. യഹൂദ രാജാവായ യഹോവാസ് തന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ ഇതിനെ പുനർ നിർമ്മിച്ചെങ്കിലും അശ്ശൂർ രാജാവായ സൻഹേരിബിനാൽ ബി. സി 853–ൽ വീണ്ടും കൊള്ളയടിക്കപ്പെട്ടു.

ഒന്നാം ദൈവാലയം പൂർണ്ണമായും തകർക്കപ്പെടുവാൻ ഇടയായത് ബാബിലോണ്യ രാജാവായ നെബുഖദ്നേസറിനാൽ ബി. സി 586–ലാണ് അന്ന് അവർ പ്രവാസികളായി മാറുകയും ചെയ്തു. എസ്രായുടെ പുസ്തകമനുസരിച്ച് ബാബിലോണ്യ പ്രവാസാനന്തരം യഹൂദന്റെ രണ്ടാം ദൈവാലയം കോരശിനാൽ പുതുക്കി പണിയുന്നതിനുള്ള കല്പന ലഭിക്കുയും പേർഷ്യൻ രാജാവായ ദാര്യാവേശിന്റെ വാഴ്ചയുടെ ആറാം വർഷം സെരുബാബേലിന്റെ നേതൃത്വത്തിൽ പണിത് ബിസി 515 മാർച്ച് 15–ാം തീയതി ആരാധനയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

ഒന്നാം ദൈവാലയത്തിൽ ഉണ്ടായിരുന്ന അതിപരിശുദ്ധ സ്ഥലത്തെ ഉപകരണങ്ങൾ രണ്ടാം ദൈവാലയത്തിൽ ഇല്ലായിരുന്നു. ആരാധന പുനസ്ഥാപിച്ച് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അല്പകാലങ്ങൾ ജൂതർക്ക് കിട്ടിയെങ്കിലും, പിന്നിട് വന്ന ദിനങ്ങൾ ജുതർക്ക് സന്തോഷം പ്രധാനം ചെയ്യുന്ന സമാധാനത്തിന്റേത് ആയിരുന്നില്ല. പാനിയം യുദ്ധത്തിൽ അന്തിയോക്കസ് മൂന്നാമനാൽ ബിസി 198–ൽ യെരുശലേം ഭരിച്ചിരുന്ന ടോളമിയർ തോല്പിക്കപ്പെട്ടു. അന്നുവരെ യഹൂദർ അനുഭവിച്ച അവരുടെ മതസ്വാതന്ത്ര്യം നഷ്ടമാകുകയും പിന്നീട് ഭരണത്തിലേറിയ സെലുക്ക്യർ യഹൂദ ജനതയെ പുരാതന ഗ്രീക്ക് സംസ്കാരം (helleniz ation) പകർത്തുവാൻ നിർബന്ധിക്കുകയും ചെയ്തു. ഇത് യഹൂദയിൽ വലിയ കലാപങ്ങൾക്കും രൂക്ഷമായ രക്തച്ചൊരിച്ചിലുകൾക്കും വഴി തെളിച്ചു. അങ്ങനെ ഗറില്ലാ യുദ്ധമുറകളിലൂടെ യരുശലേമിന്റെയും, ആലയത്തിന്റെയും സംരക്ഷണത്തിനായുള്ള യുദ്ധം യൂദാസ് മക്കാബിയും അദ്ദേഹത്തിന്റെ പുത്രന്മാരും നയിക്കുമ്പോൾ യെരുശലേം അടക്കമുള്ള ലോകം റോമിന്റെ കീഴിലമർന്ന് റോമാ ചക്രവർത്തിമാർ ഭരണം ആരംഭിച്ചു.

റോമാ ചക്രവർത്തിയായ പോംപി ദൈവാലയത്തിന്റെ അതിപരിശുദ്ധ സ്ഥലത്ത് പ്രവേശിക്കുകയും ബിസി 54–ൽ ക്രാസ്സസിനാൽ ദൈവാലയ ഖജനാവ് കൊള്ളയടിക്കുകയും ചെയ്തു. പാർത്തിയായിക്കെതിരായ കർഹെ യുദ്ധത്തിൽ ക്രാസസ്സ് കൊല്ലപ്പെട്ടു എന്ന വാർത്ത യഹൂദന്മാർ അറിഞ്ഞപ്പോൾ വീണ്ടും കലാപം ആരംഭിച്ചു ആ കലാപം 42 ബിസി വരെ നീണ്ടു നിന്നു. പിന്നീട് അലപകാലം സമാധാനത്തിന്റേത് ആയിരുന്നു ഗലീല ഗവർണറായിരുന്ന ഹേരോദാവ് ബിസി 20–ൽ ആലയം പുതിക്കി പണിത് ആരാധനയ്ക്കായി സമർപ്പിച്ചു ആ ആലയത്തെ ഹേരോദാവിന്റെ ദൈവാലയം എന്നറിയപ്പെട്ടു, ഈ ആലയമാണ് യേശുക്രിസ്തുവിന്റെ കാലത്ത് യരുശലേമിൽ നിലനിന്നിരുന്നത്.


യേശുക്രിസ്തുവിന്റെ ക്രൂശികരണ ശേഷം യരുശലേമിൽ എ. ഡി 66–ൽ റോമിനെതിരായ യഹൂദാ കലാപത്തെ അമർച്ച ചെയ്യുവാൻ എത്തിയ റോമൻ സൈന്യാധിപൻ ടൈറ്റസിന്റെ ആക്രമണത്തിൽ എ. ഡി 70–ൽ കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതെ നശിപ്പിക്കപ്പെട്ടു. ദൈവാലയത്തിലെ ഏഴു കവരമുള്ള നിലവിളക്കടക്കം വിശുദ്ധമായ പല ഉപകരണങ്ങളും റോമാക്കാർ കൊള്ളയടിച്ച് കൊണ്ട് ഇന്നത്തെ വത്തിക്കാനിൽ കൊണ്ടു പോയി സൂക്ഷിക്കുകയും ചെയ്തു. യരുശലേം നഗരം തകരുകയും എഡി 132 മുതൽ 135 വരെ നടന്ന ബാർക്കോവാ വിപ്ലത്തിനിടയിൽ സൈമൺ ബാർക്കോവാ യഹൂദാ റബ്ബിയായ അക്കീവയും ആലയം പുനർ നിർമ്മിക്കാൻ ആഗ്രഹിച്ചെങ്കിലും റോമാ ചക്രവർത്തി യഹൂദൻ പാലസ്തിനിൽ പ്രവേശിക്കരുതെന്ന കല്പന പുറപ്പെടുവിച്ചിരുന്നതിനാൽ അതിന് സാധിക്കാതെ പോയി. ബർ കൊക്ക്ബയുടെ നേതൃത്വത്തിൽ എ.ഡി.134–ൽ നടന്ന വിപ്ലവം ഹർഡിയൻ കൈസറാൽ അടിച്ചമർത്തപ്പെട്ടു. പട്ടണത്തിൽ ശേഷിച്ചിരുന്നവയെ ഇടിച്ചു നിലംപരിചാക്കി പട്ടണത്തിന്റെ അടിസ്ഥാനങ്ങളെ ഉഴുതു മറിച്ചു.

യെഹൂദനെ എന്നന്നേക്കുമായി യെരുശലേമിന്റെ മണ്ണിൽ നിന്ന് പുറത്താക്കാൻ റോമാഗവണ്മെൻറ് തീരുമാനിച്ചു. അങ്ങനെ രണ്ടാം നൂറ്റാണ്ടിൽ യഹൂദന്മാർ യെരുശലേമിൽ നിന്ന് പുറത്തു പോകേണ്ടിവന്നു. യെരുശലേമിൽ യെഹൂദന് ഒരു അവകാശവുമില്ല എന്ന് സ്ഥാപിക്കുവാൻ വേണ്ടി യെരുശലേമിന്റെ പേര് ഐലിയ കപ്പിത്തോളിനാ (Aelia Capitolina) എന്ന് മാറ്റി. േ യെഹൂദന് പിറന്ന നാട് ഉപേക്ഷിച്ചു പോകേണ്ട ഗതികേട് വന്നു. അല്പകാലത്തിനു ശേഷം യെഹൂദന് യെരുശലേമിലേക്ക് പ്രവേശനാനുമതി റോമാ കൈസർ നല്കി കൊടുത്തു, എ. ഡി 363–ൽ റോമൻ ചക്രവർത്തിയായ ജൂലിയൻ ആൽഫിയാസ് അന്തിയോക്കിനോട് യഹൂദന് ആലയം നിർമ്മിച്ച് കൊടുക്കുവാൻ കല്പന കൊടുത്തു. ആലയം പണിയുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവെങ്കിലും നിർഭാഗ്യവശാൽ ഗലീലയിൽ ഉണ്ടായ അഗ്നിബാധയും ഭൂമിക്കുലുക്കവും നിമിത്തവും അത് സാധിക്കാതെ പോയി. അനാഥമായി തീർന്ന ആലയം സ്ഥിതി ചെയ്തിരുന്ന ടെമ്പിൾ മൗണ്ട് അടങ്ങിയ പഴയ യരുശലേം 7–ാം നൂറ്റാണ്ടിലെ മുസ്ലീം അധിനിവേശത്തെ തുടർന്ന് മുസ്ലീങ്ങളുടെ കൈവശമായി മാറി തുർക്കി സുൽത്താൻ ആ സ്ഥലം കയ്യടക്കി. ഉമ്മയാദ് ഭരണത്തിന്റെ അഞ്ചാം ഖലിഫായായ അബ്ദ് അൽ മാലിക്ക് ഇബ്ൻ മാർവാൻ യഹൂദന്റെ ആലയം നിന്ന സ്ഥലത്ത് ഡോം ഓഫ് ദി റോക്കും എഡി 691–ൽ അൽ അഖ്സ മോസ്കും പണിത് ആ സ്ഥലം പൂർണ്ണമായും അവരുടെ കൈവശമാക്കി തീർത്തു. ആ സ്ഥിതി തുടർന്നു വരവെ രാജ്യപുനസ്ഥാപനത്തിന് ആഗ്രഹിച്ചിരുന്ന യഹൂദന് ഒന്നും രണ്ടും ലോകമഹായുദ്ധവും ബാൽഫർ പ്രഖ്യാപനം വഴിയും യിസ്രയേലിലേക്ക് തിരിച്ചു വരുവാൻ അവസരം ഉണ്ടായി.

1948 മെയ് 15ന് യിസ്രയേൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിന് തൊട്ടു തലേന്ന് മെയ് 14–ാം തീയതി പഴയ യരുശലേമിലെ ടെമ്പിൾ മൗണ്ട് ട്രാൻസ് ജോർദ്ദാൻ കൈവശത്തിലാക്കി. 1967–ൽ നടന്ന ആറു ദിവസത്തെ യുദ്ധത്തിൽ യിസ്രയേൽ പഴയ യരുശലേം പിടിച്ചെടുത്തു എങ്കിലും വിശുദ്ധ ഭൂമി എന്ന് ഇരു കൂട്ടരും അവകാശം ഉന്നയിച്ചതിനാൽ ഐക്യരാഷ്ട്ര സഭ ഇടപെട്ടു. തുടർന്ന് ഐക്യരാഷ്ട്ര സഭയുടെ നീയമം 478 അനുസരിച്ച് ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു മോസ്കുക്കൾ ഈ കുന്നിൽ സ്ഥിതി ചെയ്യുന്നതിനാൽ ഈ സ്ഥലത്തെ ഐക്യരാഷ്ട്ര സഭയുടെ അധികാര പരിതിയിൽ കൊണ്ടു വന്ന് ജോർദ്ദാനിലെ മുസ്ലീം വഖഫ് ബോർഡിനെ ടെമ്പിൾ മൗണ്ടിന്റെ ഭരണം ഏല്പിച്ചിരിക്കുന്നു.

യരുശലേമിന്റെ നീയന്ത്രണം ഐക്യരാഷ്ട്ര സഭയക്കാകയാൽ അവിടെ നടപ്പിലാക്കുന്നത് അന്താരാഷ്ട്ര നിയമമാണ്. അതുകൊണ്ട് ആലയ പുനർനിർമ്മിതിക്കായി “ടെമ്പിൾ മൗണ്ട്”–ന്റെ അധികാരം പൂർണ്ണമായും യിസ്രായേലിനു കീഴിലേക്ക് കൊണ്ട് വരണം എന്നുള്ള വിഷയത്തെ കുറിച്ച് ഇസ്രയേൽ പാർലമെന്റിൽ ചർച്ച നടക്കുക്കുകയും ടെമ്പിൾ മൗണ്ട് അവർക്ക് പൂർണ്ണ സ്വാതന്ത്ര്യത്തോടെ ലഭിക്കുന്നതിനായി ഐക്യരാഷ്ട്ര സഭയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. സ്ഥിതിഗതികൾ ഇങ്ങനെ തുടരുകയും ആലയ നിർമ്മിതക്കോ ടെമ്പിൾ മൗണ്ടിന്റെ അവകാശത്തിനോ ഇതുവരെ അനുമതി ലഭിക്കാതെ ഇരിക്കുമ്പോഴാണ് അമേരിക്കൻ പ്രസിഡന്റ് യെരുശലേമിനെ യിസ്രയേലിന്റെ തലസ്ഥാനമായി അംഗീകരിക്കുന്നത്.

നഗരത്തിന് വ്യത്യസ്ത പേരുകളാണുള്ളത്. ജെറുസലെമെന്ന് ജൂതർ വിളിക്കുമ്പോൾ യെരുശലേം എന്നാണ് ക്രിസ്ത്യാനികൾ ഈ നഗരത്തെ വിശേഷിപ്പിക്കുത്. 'വിശുദ്ധ നഗരം' എന്ന് അർത്ഥം വരുന്ന അൽഖ്വദ്സ് എന്നാണ് അറബിയിലെ വിളിപ്പേര്. എന്നാൽ ഇപ്പോൾ പ്രശ്നത്തിൽ ഇടപെട്ടിരിക്കുന്ന രണ്ട് കക്ഷികൾക്കപ്പുറം പ്രാധാന്യം നഗരത്തിനുണ്ട്. ലോകത്തെമ്പാടുമുള്ള ജൂതർ ഹർ ഹാബായിത്ത് അല്ലെങ്കിൽ ടെമ്പിൽ മൗണ്ടെന്നും മുസ്ലീങ്ങൾ അൽഹരാം അൽഷെരീഫ് അഥവാ മഹത്തായ അഭയസ്ഥാനം എന്നും വിശേഷിപ്പിക്കുന്ന ഒരു കുന്ന് യെരുശലേമിന്റെ പഴയ നഗരത്തിന്റെ ഹൃദയത്തിലുണ്ട്. അവിടെയാണ് യഹൂദന്റെ സാമൂദായികമായ എറ്റവും വലിയ വികാരമായ അവരുടെ ആലയം സ്ഥിതി ചെയ്തിരുന്നത്.



# ത്രിയേക ദൈവം



സ്കറിയ ഡി. വർഗീസ്
Ph : 9809807752




ത്രിത്വം ത്രിയേകത്വം എന്നീ പദങ്ങൾ ഒന്നും തന്നെ വിശുദ്ധ ബൈബിളിൽ ഒരിടത്തും പരാമർശിച്ചിട്ടില്ല എന്നതു വസ്തുതയാണ്. എന്നാൽ ദൈവം ത്രിയേകനാണ് എന്ന മർമ്മം ദൈവവചനത്തിൽ ആദിയോടന്തം വ്യക്തമാക്കിയിരിക്കുന്നു. ഈ സത്യം നിഷേധിച്ചാൽ അനേകം തിരുവചന സത്യങ്ങൾ ദുർഗ്രാഹ്യവും അർത്ഥ ശൂന്യവും ആകും.

ബൈബിൾ വെളിപ്പെടുത്തുന്ന മഹാദൈവം സർവ്വ സമ്പൂർണ്ണനാണ്. അഥവാ തന്നിൽ തന്നെ പൂർണ്ണത ഉള്ളവനാണ്. പുരാതന ഹൈന്ദവ ധർമ്മപ്രകാരം "ദൈവം നിർഗുണപരബ്രഹ്മം" ആണ്. അതായത് എന്തു ചെയ്താലും യാതൊരു ഭാവ പകർച്ചയോ വ്യത്യാസമോ ഇല്ലാതെ ഇരിക്കുന്നവൻ എന്ന് അർത്ഥം. എന്നാൽ തിരുവെഴുത്ത് ഇങ്ങനെ ഒരു ദൈവത്തെ അല്ല വെളിപ്പെടുത്തുന്നത്. അവിടുന്ന് തന്നിൽ തന്നെ പൂർണ്ണനാകയാൽ ദൈവത്തിന് യാതൊരുവിധ ആവശ്യങ്ങളും ഇല്ല എന്നാൽ അവിടുത്തേക്ക് ആഗ്രഹങ്ങൾ ഉണ്ട്. ദൈവഹൃദയത്തിലെ പ്രധാന ആഗ്രഹം നാം ദൈവത്തെ സ്നേഹിക്കേണം എന്നതാണ്. മനുഷ്യ സൃഷ്ടിയിലെ പ്രധാനദൈവോദ്ദേശ്യം തന്നെ ദൈവത്തോടുള്ള ഹൃദ്യമായ സ്നേഹ കൂട്ടായ്മ ആണ്. ഈ സ്നേഹബന്ധം നിഷേധിക്കപ്പെടുമ്പോഴെല്ലാം ദൈവഹൃദയത്തിൽ ദുഃഖം ഉളവാകുന്നതായി തിരുവചനത്തിൽ കാണുവാൻ കഴിയും. (ലൂക്കൊ.19:41, മത്താ. 23:37, ഹോശ.11:8, യിരെ.13:11, 15-19, 1ശമു.15:35) സന്തോഷവും അങ്ങനെ തന്നെ "മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും" (യെശ.62:5).

യാതൊന്നും സൃഷ്ടിക്കപ്പെടും മുൻപേ പൂർവ്വകാല നിത്യതയിൽ ദൈവത്തിന് എങ്ങനെ "സ്നേഹകൂട്ടായ്മയുടെ" സന്തോഷം ലഭിച്ചു? അന്ന് ദൈവത്തിന് ഏകാന്തത അനുഭവപ്പെട്ടുവോ? ദൈവത്തിന് എന്തെങ്കിലും ആഗ്രഹങ്ങൾ ഉണ്ട് എങ്കിൽ അത് നിവർത്തിക്കുവാനുള്ള പൂർണ്ണതയും അവിടുത്തെ ആളത്വത്തിൽ തന്നെ ഉണ്ട്. അനാദിയിൽ ത്രിയേക ദൈവത്തിലെ മൂന്ന് ആളത്വങ്ങളും അന്യോന്യമുള്ള സ്നേഹകൂട്ടായ്മയുടെ ഹൃദ്യമായ ഭാവത്തിൽ തന്നിൽ തന്നെ സർവ്വ സമ്പൂർണ്ണനായി നിന്നിരുന്നു. ദൈവം സ്നേഹം തന്നെ എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തുന്നു (1യോഹ.4:8) സ്നേഹം ഒരു ചലനാത്മക പ്രകൃതമാണ്. അതായത് സ്നേഹം പകരപ്പെടുകയും ചെയ്യേണ്ടതാണ്. ഒരു നദിയിലേക്കു തോടുകൾ വന്നു ചേരുകയും അത് സമുദ്രത്തിലേക്ക് ഒഴുകുകയും ചെയ്തെങ്കിൽ മാത്രമേ അതിനെ നദി എന്ന് പറയാൻ പറ്റുകയുള്ളല്ലോ. അതുപോലെ തന്നെയാണ് സ്നേഹവും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ഹൃദയങ്ങൾ ഇല്ല എങ്കിൽ സ്നേഹം അപ്രസക്തമാണ്. ആയതിനാൽ തിരുവെഴുത്ത് വെളിപ്പെടുത്തുന്ന ഗുണവിശേഷങ്ങളോടു കൂടിയ ദൈവം സർവ്വത്തിലും പൂർണ്ണനായിരിക്കണം എങ്കിൽ ആ ദൈവത്തിൽ തീർച്ചയായും ആളത്വബഹുത്വം ഉണ്ടായിരിക്കേണം.

ത്രിയേക ദൈവത്തിൽ "നിലനിൽപ്പിൽ ഒരുമിച്ചും ശുശ്രൂഷകളിൽ തികച്ചും സ്വതന്ത്രരുമായ മൂന്ന് ആളത്വങ്ങൾ ഒന്നായി ചേർന്ന് നിലകൊള്ളുന്നു യേശു ക്രിസ്തുവിന്റെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക" "എന്നെ കണ്ടവർ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ.14:9) "ഞാൻ പിതാവിലും പിതാവ് എന്നിലുമാകുന്നു" (യോഹ.14:10,11) "ഞാനും പിതാവും ഒന്നാകുന്നു" (യോഹ.10:30). ഇതു പോലെ തന്നെ, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവും നിലനിൽപ്പിൽ ഒരുമിച്ച് തന്നെയാണ്. "പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ എന്നാണ് പരിശുദ്ധാത്മാവിനെ പറ്റി കർത്താവ് വിശേഷിപ്പിച്ചത്. (യോഹ.14:26)." വെളിപ്പാട് 22:1 ൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് ജീവജല നദി ഒഴുകുന്നതായി കാണുന്നു. പ്രത്യേകം ശ്രദ്ധിക്കുക. ഈ ജീവജല നദി ഒഴുകുന്നത് സിംഹാസനത്തിന്റെ കീഴെ നിന്നല്ല സിംഹാസനത്തിൽ നിന്നുതന്നെയാണ്. യോഹന്നാൻ 7:37-39 വരെ ഭാഗത്ത് യേശു കർത്താവു തന്നെ പരിശുദ്ധാത്മാവിനെ ജീവ ജലനദിയായി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവ സിംഹാസനത്തിലും ത്രിയേകദൈവം മൂന്ന് ആളത്വങ്ങളോടും ചേർന്ന് ഒന്നായി വാഴുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ.


ത്രിയേക ദൈവത്വത്തിലെ മൂന്ന് ആളത്വങ്ങളും നിലനിൽപ്പിൽ ഒരുമിച്ചാണ് എങ്കിലും ശുശ്രൂഷകളിൽ തികച്ചും സ്വതന്ത്രരാണ്. എല്ലാവിധ ശുശ്രൂഷകളിലും മൂന്ന് ആളത്വങ്ങളും അവരവരുടെതായ പങ്ക് വഹിക്കുന്നു. ആയതിനാൽ തന്നെ രക്ഷാപദ്ധതി ഒരുക്കുന്നതിലും മൂന്ന് ആളത്വങ്ങളും അവരവരുടെതായ പങ്ക് നിർവ്വഹിച്ചു. രക്ഷക്കായി പുത്രനെ പിതാവ് അയച്ചു (യോഹ.10:36). ഈ അർത്ഥത്തിലാണ് എബ്രായ ലേഖകൻ യേശുവിനെ 'അപ്പോസ്തലൻ' എന്ന് വിളിച്ചിരിക്കുന്നത്. 'യേശു നിത്യാത്മാവിനാൽ ദൈവത്തിനു തന്നത്താൻ നിഷ്കളങ്കനായി അർപ്പിച്ചു' (എബ്രാ.9:14). പിതാവ് തന്നെ ഏൽപ്പിച്ചതെല്ലാം പുത്രൻ ചെയ്തത് പരിശുദ്ധാത്മാവിലാണ് (മത്താ.12:28).

ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പിതാവ് ആകർഷിക്കുകയും (യോഹ.6:44) പരിശുദ്ധാത്മാവ് പാപത്തെ പറ്റിയും നീതിയെ പറ്റിയും വരുവാൻ പോകുന്ന ന്യായവിധിയെപ്പറ്റിയും ബോധം വരുത്തുകയും യേശുവിനെക്കുറിച്ച് സാക്ഷീകരിക്കുകയും ചെയ്യുന്നു. നീതീകരണം, ന്യായവിധി എന്നിവയുടെ കാര്യവും ഇങ്ങനെ തന്നെ. (യോഹ.16:8, 5:22, 15:26,27). ന്യായവിധിയെപ്പറ്റി മുന്നറിയിപ്പു നൽകുന്നതിനാൽ പരിശുദ്ധാത്മാവും ന്യായവിധിയിൽ മുഖ്യപങ്ക് വഹിക്കുന്നു.

പ്രാർത്ഥന എന്ന ശുശ്രൂഷയിലും അവണ്ണം തന്നെ. "പിതാവിനോട് പുത്രന്റെ നാമത്തിൽ പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുക എ (ശേഷം പേജ് 5)



അലകസ് പൊൻവേലിൽ
ബെംഗളൂരു



# മാനസാന്തരപെടുകയോ അതോ നശിച്ചുപോകയോ ?

അല്ലല്ല 'മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും 'ആയിരം ആയിരമായി തിങ്ങിക്കൂടിയ ജനസമൂഹത്തോട് സംവാദിക്കുന്ന വേളയിൽ അവരുടെ സമൂഹത്തിൽ നടന്ന ഒരു ദുരന്തവിവരണത്തിന് പ്രതിയുത്തരമായി യേശുക്രിസ്തു പറഞ്ഞവാക്കുകൾ ആണിത്. ഗലീലയിൽ പീലാത്തോസ് ചില ഗലീലക്കാരുടെ ചോര അവരുടെ യാഗങ്ങളോടു കലർത്തുകയും ശീലോഹാമിൽ ഗോപുരം വീണു 18 പേർ മരിച്ചു എന്നതുമായിരുന്നു ആ ദുരന്ത വാർത്ത,

ഇത് പറയാൻ അവരെ പ്രേരിപ്പിച്ച ഘടകം എന്തായിരിക്കും കാലങ്ങളെ വിവേചിക്കണം, നിങ്ങളെ തന്നേ സ്വയം വിവേചിക്കണം, നിത്യ ദണ്ഡനത്തിന് ഏൽപ്പിക്കാൻ അധികാരമുള്ളവനുമായ് നിരന്നു (മാനസാന്തരപ്പെട്ടു) കൊള്ളണം എന്നസന്ദേശത്തിനിടയിൽ ആണ് ഈ ദുരന്തകാര്യം അവർ അവതരിപ്പിക്കുന്നത്. ആകെക്കൂടെ അവരുടെ ചിന്തയിൽ ഉണ്ടായിരുന്നത് ഇഹലോകജീവിതം മാത്രം ആയിരുന്നു, യേശു ആ നിലപാട് തിരുത്തുകയാണിവിടെ. ദുരന്തമരണമോ സ്വഭാവീകമരണമോ സംഭവിച്ചാലും മാനസാന്തരം സംഭവിക്കുന്നില്ലഎങ്കിൽ നിത്യനാശം ഉറപ്പാണ്. ദുരന്തമരണം സംഭവിച്ച ഗലീല്യരെയോ, ശീലോഹാമ്യരെയൊ മോശക്കാരായ് കാണാൻ കഴിയില്ല. മാനസാന്തരം കൂടാതെ ഇരിക്കുന്ന എല്ലാവരും തുല്യരാണ്, ഒരേശിക്ഷാർഹരാണ്

**എന്താണ് മാനസാന്തരം ?**

ചെയ്ത തെറ്റിനെ ഓർത്തുള്ള മനസ്സാക്ഷിക്കുത്തും, (പശ്ചാത്താപം, അനുതാപം). അതു നിമിത്തം ദൈവത്തിങ്കലേക്കു തിരിയുന്നതും ആണ് മാനസാന്തരം. തിരുവചനത്തിലൂടെ നീളം ഇതിനായുള്ള ആഹ്വാനം കാണാം. ആദ്യ ദമ്പതികളിലും അവരുടെ സന്താനമായിരുന്ന കായിനിനോടും ദൈവം നേരിട്ട് ഇടപെടുന്നതു തുടങ്ങി ഒടുവിലത്തെ പുസ്തകം ആയ വെളിപ്പാടു പുസ്തകത്തിൽ ഏഴു സഭകളോടു. പിന്നീട് പൊതുവായ മാനസാന്തര ആഹ്വാനത്തോട് തിരുവചനത്തിന്റെ താളുകൾ അവസാനിക്കുന്നു (ഉൽപത്തി 3:11, 4:7 വെളിപ്പാട് 2 :6,15,22:19) എബ്രായ പദത്തിൽ റ്റെഷുബാ (ഠലവൌയമവ) മടങ്ങിവരവ് (Returning to the destiny) എന്നർത്ഥം. ദൈവം ആദമിനോട് ആവശ്യപ്പെടുന്നതു പോലെ ഞാൻ എവിടെ നിന്നെ ആക്കിവെച്ചിരിക്കുന്നുവോ അവിടേക്ക് മടങ്ങിവരിക. പുതിയനിയമത്തിൽ മെറ്റാനോയിയ (Metanoia)എന്ന പദം ആണ് ഉപയോഗിച്ചിരിക്കുന്നത് മെറ്റാ എന്നാൽ ശേഷം, അപ്പുറം എന്നും (Noia) ചിന്തകൾ, മനസ്സ് (നിന്റെ ചിന്താധാരകൾക്കപ്പുറം), ഒരുവൻ എന്തു ചിന്തിക്കുന്നുവോ അതാണ് അയാൾ അതിനൊരു മാറ്റം, ലോകവും സ്വയവും ജഡവും ഒക്കെ കയ്യടിക്കിവെച്ചിരിക്കുന്ന നമ്മുടെ ചിന്താധാരക്ക് ഒരു സമൂല മാറ്റം അതാണ് പുതിയ നീയമത്തിൽ മാനസാന്തരം കൊണ്ടർത്ഥമാക്കുന്നത്.

അതായത് പഴയനീയമകാല ശേഷം ഞാൻ ചെയ്യുന്ന പുതിയ നീയമം എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കും ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും (യിരെമ്യാവ് 31 : 33) ദൈവീക ലക്ഷ്യത്തിൽ നിന്ന് മാറിയ മനസ്സിനേ അതിലേക്ക് മടക്കിവരുത്തുവാനുള്ള നമ്മുടെ തീരുമാനം, ഇതുവരെ ലോകവും പാപവും സ്വയവും അടക്കിവാണിരുന്ന നമ്മുടെ മനസ്സിനെ അതിന്റെ യഥാർത്ഥ ലക്ഷ്യമാകുന്ന ദൈവ രാജ്യം എന്ന ലക്ഷ്യത്തിലേക്ക് മടങ്ങിവരുത്തുവാനുള്ള നമ്മുടെ തീരുമാനമാണ് മാനസാന്തരം.

**മാനസാന്തരം എന്തിന് ?**

ദൈവസന്നിധിയിൽ എത്തിയ നിനവേ മഹാനഗരത്തിന്റെ ദുഷ്ടതക്ക് വിരാമം കുറിക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി, അതിനു മുൻപ് യോനായിലൂടെ ഒരു അവസരം അവർക്ക് ലഭിക്കുന്നു. അത് ഒരു സന്ദേശമായി അവരുടെ മുന്നിൽ എത്തി. ഇന്നേക്ക് നാല്പതു ദിവസം കഴിഞ്ഞാൽ നിനവേ ഉന്മൂലനമാകും ആ വാക്കുകൾക്ക് മുൻപിൽ അവർ മാനസാന്തരപ്പെട്ടു. തൻ നിമിത്തം യഹോവക്ക് അവരോട് അയ്യോ ഭാവം തോന്നി, അവരുടെ പാപം ക്ഷമിച്ചു (മായിച്ചു കളഞ്ഞ്) അവരെ വിടുവിച്ചു (യോനാ 1:2,4:11). നാശത്തിലേക്ക് പായുന്ന മനുഷ്യ കുലത്തിന് ദൈവം നൽകിയ ഏറ്റവും വലിയ സമ്മാനമത്രേ മാനസാന്തരം. സൃഷ്ടിപ്പിന്റെ ദൈവീക ലക്ഷ്യത്തിലേക്ക് അവർ ഏവരും വന്നുചേരണം എന്ന ആഗ്രഹത്തോടെ, ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ യേശു കർത്താവ് ഇച്ഛിച്ച് ദീർഘക്ഷമ കാണിക്കുന്നു. യൂദാ അവസരം നഷ്ടപ്പെടുത്തുമ്പോൾ പത്രോസ് മടങ്ങി വരുന്നു. മാനസാന്തരപ്പെട്ടു മടങ്ങി വരുന്നവന് സക്കായിയേപ്പൊലെ അബ്രഹാമിന്റെ മകനായി തീരുകയും തന്റെ ഭവനത്തിനും രക്ഷ കരസ്ഥമാകയും ചെയ്യുന്നു. എന്റെ അപ്പന്റെ ഭവനത്തിൽ എത്ര കൂലിക്കാർ ശേഷിപ്പിക്കുന്നു എന്ന മുടിയൻപുത്രന്റെ മനോഭാവം. നിത്യനാശത്തിൽ നിന്ന് നിത്യ രക്ഷയിലേക്ക് പ്രവേശിക്കുന്നതിനാണ് മാനസാന്തരം.

**മാനസാന്തരത്തിന്റെ കാലിക പ്രസക്തി.**

ഉന്മൂല നാശം എന്ന ദൈവ കോപത്തിന്റെ ഉപശാന്തിയായ് നമുക്ക് ലഭിച്ച വരം അത്രെ മാനസാന്തരം. പഴയനിയമത്തിൽ ദൈവം ആ അവസരം തന്റെ സകല ജനത്തിനും നൽകിയിരുന്നു

ക്രിസ്തു വന്നതു തന്നെ ഇതേ ലക്ഷ്യവുമായിട്ടാണ്. യോഹന്നാനിൽ തുടങ്ങി അപ്പോസ്തോലന്മാരിലൂടെയും ഇന്ന് നമ്മിലൂടെയും ഈ ദൗത്യം തുടരുന്നു. അന്ന് യോഹന്നാൻ സ്നാപകൻ സർപ്പ സന്തതികളെ എന്നു വിളിച്ച് ശാസിച്ച ഉന്നത സ്ഥാനീയരായ പരീശ ,സദൂക്യരിൽ ചിലർ വന്നതു പോലെ ആന്തരീക മാറ്റമായ യഥാർത്ഥ മാനസാന്തരമില്ലാതെ ബാ (ശേഷം പേജ് 11)

# പെന്തക്കോസ്തു സഭകൾ വളർച്ചയും തളർച്ചയും



പാസ്റ്റർ ഒ. ജെ. മാത്യു
8281292249

"അങ്ങനെ യെഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭയ്ക്ക് സമാധാനം ഉണ്ടായി. അതു ആത്മീക വർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും പെരുകി കൊണ്ടിരുന്നു" (അപ്ര.9:31).

പെന്തെക്കോസ്തു നാളിൽ പിറന്നു വീണ പുതിയ നിയമസഭ സഭയുടെ പിറവിസമയത്തെക്കുറിച്ച് അൽപ്പമല്ലാത്ത തർക്കം ഉയർന്നിട്ടുള്ളത് തൽക്കാലം മറന്ന്, അവരവരുടെ നിഗമനത്തിന് വിടുന്നു. അതിന്റെ ബാലാരിഷ്ടകളോടൊപ്പം തന്നെ സമൂഹത്തിൽ ചലനം സൃഷ്ടിക്കുകയും വ്യത്യസ്ത വിഭാഗങ്ങളിൽ സ്വാധീനം ഉറപ്പിച്ചതായി അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ എന്ന പുസ്തക പാരായണത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. പരിശുദ്ധാത്മാവ് പ്രാപിച്ച ആത്മീയ നേതൃത്വം വെല്ലുവിളികളെ ഭയപ്പെടാതെയും ലോകവുമായി ഒത്തു തീർപ്പിനു വഴങ്ങാതെയും ഭൗതീക നേട്ടങ്ങളുടെ പിന്നാലെ പരക്കം പായാതെയും പദവികൾക്കായി വോട്ടു പിടിക്കാതെയും സഭയ്ക്ക് ശക്തമായ നേതൃത്വം നൽകി സഭയെ കാറും കോളും തിരമാലകളും നിറഞ്ഞ അന്തരീക്ഷത്തിൽ നടുക്കടലിൽ അകപ്പെട്ട കപ്പലിന്റെ കപ്പിത്താനെന്നപോലെ നയിച്ചു കൊണ്ടിരുന്നത് ശ്ലാഘനീയമായിരുന്നു. പ്രതിസന്ധികളെ അവർ ഭയപ്പെട്ടിരുന്നില്ല. പെന്തെക്കോസ്തു നാളിലെ പത്രൊസിന്റെ പ്രസംഗവും 7-ാം അദ്ധ്യായത്തിലെ സ്തേഫാനോസിന്റെ പ്രസംഗവും അവരുടെ പോരാട്ടവീര്യത്തെയാണ് വെളിവാക്കുന്നത്. ദൈവത്തോടും അവന്റെ വചനത്തോടുമുള്ള അചഞ്ചമായ പ്രതിബദ്ധതയാൽ അധികാരികളെ കൂസാക്കാത്ത പ്രകൃതം. സത്യം മറച്ചു വച്ച് ഭൂരിപക്ഷത്തെ സംതൃപ്തിപ്പെടുത്തി കൈയ്യടിനേടുന്ന പ്രഭാഷണ ശൈലിയല്ല അവർ അവലംബിച്ചത്. അക്രമമാണ് ഏറ്റവും നല്ല പ്രതിരോധം (Offer sixe we is a better offer sixe) എന്ന യുദ്ധതന്ത്രം അവർ പയറ്റുകയായിരുന്നു. വെടിമരുന്നിന്റെ ശക്തി ആ പ്രഭാഷണത്തിൽ ഉൾക്കൊണ്ടിരുന്നു. അത് കേൾവിക്കാരിൽ ചലനം സൃഷ്ടിച്ചു. അവർ ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" (അ.പ്ര. 2:37).

സ്തെഫാനോസിന്റെ പ്രസംഗം അവസാനിച്ചപ്പോൾ "ഇതു കേട്ടപ്പോൾ അവർ കോപപരവശരായി അവന്റെ നേരെ പല്ലുകടിച്ചു." (7:54) ജനം പ്രതികരിക്കാത്ത പ്രസംഗം അർത്ഥശൂന്യമാണ്. ഒരിടത്ത് അനുകൂലമായും മറ്റിടത്ത് നിഷേധാത്മകവുമായ പ്രതികരണം. ഇവ രണ്ടിനും അതിന്റേതായ ഫലം ഉണ്ടായി. പെന്തെക്കോസ്തു നാളിൽ വചനം കേട്ടവരിൽ ഏകദേശം മൂവായിരത്തോളം പേർ വചനം കൈക്കൊണ്ട് സ്നാനമേറ്റ് സഭയോടു ചേർന്നു. സ്തെഫാനോസിന്റെ മരണം ശൗലിന്റെ മാനസാന്തരത്തിന് ഹേതുവായി എന്നു കരുതാവുന്നതാണ്. ആയത് സഭയുടെ ത്വരിതവളർച്ചക്ക് സഹായകരമായി.

സഭയുടെ വളർച്ചയിൽ വിറളി പൂണ്ട സാത്താൻ മതരാഷ്ട്രീയ ശക്തികളെ ഉപയോഗിച്ച് ഇല്ലാതാക്കുവാൻ തന്ത്രം മെനഞ്ഞു. എന്നാൽ അവിടേയും സഭ തളർന്നു പോയില്ല. ആത്മാവിന്റെ ശക്തിയോടെ പ്രാർത്ഥനയുടെ പിൻബലത്തോടെ മുന്നേറുന്ന അനുഭവമാണ് കാണുവാൻ കഴിയുന്നത്. യെഹൂദ്യയുടെ സമീപ പ്രദേശങ്ങളായ ഗലീല, ശമര്യ എന്നീ പ്രദേശങ്ങളിലേക്ക് സഭവളർച്ച നേടി. ഘോരമായ പീഢയുടെ നടുവിൽ ചിതറിപ്പോകേണ്ടി വന്നു എങ്കിലും അവർ സുവിശേഷീകരണ ദൗത്യം ഏറ്റെടുത്തു. ഇന്നിന്റെ നഷ്ടവും അതു തന്നെ. സുവിശേഷീകരണ ദൗത്യം ചുരുക്കം ചിലരുടെ കടമയായി ജനം കരുതിമാറി നിൽക്കുന്നു.

ശൗൽ എന്ന പ്രതിഭാ ധനനും ന്യായപ്രമാണ പണ്ഡിതനും യെഹൂദാ മതത്തിന്റെ പരമോന്നത കോടതിയായിരുന്ന സന്നദ്രീം സംഘത്തിന്റെ പ്രബലനായ അംഗവുമായിരുന്നവനെ മുന്നിൽ നിറുത്തി ശത്രു പുതിയ പോർ മുഖം തുറന്നു. "എന്നാൽ ശൗൽ വീടുതോറും ചെന്നു പുരുഷന്മാരേയും സ്ത്രീകളേയും പിടിച്ചിഴച്ചു തടവിൽ ഏൽപ്പിച്ചു കൊന്ന് സഭയെ മുടിച്ചു പോന്നു." (അപ്ര. 8:3) () സഭ ഇവിടേയും പതറിയില്ല. വർദ്ധിത വീര്യത്തോടെ സുവിശേഷീകരണത്തിന്റെ വ്യാപ്തിക്കായി സാമാന്യ ജനം ദൗത്യം ഏറ്റെടുത്തത് വലിയ ഗുണം ചെയ്തു. ശമര്യയിൽ സഭസ്ഥാപിതമായി. ഫിലിപ്പോസിന്റെ ശുശ്രൂഷയാൽ എത്യോപ്യ രാജ്യത്തെ ധനമന്ത്രി കർത്താവിനെ കണ്ടെത്തി. അവൻ മുഖാന്തിരം ആ രാജ്യത്തും സുവിശേഷത്തിന്റെ ശക്തി വെളിപ്പെട്ടതായി ന്യായമായും വിശ്വസിക്കാം.

അയൽരാജ്യമായ സിറിയയിലെ ദൈവസഭയ്ക്ക് എതിരായി ശൗൽ ഇറങ്ങിപ്പുറപ്പെട്ടു. എന്നാൽ അത് അവന്റെ ജീവിതത്തിലെ വഴിത്തിരിവിനു കാരണമായി ഭവിച്ചു. വാളോങ്ങിയ കരത്തിൽ ദൈവവചനത്തിന്റെ ചുരുളുകൾ പിടിച്ചു. പിന്നീട് തന്റെ കഴിഞ്ഞ കാലജീവിതത്തിലേക്ക് തിരനോട്ടം നടത്തിക്കൊണ്ട് പൗലോസ് എഴുതി, "മുമ്പെ ഞാൻ ദൂഷകനും, ഉപദ്രവിയും, നിഷ്ഠൂരനും ആയിരുന്നു. എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ടു എനിക്കു കരുണ ലഭിച്ചു." (1തിമൊ.1:13).

ഇവ്വിധത്തിൽ പീഢയുടെ ഒരു ഘട്ടത്തിന് വിരാമമായി എന്നു പറയാം. ഈ അവസരം സഭ ശരിക്കും പ്രയോജനപ്പെടുത്തി. പീഢയിൽ നിന്നുമുള്ള വിടുതലിൽ ആശ്വസിച്ച് അലസരാകാതെ വരുവാൻ പോകുന്ന പ്രതിസന്ധികളെ മറികടക്കുവാനുള്ള ദീർഘവീക്ഷണത്തോടുകൂടി ആത്മീകശക്തി സംഭരണത്തിന് അവസരം കണ്ടെത്തി. ആത്മീകവർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിൽ മുന്നേറുന്നതിനോടൊപ്പം ചേർത്തുവായിക്കുന്ന, പരിശുദ്ധാത്മാവിന്റെ പ്രബോധനയിൽ നടന്നും പെരുകി കൊണ്ടിരുന്നു. ഇന്ന കൈമോശം വന്നിരിക്കുന്നതും ഈ മേഖലയിലാണ്.

വളരും തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന രാഷ്ട്രീയ തന്ത്രമല്ല ആദ്യകാല സഭ അനുവർത്തിച്ചത്. ഇന്നത്തെ സഭാവളർച്ചയുടെ ഏറിയ പങ്കും ഇത്തരത്തിലുള്ളതാണ്. മദ്ധ്യ തിരുവിതാംകൂറിൽ 1 കി.മി ചുറ്റളവിൽ കാണുന്ന സഭാ പ്രളയം- എണ്ണപ്പെരുപ്പം ഈ തന്ത്രത്തിന്റെ ബഹിർ സ്ഫുരണമാണ്. ഒരേ പ്രസ്ഥാനത്തിന്റെ വിവിധ സെന്ററുകളുടെ കീഴിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ സഭാ പ്രവർത്തനം നടത്തുവാൻ പെന്തെക്കോസ്തുകാർക്കു മാത്രമേ സാധിക്കുകയുള്ളൂ. സ്ഥലത്തോടു ചേർത്തു വയ്ക്കുവാൻ പദസഞ്ചയത്തിന് ബൈബിളിൽ പഞ്ഞം ഇല്ലല്ലോ. വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും താൽപ്പര്യ സംരക്ഷണാർത്ഥം കൈക്കൊള്ളുന്ന വിഭാഗീയത. പരിശുദ്ധാത്മനിയോഗം ഇതിൽ ഉണ്ടോ എന്നു ചോദിച്ചാൽ, മറുപടി ലഭിക്കുകയില്ല. അവരവരുടെ തീരുമാനത്തിനും താൽപ്പര്യങ്ങൾക്കും അനുസരണമായി കൈയ്യൊപ്പ് ഇടുന്ന (Counter sign) ജോലി പരിശുദ്ധാത്മാവ് ഏറ്റെടുത്തതായി ഇതുവരെ അറിവില്ല. പിന്നെ ആരാണ് ഉത്തരവാദി? തങ്ങളുടെ കസേര ഉറപ്പിക്കുവാൻ ഒത്താശ നൽകുന്ന നേതൃത്വത്തിന്റെ സ്വാർത്ഥത അല്ലാതെ മറ്റെന്തു പറയുവാൻ. ഒരു തൊടുന്യായം പറഞ്ഞ് ഒഴിഞ്ഞു മാറുന്ന നേതൃത്വത്തെ കാണുന്നു, "ഞങ്ങൾ ഈ ക്രമീകരണങ്ങൾക്കൊപ്പം നിന്നില്ലെങ്കിൽ അവർ മറ്റൊരു പ്രസ്ഥാനത്തിൽ ചേരും. അതൊഴിവാക്കുവാൻ ഗാലേമും ബെഥേലും ഇമ്മാനുവേലും പെനിയേലും ഹെബ്രോനും എലീമും ഗിൽഗാലും ഒക്കെ കയറിവരും. ഇനിയും എത്രയെത്ര പേരുകൾ."

വിഭാഗീയത രാഷ്ട്രീയത്തിലും സമൂഹത്തിലും മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. ദൈവസഭയിലും കണ്ടുവരുന്നു. അപ്ര. 6-ാം അദ്ധ്യായത്തിൽ വിഭാഗീയത സഭയിൽ നാമ്പെടുത്തതായി വായിക്കുന്നു. എന്നാൽ അന്നത്തെ ആത്മീയ നേതൃത്വം അതിന് പരിഹാരം കണ്ടെത്തിയത് എന്നും മാതൃകയാക്കാവുന്നതാണ്. "... ഞങ്ങളോ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിക്കും." (അപ്ര. 6:4) എത്ര ഉദാത്തമായ തീരുമാനം. തങ്ങളുടെ ശുശ്രൂഷയേയും ചുമതലകളെയും കുറിച്ച് തികച്ചും ബോധവാന്മാർ ആയിരുന്ന അപ്പൊസ്തലന്മാർ. അവർ പറഞ്ഞതിന്റെ സാരം ഇങ്ങനെ മനസ്സിലാക്കാം, കർത്താവു ഞങ്ങളെ ഏൽപ്പിച്ച ശുശ്രൂഷ എന്തെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. കർത്താവു ഏൽപ്പിച്ചിട്ടില്ലാത്ത ശുശ്രൂഷ ഏറ്റെടുത്ത് രംഗം വഷളാക്കുവാൻ ഞങ്ങൾ തയ്യാറല്ല. എല്ലാറ്റിലും കൈകടത്തി കുളം കലക്കിനേട്ടം കൊയ്യുവാനുള്ള താൽപര്യം അവർക്കില്ലായിരുന്നു. പ്രാപ്തന്മാർ പുറത്തുനിൽക്കുമ്പോൾ ഞങ്ങൾ എന്തിന് അനാവശ്യ വിഷയങ്ങളിൽ തലയിടുന്നു. ഏൽപ്പിക്കപ്പെട്ട ശുശ്രൂഷയിൽ ഉറ്റിരിക്കുന്ന ശുശ്രൂഷക വൃന്ദം, മാതൃകാ നേതൃത്വം. "ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം" എന്ന കുഞ്ചൻ നമ്പ്യാരുടെ മനോഭാവം പുലർത്തുന്ന സഭാ നേതൃത്വം ഇന്നിന്റെ ശാപമാണ്. എല്ലാം വിട്ട് നിന്നെ അനുഗമിച്ച ഞങ്ങൾക്ക് എന്തുകിട്ടും എന്നു ഗുരുവിനോടു ചോദിച്ചവരെയല്ല ഇവിടെ കാണുന്നത്. പെന്തെക്കോസ്ത് അവന്റേയും അവനോടു കൂടെയുള്ളവരുടേയും മനോഭാവത്തിന് മാറ്റം വരുത്തി, ചിന്തി മാറി, മനോഭാവം മാറി. മാറ്റം വന്നിട്ടില്ലാ എങ്കിൽ പിന്നെ പെന്തെക്കോസ്തിന്റെ പ്രസക്തി എന്താണ്? പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ പ്രബോധനയിൽ നടക്കുമ്പോൾ സഭ പെരുകാതിരിക്കുമോ?

സഭാ വളർച്ചയ്ക്കുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചും പ്രബന്ധം രചിക്കുന്നവർ അനേകരുണ്ട്. പൗലോസിന്റെ പുതപ്പിനെക്കുറിച്ച് ഗവേഷണം നടത്തുന്നവർ ഈ കാര്യത്തിലും ഗവേഷണം നടത്തി നാം ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് വരും ദിനങ്ങളിൽ നമ്മെ ബോധവൽക്കരിച്ചു എന്നുവരാം. ഒരുപക്ഷേ കർത്താവ് വന്നതിനു ശേഷമായിരിക്കും പുസ്തകരൂപത്തിൽ വെളിച്ചം കാണുന്നത്. ഗവേഷണമോ പ്രബന്ധരചനയോ സഭാ വളർച്ചയ്ക്ക് സഹായകരമാകുന്നതിൽ അപാകതയില്ല. എന്നാൽ പ്രായോഗിക തലത്തിൽ ഏറ്റെടുത്തു നടത്തുന്നവ. ആരെയാണ് സഭയ്ക്ക് ഇന്നാവശ്യം.

സ്തെഫാനോസിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് അവൻ ഇങ്ങനെ വിളിച്ചു പറഞ്ഞു, "നിങ്ങളുടെ പിന്നക്കന്മാരെപ്പോലെ തന്നെ നിങ്ങളും എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തുനിൽക്കുന്നു" (7:51) ഈ പ്രവണത ഇല്ലാതായെങ്കിൽ മാത്രമേ സഭ വളരുകയുള്ളൂ. ഓടി നടക്കേണ്ടുന്ന പ്രായത്തിൽ മുട്ടുന്തി നടക്കുന്ന ഒരു കുഞ്ഞിനെ കാണുന്നത് എത്രദുഃഖകരമാണ്. 3.25 കോടി ജനസംഖ്യയുള്ള കൊച്ചുകേരളത്തിൽ ജനസംഖ്യാനുപാതമായി എത്രശതമാനം ആളുകൾ വിശ്വാസമാർഗ്ഗത്തിൽ ഉണ്ട് എന്ന് ആരായുന്നത് നന്നായിരിക്കും. അപ്പോൾ മാത്രമേ നമ്മുടെ വളർച്ചെയ്ക്കുറിച്ചുള്ള മേനി പറച്ചിൽ അവസാനിക്കുകയുള്ളൂ.

സഭാവളർച്ചക്കുള്ള ഇന്നത്തെ സാഹചര്യം വരും നാളുകളിൽ ലഭിച്ചു എന്നു വരികയില്ല. ആധുനിക മാദ്ധ്യമങ്ങളേയും കാലഹരണപ്പെട്ടു എന്ന കരുതുന്ന രീതികളേയും സമന്വയിപ്പിച്ച് സുവിശേഷീകരണ യത്നത്തിന് ആക്കം കൂട്ടേണ്ടുന്ന നാളുകൾ അമാന്തിച്ചിരിക്കുന്നു. പണം ഇന്ന് ഒരു പ്രശ്നമല്ല. ആത്മാർത്ഥതയോടു കൂടിയ സമീപനമാണ് ആവശ്യമായിരിക്കുന്നത്. ഉള്ളതിൽ ഊറ്റം കൊള്ളാതെ ആത്മീക വർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിൽ മായം ചേർക്കാതെ പരമാർത്ഥമനസ്സോടെ പരിശുദ്ധാത്മാവിന്റെ പ്രബോധനയിൽ നടക്കുവാൻ തയ്യാറായാൽ ഈ തലമുറയിൽ തന്നെ അത്യന്തപൂർവ്വമായ സഭാവളർച്ച കൈവരിക്കുവാൻ സാധിക്കും എന്നതിന് സംശയമില്ല. അതിനായി ആലസ്യംവിട്ട്, എഴുന്നേൽക്കാം. നാഥൻവരാറായി.

## കുമ്പനാട് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

ലിൽ വെച്ച് ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗവും നടക്കുന്നു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, വൈസ് പ്രസിഡന്റ്, പാസ്റ്റർ വിൽസൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ, ജോ. സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറർ ബ്രദർ സജി പോൾ എന്നിവർ എക്സിക്യൂട്ടീവായി ഐ.പി.സിക്ക് ശക്തമായ നേതൃത്വം നൽകുന്നു. പബ്ലിക്കേഷൻ ബോർഡ് കൺവീനറായി ബ്രദർ എം.വി. ഫിലിപ്പു ജോ.കൺവീനറായി ബ്രദർ കുര്യൻ ജോസഫും പ്രവർത്തിക്കുന്നു.

## ത്രിയേക ദൈവം

(4-ാം പേജ് തുടർച്ച)

ന്നതാണ് തിരുവചന വ്യവസ്ഥ. (യോഹ.16:23, 24; യൂദ. 20; റോമ.8:26, 27)." ദൈവീക ശുശ്രൂഷകളിലെ ഈ ക്രമം തെറ്റിക്കുവാൻ നമുക്ക് ഒരിക്കലും അവകാശം ഇല്ല. പരിശുദ്ധാത്മാവിനോട് നേരിട്ടു പ്രാർത്ഥിക്കുന്നത് ഈ ക്രമത്തിനു വിരുദ്ധമായതിനാൽ അതും തെറ്റാണ്.

മാനവ കുലത്തിന്റെ സൃഷ്ടി മുതൽ തിരുവചനരേഖയിൽ 'മൂന്നാളത്വങ്ങൾ' ഒത്തുചേർന്നു പ്രവർത്തിക്കുന്ന ഏക സത്യദൈവത്തെപ്പറ്റി നിരവധി പരാമർശങ്ങൾ ഉണ്ട്. (ഉൽപ.1:2,3; യിരെ.29:23; ഉല്പ.3:22; മാലാ.3:5; റോമ.1:9; മത്താ. 3:17; എബ്രാ.1:12; 2:3-4; യെശ.55:4; യോഹ.18:37; 1 തിമോ.6:13; റോമ.8:16; യോഹ. 15:26, എബ്രാ.10:15; 1യോഹ.3:6), പലരും കരുതും പോലെ ഇവരിൽ ആരാണ് വലിയത് എന്ന ചോദ്യം അപ്രസക്തമാണ്. മൂന്നു വ്യക്തിത്വങ്ങളും (ആളത്വം) തുല്യശക്തരും, തുല്യമായ ജ്ഞാനം ഉള്ളവരും സർവ്വവ്യാപിയുമാണ്. വെളിപ്പാടിന്റെ ക്രമത്തിൽ മാത്രമേ വ്യത്യാസം ഉള്ളൂ. ആദിമകാലം മുതൽ (അരിയൂസിന്റെ കാലം) സാത്താൻ ഈ വേദപുസ്തക സത്യത്തിൽ വെള്ളം ചേർക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിൽപോലും ഇതിന്റെ സ്വാധീനം കൂടിവരുന്നു (പിതാവിന്റെയോ പുത്രന്റെയോ പരിശുദ്ധാത്മാവിന്റെയോ നിത്യമായ ആളത്വമോ തുല്യമായ ശക്തിയോ നിഷേധിക്കുന്നവർ) എന്നതിനാൽ ദൈവജനം കൂടുതൽ ജാഗരൂപരായിക്കേണ്ടത് ആവശ്യമാണ്.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

(1-ാം പേജ് തുടർച്ച)

മത്തായി (സ്റ്റേജ് അറേഞ്ച്മെന്റ്), പാസ്റ്റർ കെ. എ. ഉമ്മൻ (സ്നാനം), പാസ്റ്റർ പി. എ. ജെറാൾഡ് (സീറ്റിംഗ്), പാസ്റ്റർ റ്റി. എ. ജോർജ്ജ് (ഇൻഫർമേഷൻ), പാസ്റ്റർ ഏബ്രഹാം മാത്യു കോട്ടയം (നിർദ്ദേശങ്ങൾ & പരാതികൾ), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക് റിലേഷൻ), പാസ്റ്റർ ജോൺ ജോസഫ് (സെക്യൂരിറ്റി), പാസ്റ്റർ കെ. കെ. കോരുത് (ട്രാൻസ്പോർട്ടേഷൻ), ബ്രദർ ജോസഫ് മറ്റത്തുകാലാ (വിജിലൻസ്), പാസ്റ്റർ കെ. വി. ഗീവർഗീസ് (ഗ്രൗണ്ട് അറേഞ്ച്മെന്റ്സ്), പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ (മീഡിയ), ബ്രദർ റ്റി. യോഹന്നാൻ (ലിറ്ററേച്ചർ), ബ്രദർ വി. എ. സാബു (വാട്ടർ സപ്ലൈ), ബ്രദർ ഏബ്രഹാം എം. തോമസ് (പാർക്കിംഗ്), ഡോ. ഐസക് സൈമൺ (മെഡിക്കൽ), പാസ്റ്റർ ജോയി എ. ചാക്കോ (സ്റ്റുഡൻസ് ഇൻ ചാർജ്ജ്), ബ്രദർ ബിനോയി പി. അലക്സ് (ഓഫീസ്), സിസ്റ്റർ സുനു തോമസ് (വോളന്റിയേഴ്സ്, സഹോദരിമാർ)എന്നിവർ കൺവീനർമാരായി പ്രവർത്തിക്കും.

2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സ്റ്റേഡിയത്തിൽ വച്ചാണ് ജനറൽ കൺവൻഷൻ നടക്കുന്നത്. "ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" (റോമർ 12:11) എന്നതാണ് കൺവൻഷൻ തീം. സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

# പി സി ഐ മലബാർ ഏരിയാ സമ്മേളനം



**കോഴിക്കോട്:** പെന്തക്കൊസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ മലബാർ ഏരിയാ സമ്മേളനം കോഴിക്കോട് ഹോട്ടൽ സ്പാനിൽ വച്ച് നടന്നു. സോണൽ പ്രസിഡന്റ് പാസ്റ്റർ നൊബിൾ പി തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പിസിഐ നാഷണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മലബാർ മേഖലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാന്നും സാമൂഹിക മേഖലയിൽ പി സിഐ ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ചും നാഷണൽ വർക്കിംഗ് പ്രസിഡന്റ് എൻ.എം. രാജു പ്രസ്താവിച്ചു. നാഷണൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ ജോസഫ്, സെക്രട്ടറി പാസ്റ്റർ ജോസ് അതുല്യാ, ചാരിറ്റി കൺവീനർ ബ്രദർ പി.ജി. ജോർജ്ജ്, മീഡിയാ കൺവീനർ അജി കുളങ്ങര, മേഖലാ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

## പെന്തക്കൊസ്തൽ വുമൻസ് കൗൺസിൽ കേരളാ സ്റ്റേറ്റിനു പുതിയ ഭരണ സമിതി നിലവിൽ വന്നു





**കോട്ടയം:** പെന്തക്കൊസ്ത് കൗൺസിൽ ഓഫ് ഇന്ത്യ യുടെ പുത്രികാ സംഘടനയായ PWC പ്രസിഡന്റായി സിസ്റ്റർ ഏലിയാമ്മ തോമസ് വടക്കെക്കുറ്റ്, വൈസ് പ്രസിഡന്റുമാരായി മോളിക്കുട്ടി കോശി, ബിജോ ജോസ് അതുല്ല്യ, സെക്രട്ടറിയായി ജിൻസി സാം, ജോയിന്റ് സെക്രട്ടറിമാരായി ഷോളി വർഗ്ഗീസ്, ജോയമ്മ വർഗ്ഗീസ്, ട്രഷററായി ജോയിസ് സാജൻ, മീഡിയാ കൺവീനറായി ലതാ ജോൺസൺ, പ്രയർ കൺവീനറായി നിർമ്മലാ രാജൻ, ചാരിറ്റി കൺവീനറായി സൂസൻ റെജി, എഡിറ്റോറിൽ ബോർഡ് മൊമ്പേർസ് ആയി ഷേർളി ജിജി, ഷേർളി സണ്ണി, ഒമേഗ സുനിൽ എന്നിവരെയും, എക്സിക്യൂട്ടീവ് മൊമ്പേർസ് ആയി മറിയാമ്മ ജോയി, ലില്ലി റെജി, ഗിരിജാ സാം എന്നിവരെയും നിയമിച്ചു

## ആക്ട് ഉദ്ഘാടനം ചെയ്തു



ആക്ടിന്റെ പ്രവർത്തോദ്ഘാടനം റവ. കെ.സി. ജോൺ നിർവ്വഹിക്കുന്നു

**കടുത്തുരുത്തി:** 'പിതാക്കന്മാർ നടന്ന വഴിയിലൂടെ അണുവിട തെറ്റാതെ നടക്കണമെന്ന പിടിവാശിയാണ് ഇന്നു പെന്തെക്കോസ്തിലുള്ളത്. കാലോചിതമായി രൂപപ്പെടുത്തിയ സമ്പ്രദായങ്ങൾ മാറ്റിക്കൂടാത്തവയല്ല. എന്നാൽ ഇന്ന് അവയുടെ പിന്നാലെ അന്ധമായി പായുന്ന പ്രവണയാണുള്ളത്' റവ. ഡോ. കെ. സി ജോൺ പറഞ്ഞു. എഴുത്തുകാരുടെയും പത്ര പ്രതിനിധികളുടെയും കൂട്ടായ്മയായ അസോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിന്റെ (ACT) ഉദ്ഘാടനം നിർ.വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആക്ട് പ്രസിഡന്റ് കെ. എൻ റസ്സൽ അദ്ധ്യക്ഷത വഹിച്ചു. ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അദ്ദേഹം വിവരിച്ചു. ജന. സെക്രട്ടറി രാജു ആനിക്കാട് സ്വാഗതമാശംസിച്ചു. പാസ്റ്റർ ജെ. ജോസഫ്, അനിൽ കൊടിത്തോട്ടം, പാസ്റ്റർ സുരേഷ് കീഴൂർ, മാത്യു പാലത്തുങ്കൽ, അനീഷ് കൊല്ലങ്കോട് എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ഷൈജു ഞാറയ്ക്കൽ നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർ സാംകുട്ടി, സിസ്റ്റർ വിദ്യ സന്തോഷ് എന്നിവർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ പി. ജെ ജയിംസ് സമാപന പ്രാർത്ഥന നടത്തി.

## പാഴ്സനേജ് സമർപ്പിച്ചു

**അടൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ അടൂർ സൗത്ത് ഡിസ്ട്രിക്ടിൽ മുളവന സഭ പുതിയതായി പണികഴിപ്പിച്ച പാഴ്സനേജിന്റെ സമർപ്പണ ശുശ്രൂഷ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയും അടൂർ സൗത്ത് ഡിസ്ട്രിക്റ്റ് പാസ്റ്ററുമായ ജെ. ജോസഫ് നിർവഹിച്ചു. പാസ്റ്റർമാരായ ബാബു തങ്കച്ചൻ, ബിജു തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർമാരായ ടി.പി.മാത്യു, എബി റ്റി.ജോയി, എം.എൽ.ജോർജ്ജുകുട്ടി, സ്റ്റാൻലി ജോയി, ബിനു സാം, ജോർജ്ജ് മാത്യു, ജോർജ്ജ് ഏബ്രഹാം, ഈ ജോൺ കച്ച്, ജി. അച്ചൻ കുഞ്ഞ്, ഇവാ. സജി, സിസ്റ്റർ ഷൈനി എബി തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സഭാ സെക്രട്ടറി ബ്രദർ ഷാജി സങ്കീർത്തനം, ശുശ്രൂഷകൻ പാസ്റ്റർ ജോർജ്ജ് സാമുവൽ എന്നിവർ നന്ദി പ്രകാശിപ്പിച്ചു. ഇതിനോടനുബന്ധിച്ച് ഡിസ്ട്രിക്റ്റ് മാസയോഗം നടന്നു. പാസ്റ്റർമാരായ വി.സി.തോമസ്, മാമ്മൻ ചാണ്ടി, കെ.സി.ചാക്കോ, സാമുവൽ തുടങ്ങിയവർ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും നേതൃത്വം വഹിച്ചു.

# നേർരേഖ സംവാദം പുത്തൻകാവിൽ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ യുവജനപ്രസ്ഥാനമായ വൈ. പി. ഇ. യുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ക്യാമ്പിനോടനുബന്ധിച്ച് ഡിസം 26 ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പുത്തൻകാവ് എസ് ബി എസ് ആഡിറ്റോറിയത്തിൽ നേർരേഖ എന്ന പേരിൽ സംവാദം സംഘടിപ്പിക്കുന്നു. ഒരു പെന്തക്കോസ്ത് യുവജന പ്രസ്ഥാനം ഇത്രയും വിപുലമായ രീതിയിൽ യുവജന പങ്കാളിത്തത്തോടെ ചർച്ച സംഘടിപ്പിക്കുന്നത് കേരളത്തിലാദ്യമായാണ്. ആധുനിക തലമുറ നേരിടുന്ന നിരവധി സംശയങ്ങൾക്കുള്ള കൃത്യമായ മറുപടിയാണ് നേർരേഖയിലൂടെ നൽകുന്നത്. ലക്ഷ്യത്തിലേക്ക് എന്നർത്ഥത്തിലുള്ള ടുവേർഡ്സ് ദ് എയിം (Towards the aim)എന്നതാണ് ചർച്ചയുടെ ചിന്താവിഷയം.

ക്രൈസ്തവ പ്രഭാഷകനും സാഹിത്യകാരനുമായ പാ. ജെയ്സ് പാണ്ടനാട് മോഡറേറ്ററാകുന്ന സംവാദത്തിൽ പെന്തക്കോസ്ത് ലോകത്തിലെ പ്രമുഖ വേദചിന്തകരായ പാ. ഷൈജു തോമസ് ഞാറക്കൽ, പാ ഷിബു കെ. മാത്യു, പാ. ജോൺസൺ ഡാനിയേൽ, പാ. സാം ഇളമ്പൽ, ഇവാ. ജിബിൻ പൂവക്കാല തുടങ്ങിയവർ പുതിയ തലമുറയുടെ നിരവധി സംശയങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകും. യുവജനങ്ങളുടെ ചോദ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഡിസം: 24 വൈ.പി.ഇ. പ്രസിഡണ്ട് പാ. എ. റ്റി. ജോസഫ്, സെക്രട്ടറി ഷിബു ബേബി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും. വൈ. പി. ഇ. മീഡിയ കൺവീനറും ക്രൈസ്തവ പത്രപ്രവർത്തകനുമായ ബ്ലസിൻ ജോൺ മലയിലിനാണ് നേർരേഖയുടെ മുഖ്യ ചുമതല. നേർരേഖയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വാട്ട് സാപ്പിൽ ബന്ധപ്പെടുക. :9961754528

# ചാരിറ്റി ബോർഡ് സഹായ വിതരണം



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ ഷിജു മത്തായിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഓവർസിയർ സി.സി തോമസ് സാധുക്കളായ രണ്ട് പെൺകുട്ടികൾക്കുള്ള വിവാഹ സഹായങ്ങൾ നൽകി. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ.റെജി എന്നിവർ ചികിത്സാസഹായവും, പാസ്റ്റർ പി.സി. ചെറിയാൻ നഴ്സിംഗ് പഠനത്തിനുള്ള സഹായവും, പാസ്റ്റർ എ.റ്റി.ജോസഫ് ഭവനം പണിയുന്നതിനുള്ള സഹായവും നൽകി. ജോയിന്റ് സെക്രട്ടറി പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ നന്ദി രേഖപ്പെടുത്തി. പാസ്റ്റർ വി.പി തോമസ് പ്രാർത്ഥിച്ചു. പാസ്റ്റർമാരായ വൈ.ജോസ്, എബി റ്റി. ജോയി, പി.എ. ജറാൾഡ്, ടി.എ.ജോർജ്, ജോൺസൺ മരുതിക്കാട്ടിൽ, ജോൺസൺ തോമസ്, വിജു ഡാനിയേൽ, അനീഷ് ഉമ്മൻ ഏബ്രഹാം. സഹോദരന്മാരായ ജോസഫ് മറ്റത്ത്കാല. അജി കുളങ്ങര, സജി കുമ്മാട്ടിയിൽ തുടങ്ങിയവർ പങ്കെടുത്തു. ബോർഡ് അംഗങ്ങളായ പാസ്റ്റർ ബിജുമോൻ സാമുവൽ, റെജി.സി.എബ്രഹാം, പാസ്റ്റർ ബെന്നി സാമുവേൽ, ജോർജ്ജുകുട്ടി വട്ടാർക്കയം, പാസ്റ്റർ ബേബി എബ്രഹാം, പാസ്റ്റർ കെ.ജി.ജോൺ, പാസ്റ്റർ ജോൺ ജോസഫ് എന്നിവർ നേതൃത്വം നൽകി.



2018 ലെ കലണ്ടർ ഓവർസീയർ പാസ്റ്റർ സി.സി. തോമസ് പ്രകാശനം ചെയ്യുന്നു

## പിസിഐ വാർഷികസമ്മേളനം

**തിരുവല്ല:** പെന്തെക്കോസ്തൽ സഭകളുടെ ഐക്യവേദിയായ പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ 15-ാം വാർഷിക സമ്മേളനം കണ്ണൂർ ജില്ലയിലെ ഇരട്ടിയിൽ ഏപ്രിൽ രണ്ടാം വാരം നടക്കും. മലബാറിലെ ആയിരത്തിലധികം സഭകളിലെ ശുശ്രൂഷകന്മാരെയും വിശ്വാസികളെയും സംഘടിപ്പിച്ച് നടത്തുന്ന ഈ യോഗത്തിൽ പാസ്റ്റർ അനിൽ കൊടിത്തോട്ടവും മറ്റു ദൈവദാസന്മാരും പ്രസംഗിക്കും. പകൽ സെമിനാറുകളും വൈകുന്നേരങ്ങളിൽ പൊതുയോഗവും ഉണ്ടായിരിക്കും.

## നിയമിതരായി


പാ. വിനോദ് ജേക്കബ്


പാ.പി. സി ചെറിയാൻ


പാ. തോമസ്കുട്ടി ഏബ്രഹാം


സിസ്റ്റർ ഗ്രേസി ബേബി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ ഇൻ ഇൻഡ്യ അഖിലേന്ത്യ ഗവേണിംഗ് ബോഡി അംഗങ്ങളായി കേരളാ സ്റ്റേറ്റിൽ നിന്നും പാസ്റ്റർമാരായ പി. സി ചെറിയാനും, തോമസ്കുട്ടി ഏബ്രഹാമും തിരഞ്ഞെടുക്കപ്പെട്ടു. സുവിശേഷം എത്തിയിട്ടില്ലാത്ത സമൂഹങ്ങളിലെ സുവിശേഷീകരണ പ്രവർത്തനങ്ങൾക്കായി വേൾഡ് മിഷൻ രൂപീകരിച്ച യു.പി.ജി. (അൺറീച്ച്ഡ് പീപ്പിൾ ഗ്രൂപ്പ്) കേരളാ സ്റ്റേറ്റ് ഡയറക്ടറായി പാസ്റ്റർ വിനോദ് ജേക്കബ് (പട്ടം), ദൈവസഭ ലേഡീസ് മിനിസ്ട്രിയുടെ സ്റ്റേറ്റ് സെക്രട്ടറിയായി സിസ്റ്റർ ഗ്രേസി ബേബി (ഫെയ്ത്ത് സിറ്റി) എന്നിവർ നിയമിതരായി.



മുളവന സഭ പുതിയതായി പണികഴിപ്പിച്ച പാഴ്സനേജിന്റെ സമർപ്പണ ശുശ്രൂഷ പാസ്റ്റർ ജെ. ജോസഫ് നിർവഹിക്കുന്നു

## റാങ്കു നേടി



**പുത്തൻകുരിശ്:** എം.ജി. യൂണിവേഴ്സിറ്റിയുടെ എം.എസ്.സി സുവോളജി പരീക്ഷയിൽ സിസ്റ്റർ ലിജി സജു മൂന്നാം റാങ്ക് നേടി. കോഴഞ്ചേരി സെന്റ് തോമസ് കോളേജിലാണ് ലിജി പഠിച്ചത്. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ പുത്തൻകുരിശ് ഡിസ്ട്രിക്റ്റ് പാസ്റ്റർ സജു സി കോയിക്കലേത്തിന്റെ മകളാണ് ലിജി.

# ഒന്നായ് പാടാം യേശുവിനായ് സംഗീത മഹാസംഗമം ഏപ്രിൽ ഒന്നിന് തിരുവല്ലയിൽ


എൻ.എം. രാജു


പാസ്റ്റർ ഭക്തവൽസലൻ

**തിരുവല്ല:** ചരിത്രങ്ങൾക്ക് വിളനിലമായ മലയാളക്കരയുടെ സാമൂഹിക പരിവർത്തനത്തിന് നിർണ്ണായക സ്വാധീനം ചെലുത്തിയ നവോത്ഥാനത്തിന്റെ ഹൃദയഭൂമിയിൽ മറ്റൊരു ചരിത്രസംഗമത്തിന് സാക്ഷിയാകുന്നു.

2018ലെ ഈസ്റ്റർ ദിനമായ ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ആയിരം സംഗീതജ്ഞരും ലക്ഷം ശ്രോതാക്കളുമായി മധ്യ തിരുവിതാംകൂറിന്റെ ആത്മീയ ചരിത്രത്തിന് പുത്തൻ ഏടുകൾ തീർക്കുന്നതാകും "ഒന്നായ് പാടാം യേശുവിനായ്" സംഗീതമഹാസംഗമം.

ദൈവത്തിങ്കലേക്ക് മാത്രം കണ്ണുകൾ ഉയർത്തി പ്രാർത്ഥനാപൂർവ്വം മുന്നേറിയ പിതാക്കന്മാരുടെയും മാതാക്കളുടെയും കണ്ണീരും വിയർപ്പും വീണ മലങ്കരയിലെ മണ്ണിൽ ആത്മാക്കൾ രൂപം കൊണ്ടു. ഊഷരമായിരിക്കുന്ന കനൽക്കാറ്റുകൾ അവരുടെ ഹൃദയതന്ത്രികളെ തൊട്ടുണർത്തിയപ്പോൾ അടർന്ന് വീണ വരികൾ ആയിരങ്ങളുടെ ആരാധനാഗീതങ്ങളായി മാറി. നൂറ്റാണ്ട് കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാത്ത ആ ഗാനങ്ങളുടെ നവ്യാവിഷ്കാരമാണ് 2018 ഏപ്രിൽ ഒന്നിന് ഈസ്റ്റർ സന്ധ്യയിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അരങ്ങേറുന്നത്.

ആയിരം സംഗീതജ്ഞർ ഏപ്രിൽ ഒന്നിന് (ഞായർ) വൈകിട്ട് അഞ്ചിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അണിനിരക്കും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്ന് പരമ്പരകൾക്കിടെ പ്രമുഖ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്യ, ഗായകരായ ജോളി, ഡോ. ബ്ലെസൻ മേമന തുടങ്ങിയവരുടെ സാന്നിധ്യവും സംഗീതസന്ധ്യയ്ക്ക് മാറ്റ് കൂട്ടും. പവർവിഷൻ ചാനൽ ചെയർമാൻ റവ. ഡോ. കെ.സി. ജോൺ ലഘുസന്ദേശം നൽകും.

റവ. ഡോ. കെ.സി. ജോൺ (രക്ഷാധികാരി), എൻ.എം. രാജു (ചെയർമാൻ), റ്റി.എം. മാത്യു (ജനറൽ കൺവീനർ), ഭക്തവൽസലൻ (മ്യൂസിക് ജനറൽ കൺവീനർ), ജോജി ഐപ്പ് മാത്യൂസ് (സെക്രട്ടറി), ബിന്നി മാത്യു (മ്യൂസിക് കൺവീനർ), ബിനു വടശേരിക്കര (പ്രോഗ്രാം കൺവീനർ) സാം റ്റി. മുഖത്തല (പ്രെയർ കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങി.

## "ഒന്നായ് പാടാം യേശുവിനായ്" ശബ്ദപരിശോധന

**തിരുവല്ല:** 2018 ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുന്ന "ഒന്നായ് പാടാം യേശുവിനായ്" സംഗീത മഹാസംഗമത്തിലേക്കുള്ള ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി ജനുവരി 30ന് മുൻപ് നടക്കും. സംഗീതത്തോട് താൽപര്യമുള്ള യുവതീയുവാക്കളും വിദ്യാർത്ഥികളും സഭാപാസ്റ്ററുടെയും രക്ഷിതാക്കളുടെയും ശുപാർശയോടെ പൂരിപ്പിച്ച ഫോമുകൾ ഡിസംബർ 30ന് മുൻപ് തിരികെ നൽകണം. ഫോമുകൾ ആവശ്യമുള്ളവർ onnai padam yeshuvinayi എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഫോൺ: **07829344049, 9446392303, 9495834994, 9496325855.**

# ചിൽഡ്രൻ ഫെസ്റ്റിന്റെ തീം പ്രകാശനം



**തിരുവല്ല:** തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ ഢആട സിലബസായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ പുതിയ തീം "THE GREAT I AM" പ്രകാശനം ചെയ്തു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ജെ. ജോസഫിന്(കൗൺസിൽ സെക്രട്ടറി) ലോഗോ നല്കിയാണ് പ്രകാശനം നിർവ്വഹിച്ചത്. സഭാ ആസ്ഥാനമായ മുളക്കുഴയിൽ നവംബർ 28ന് നടന്ന പ്രത്യേക സമ്മേളനത്തിലാണ് ചിന്താവിഷയം പ്രകാശനം ചെയ്തത്. യേശുവിന്റെ അതുല്യമായ അഞ്ച് ജീവിത വെളിപ്പെടുത്തലുകൾ അടങ്ങിയതാണ് തീം.

ബാലസുവിശേഷീകരണത്തിൽ 17 വർഷങ്ങൾ പൂർത്തീകരിക്കുന്ന തിമഥി ഇൻസ്ററിട്യൂട്ടിന്റെ 11-ാമത് സിലബസാണ് 'ദ ഗ്രേറ്റ് ഐ ആം'. കേരളത്തിൽ ആറു മേഖലകളിലായി ദ്വിദിന ട്രെയ്നിഗുകളും എല്ലാ ജില്ലകളിലും ഏകദിന ട്രെയ്നിഗുകളും 2018 ഫെബ്രുവരി മാർച്ച് മാസങ്ങളിലായി നടക്കും. ഒരേ സമയം 4 ഭാഷകളിൽ സിലബസ് പുറത്തിറങ്ങും. കേരളത്തിന് അകത്തും പുറത്തുമായി നൂറുകണക്കിന് കേന്ദ്രങ്ങളിൽ ഫെസ്റ്റുകൾ നടക്കും. കൂടുതൽ വിവരങ്ങൾക്കും ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിഗിനും ബന്ധപ്പെടുക: 9656217909, 9745647909


കൊട്ടാരക്കര മേഖല വൈ.പി.ഇ. താലന്ത് പരിശോധന പാസ്റ്റർ ജെ. ജോസഫ് ഉത്ഘാടനം ചെയ്യുന്നു




കഴിഞ്ഞ ലക്കം തുടർച്ച



# വാർദ്ധക്യത്തെ വസന്തമാക്കണം !



ടോംസ് ആന്റണി
പരിശീലകൻ, പ്രഭാഷകൻ
tomsantony@yahoo.com
Ph : 9447232512

**വൃദ്ധകളുടെ പ്രത്യേക പ്രശ്നങ്ങൾ**

സ്ത്രീജനങ്ങൾ എന്ന നിലയിൽ വൃദ്ധകളുടെ പ്രശ്നങ്ങൾക്ക് ആക്കം കൂടും. വിധവ എന്ന നിലയിൽ വൃദ്ധകൾ അനുഭവിക്കുന്ന മാനസികവ്യഥകൾ വളരെ വലുതാണ്. ഭർത്താവിന്റെ പേരിൽ സ്വത്ത് ഉള്ളപ്പോൾ ആധികാരികത ഇല്ലാത്തതിന്റെ പേരിൽ നേരിടുന്ന പ്രശ്നങ്ങളും പലരും അനുഭവിക്കുന്നു. വൃദ്ധകളായവരെ ചതിവിൽപ്പെടുത്തി സ്വത്തുതട്ടിയെടുക്കുന്നതും പതിവായിരിക്കുന്നു. ധനസംബന്ധമായ കാര്യങ്ങളിലുള്ള അറിവില്ലായ്മയും ഫലപ്രദമായി ചിലർ ചൂഷണം ചെയ്യുന്നു. വൃദ്ധകളായ സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കുന്നതും ഇന്ന് പതിവായിരിക്കുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവർ കുടുംബത്തിൽ നിന്നുപോലും ഇവരെ പീഡിപ്പിക്കുന്നുഎന്നത് എത്രയോ ഭീതിദമാണ് ! കൂടാതെ അയൽപക്കക്കാർ, വീട്ടിൽ ജോലിക്കുവരുന്നവർ, ഭിക്ഷക്കാർ, കവർച്ചനടത്തുന്നവർ എന്നിവരൊക്കെ ഇവരെ പീഡിപ്പിക്കാറുള്ളത് ചിലയിടങ്ങളിൽ നിന്നും കേൾക്കാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ **ഭൂരിഭാഗവും പുറത്തറിയാറില്ല എന്നതാണ് ഭയാനകം!**

**ആരോഗ്യപ്രശ്നങ്ങൾ**

ഭൂരിഭാഗം വയോജനങ്ങളും രോഗാതുരരാണ്. വളരെ ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഇവരെ വേട്ടയാടുന്നത്. കേരളത്തിൽ എഴുപത് വയസ്സ് പിന്നിട്ടവരിൽ 34% പേരും വൃക്കരോഗത്തിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നാണ് ഒരു പഠനറിപ്പോർട്ട് പറയുന്നത്. പ്രമേഹവും, രക്തസമ്മർദ്ദവും ഏറെപ്പേർക്കുണ്ട്. ഓർമ്മ നഷ്ടപ്പെടുന്നവർ, ചലനശേഷി നഷ്ടപ്പെടുന്നവർ, കണ്ണുകാണാത്തവർ, കാതുകേൾക്കാത്തവർ എന്നിങ്ങനെയുള്ള വൃദ്ധജനങ്ങൾ ഏറുകയാണ്. ജീവിതശൈലീരോഗങ്ങളും ഇന്ന് വൃദ്ധരായവരെ ബാധിക്കുന്നുണ്ട്. കാൻസർ പോലുള്ള രോഗങ്ങളും വൃദ്ധരായവർ അനുഭവിക്കുന്നു. ഇത്തരം രോഗങ്ങൾ അനുഭവിക്കുന്നതിൽ നിന്നുള്ള മാനസീകപ്രശ്നങ്ങളും അവരെ വിടാതെ പിന്തുടരുന്നു എന്നത് വേദനാജനകമാണ്.

വാർദ്ധക്യകാലരോഗങ്ങളെപ്പറ്റി വിശദമായി പഠനങ്ങൾ നടത്തുകയും, വാർദ്ധക്യകാലരോഗങ്ങൾക്ക് ഒരു നൂതന സമഗ്രചികിത്സാപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുന്ന 'ജറിയാട്രിക് മെഡിസിൻ' ഇന്ന് കൂടുതൽ പ്രചാരത്തിലാകുകയാണ്. ദീർഘകാല രോഗങ്ങളെ പ്രത്യേകമായി കണ്ട്, ദീർഘകാല രോഗികളുടെ ശാരീരികവും, മാനസീകവും, സാമൂഹികവും, സാമ്പത്തികവും, ആത്മീയവുമായ പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തി സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അവരോടൊപ്പം ജീവിതാവസാനം വരെ സഞ്ചരിക്കുന്നതിന് പര്യാപ്തമാക്കുന്ന 'പാലിയേറ്റീവ് കെയർ' വൈദ്യശാസ്ത്രശാഖ, ജറിയാട്രിക് മെഡിസിൻ എന്ന വൈദ്യശാസ്ത്രശാഖയുമായി ചേർന്ന് ജറിയാട്രിക് പാലിയേറ്റീവ് കെയർ' ഇന്ന് വയോജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമാകുന്ന സംവിധാനമായി വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്നു.

വയോജനങ്ങളുടെ പാലിയേറ്റീവ് കെയറിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരും ടീം വയോജനങ്ങളോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുന്നതിനും, രോഗലക്ഷണങ്ങളെക്കുറിച്ചും, രോഗം ബാധിച്ച വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങളെക്കുറിച്ചും, കൂടുതൽ സമയം സംസാരിച്ച് ഈ വിഷയത്തിൽ വിദഗ്ദപരിശീലനം നേടിയ ഡോക്ടറുമായി ആശയവിനിമയം നടത്തേണ്ടതുണ്ട്. അതുവഴി കഴിയുന്നത്ര രോഗലക്ഷണങ്ങൾ ശമിപ്പിക്കുന്നതിനും, രോഗിയുടെ ജീവിതാന്ത്യത്തിൽ സംഭവിക്കുന്ന വിവിധ ലക്ഷണങ്ങൾ എങ്ങിനെ ശമിപ്പിക്കാം എന്ന് നിത്യപരിചാരകരേയും, ബന്ധുമിത്രാദികളേയും മനസ്സിലാക്കിക്കൊടുക്കുന്നതിനും രോഗിയുടെ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും അവർക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയും.

വൃദ്ധരുടെ ചികിത്സയുമായി ബന്ധപ്പെട്ട ചില സ്വകാര്യആശുപത്രികൾ നടത്തുന്ന കൊടിയ ചൂഷണങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്. അന്ത്യനിമിഷത്തിൽ പോലും ഐ.സി.യു.വിനകത്ത് ഭീതിയോടെ, പ്രിയപ്പെട്ടവർ ആരും കൂടെയില്ലാതെ മരിക്കാനുള്ള വിധിയും സത്യത്തിൽ ഭയാനകമാണ്. അനിവാര്യമായ ഘട്ടത്തിലൊഴികെ, ജാടയും പത്രാസും പറയുവാൻ വേണ്ടി ഐ.സി.യു.വിനുള്ളിലാക്കി ലക്ഷങ്ങൾ മാതാപിതാക്കൾക്കുവേണ്ടി ചെലവഴിക്കുന്നതിൽ ഒരർത്ഥവുമില്ല. ജീവിച്ചിരിക്കുമ്പോൾ നൽകാത്ത സ്നേഹത്തിന് ഇത് പകരമാവില്ല. പ്രിയപ്പെട്ടവർ ചുറ്റുമിരുന്ന് സന്തോഷത്തോടെ മരിക്കുവാൻ അവരെ അനുവദിക്കുന്നതാവും കൂടുതൽ നല്ലത്.

**ആത്മീയാവശ്യങ്ങൾ**

വൃദ്ധരുടെ ആത്മീയമായ ആവശ്യങ്ങൾ നിറവേറ്റുവാൻ മക്കൾക്കും, ബന്ധുക്കൾക്കും സമൂഹത്തിനും കടമയുണ്ട്. അവർ ഏതു മതവിശ്വാസിയുമാകട്ടെ, മക്കൾ നിരീശ്വരവാദിയുമാകട്ടെ. മാതാപിതാക്കളുടെ താത്പര്യമനുസരിച്ചുള്ള അവരുടെ ആത്മീയാവശ്യങ്ങൾ ആവശ്യമുള്ള സമയങ്ങളിൽ നാം ചെയ്തുകൊടുത്തേ മതിയാവൂ.

**നിയമങ്ങളും സംവിധാനങ്ങളും**

1991 ഡിസംബർ 16 ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി വയോജനങ്ങൾക്കുള്ള അവകാശങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പ്രധാനമായും വൃദ്ധജനങ്ങളുടെ സ്വാതന്ത്ര്യം, പങ്കാളിത്തം, സംരക്ഷണം, സ്വയംപര്യാപ്തത, പരിഗണന, അനുഭവസമ്പത്തുകളുടെ പ്രയോജനപ്പെടുത്തൽ, എന്നിവയെല്ലാം ഇതിൽപ്പെടുന്നു. കേന്ദ്രഗവൺമെന്റ് ഒരു വയോജനനയം പാസ്സാക്കിയിട്ടുണ്ട്. ഒപ്പംതന്നെ സംസ്ഥാന സർക്കാരിനും ഒരുവയോജനനയം ഉണ്ട്. പ്രാദേശികമായും ഒരു വയോജനനയം നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

2007 ലെ മെയിന്റനൻസ് വെൽഫയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് ഈ രംഗത്ത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യം മക്കളുടെ പേരിൽ സ്വത്ത് എഴുതി നൽകിക്കഴിഞ്ഞാൽ മക്കൾ നോക്കുന്നില്ല എങ്കിൽ അത് തിരികെ വയോജനങ്ങളുടെ പേരിൽതന്നെ തിരിച്ചെടുക്കാനുള്ള വ്യവസ്ഥയാണ്. കൂടാതെ മാതാപിതാക്കളെ ഉപേക്ഷിക്കുന്നത് കുറ്റ

**(ശേഷം പേജ് 9)**




# പുതിയൊരു ഹൃദയം



ഇവാ. അലക്സാണ്ടർ വർഗീസ്

പാപത്താൽ അധഃപതിച്ച മനുഷ്യനിൽ ആത്മാവ് വരുമ്പോൾ അവന്റെ ശാപവും, താഴ്ചയും മാറി ദൈവാനുഗ്രഹം പ്രാപിക്കുന്നവനായിത്തീരും. ജീവൻ പ്രാപിച്ച് അനേകരെ ജീവങ്കലേക്ക് നടത്തുവാൻ പ്രാപ്തരായിത്തീരും. ഉയരത്തിൽ നിന്ന് ആത്മാവിനെ നമ്മുടെ മേൽ പകരുമ്പോൾ കല്ലായുള്ള ഹൃദയം നമ്മിൽനിന്ന് നീങ്ങിപോകും.

കർത്താവിൽ നിലനിൽക്കുകയും കർത്താവ് ഉള്ളത്തിൽ വസിക്കുകയും ചെയ്താൽ അവൻ നീതിമാൻ മാത്രമല്ല ഭാഗ്യവാനും ആയിരിക്കും. കർത്താവ് ഉള്ളത്തിൽ വസിച്ചാൽ അവൻ വെള്ളത്തിനരികെ, ആറ്ററികത്തു നട്ടിരിക്കുന്നതും തക്ക കാലത്ത് ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. ഒരുവന്റെ ഹൃദയത്തിൽ കർത്താവ് വസിച്ചാൽ അവന്റെ കല്ലായുള്ള ഹൃദയം മാറി മാംസളമായ ഹൃദയം ആയിത്തീരുക മാത്രമല്ല ദൈവീക തേജസ്സ് അവനിൽ വ്യാപരിക്കും. പാപശക്തിയിൽ നിന്നും അശുദ്ധിയിൽ നിന്നും കാക്കപ്പെടും. അങ്ങനെ നാം നീതിയിലും വിശുദ്ധിയിലും ആനന്ദമുള്ളവരായി ആത്മനിറവിൽ ജീവിതം കഴിപ്പാൻ ഇടയാകും.

അവരുടെ ഹൃദയം യഹോവയിൽ സന്തോഷിച്ചാനന്ദിക്കും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും. കർത്താവ് ഒരുവന്റെ ഹൃദയത്തിൽ വസിച്ചാൽ അവന്റെ വാക്കുകൾ എണ്ണപോലെ മൃദുവായിതീരും. പറക്കാരയ്ക്കും പകരം കൊഴുന്തു മുളയ്ക്കും. അത് സ്ത്രീകൾ മുടിയിൽ ചൂടുന്നതാണ്. നല്ല വാസന ചെടിയാണ്. അത് പച്ചയായിരുന്നാലും ഉണങ്ങിയിരുന്നാലും വാസനയുണ്ട്. (രാമച്ചംപോലെ) അതുപോലെ വീണ്ടും ജനനം പ്രാപിച്ച വ്യക്തി സുഗന്ധം വീശേണ്ടുന്നവനാണ്. ക്രിസ്തു നമ്മിൽ വസിച്ചാൽ നാം ദൈവത്തിനു സൗരഭ്യവാസന ആയിരിക്കും.

മുള്ളും ഞെരിഞ്ഞിലും മുളപ്പിക്കുന്ന ഭൂമിപോലെയിരുന്നാൽ ചുട്ടു കളകയത്രെ അതിന്റെ അവസാനം. ഇന്ന് എത്ര വിശ്വാസികൾ ആത്മീയ ആഹാരം ലഭിക്കാതെ മെലിഞ്ഞവരായിരിക്കുന്നു. ഫറവോൻ കണ്ട പശുക്കളെപ്പോലെ അവർ ആയിട്ടുണ്ട്.

യഹോവയുടെ നാമം പകർന്ന തൈലം സൗന്ദര്യമുള്ളതും ശ്രേഷ്ടവുമാണ്. അത് ഒരുവനിലേക്ക് വരുമ്പോൾ അവന്റെ ജീവിതം സൗന്ദര്യമുള്ളതായിത്തീരുന്നു. യഹോവ ഹൃദയത്തിൽ ഇല്ലെങ്കിൽ ആയിരം ഗുണങ്ങൾ അവനെക്കുറിച്ച് പറവാൻ ഉണ്ടെങ്കിലും അവനിൽ ഈ അനുഭവമില്ലെങ്കിൽ ആ ജീവിതം കൊണ്ട് എന്തു പ്രയോഗജനം. ദൈവത്തിന്റെ ന്യായപ്രമാണം തേൻ കട്ടയേക്കാൾ മധുരമുള്ളതായി ആയിരമായിരം പൊൻ വെള്ളി നാണയത്തേക്കാൾ വിലമതിക്കുമ്പോൾ പിന്നെ എങ്ങനെ യഹോവയുടെ സഖിത്വം അവനുണ്ടാകാതിരിക്കും.

കർത്താവിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെടുന്ന വ്യക്തി തന്റെ ഇഷ്ടപ്രകാരം ഒന്നും തെരഞ്ഞെടുക്കുകയില്ല. ദൈവഹിതം അന്വേഷിച്ചുകൊണ്ട് തന്റെ പരിപൂർണ്ണ ഹിതപ്രകാരമുള്ള ജീവിതവും കർത്താവിന്റെ ഇഷ്ടം അറിഞ്ഞുകൊണ്ട് അത് അനുസരിച്ച് മാത്രം ജീവിക്കുകയും ചെയ്യും. ആത്മീയ സത്യങ്ങളെയും ആചാരങ്ങളേയും മാറ്റി മനുഷ്യ സമ്പ്രദായങ്ങൾക്കും യുക്തികൾക്കും യോജിച്ച വിധത്തിൽ ഇന്നു മാറ്റി കളയുന്നത് നാം കാണുന്നുണ്ടല്ലോ. അവർ നിമ്രോദിന്റെ പിൻഗാമികളും ജീവിതമാറ്റം അവന്റെ കാലത്തെ ഇമിറ്റേഷനും തന്നെ. എന്നാൽ കർത്താവ് ഹൃദയത്തിൽ വസിച്ചാൽ അവൻ വചനാനുസരണവും തിരുഹിതപ്രകാരവും ആത്മീയസത്യങ്ങൾ പാലിക്കും. പിശാചിനു ഇടം കൊടുത്താൽ അവന് തന്റെ ആത്മീയ സന്തോഷം നഷ്ടപ്പെട്ട് അധഃപതിക്ക മാത്രമല്ല അവന്റെ നിത്യമായ അവകാശങ്ങൾ പലതും നഷ്ടപ്പെടും. അങ്ങനെ ലജ്ജിതനായിത്തീരും.

വീണ്ടും ജനിച്ച ഒരു വ്യക്തിയുടെ ഹൃദയത്തിൽ കർത്താവ് വസിക്കുമ്പോൾ അതിന്റെ ഫലമായി ഈ ദുഃഷ്ട ലോകത്തിൽ പ്രകാശിപ്പാൻ ഇടയായിത്തീരും. ഈ ലോക ജനത ആത്മീകാന്ധകാരമുള്ള ഈ ലോകത്തിൽ തപ്പി നടക്കുന്നവരാണ്. അവർ ഇരുട്ടിലാണ്. വക്രതയും കോട്ടവുമുള്ളവരാണ് ഈ ലോകർ. അവരുടെ മദ്ധ്യേ അനിന്യമായി, വിശുദ്ധമായ പരമാർത്ഥമായ വക്രതയില്ലാത്ത ജീവിതം നാം നയിക്കണം. അങ്ങനെ പ്രകാശം നൽകുന്നില്ലെങ്കിൽ ക്രിസ്തു നമ്മിൽ വസിക്കുന്നില്ല.

ജീവന്റെ വചനം പ്രമാണിക്കണം. തന്നിഷ്ടപ്രകാരം നടക്കുകയല്ല, തിരുഹൃദയത്തിനൊത്തവണ്ണം വെളിപ്പെടുത്തിതന്ന വചനം അനുസരിക്കണം. മുമ്പ് ദുഷ്ടന്മാരോടുകൂടി നടന്നവർ ഇപ്പോൾ വിശുദ്ധന്മാരോടുകൂടി നടക്കും. ശൗലിന്റെമേൽ ആത്മാവ് വന്നപ്പോൾ അവൻ ആൾ മാറിയതുപോലെ ആ വിധം വിശ്വാസിയുമായിത്തീരും. സംഭാഷണത്തിൽ വ്യത്യാസം, നോട്ടത്തിലും ഭാവത്തിലും വ്യത്യാസം. ദുഷ്ടന്മാരുടെ കൂട്ടുകെട്ടിൽ നിന്നു മാറി രാപ്പകൽ സ്വർഗ്ഗീയകാര്യങ്ങൾ ചിന്തിക്കുന്ന അനുഭവത്തിൽ എത്തിച്ചേരുന്നു.

പാപത്തിന്റെ ചതിയിൽപ്പെടാതിരിക്കുവാൻ ജീവിതത്തിന്റെ എല്ലാവശങ്ങളിലും സൂക്ഷിക്കുവാനും അതുമുഖാന്തരം പിശാചിന് അവനിൽ ഇടം വരാതിരിക്കുവാനും സാധിക്കും. ഒരിക്കൽ ലഭിച്ച ആത്മീയ നിറവും, സന്തോഷവും പ്രാകൽത്ഭ്യവും കൊണ്ട് ആയുഷ്കാലം മുഴുവൻ അങ്ങനെ ജീവിതം നയിക്കാം എന്നു വിചാരിച്ച് മദിച്ച്, മതിമറന്ന് പിന്നത്തേതിൽ പിശാചിന്റെ പിടിയിൽപ്പെട്ട് കുടുങ്ങി ദലീലയുടെ മടിയിൽ ഉറങ്ങി കാഴ്ചനഷ്ടപ്പെട്ട് ശത്രുക്കളുടെ മുമ്പിൽ കൂത്തുകാഴ്ച്ചയായി തീർന്നതുപോലെയുള്ള പല വിശ്വാസികളും ഉണ്ട്. ആയിരങ്ങളുടെ ബാര്യവും യൗവനവും പുകയത്തു വച്ച തുരുത്തിപോലെ ആയിത്തീരുമ്പോൾ ദൈവത്തിനു ബോധിച്ചവൻ ദൈവം കണ്ടവൻ. ദൈവം തിരഞ്ഞെടുത്തവൻ ദൈവത്തോടുകൂടെ ഏകാന്തതയിൽ കഴിയുന്നവന്റെ മഹത്വം എത്ര വലുത്. നമ്മുടെ ജീവിതം എങ്ങനെ ഇരിക്കുന്നു. കർത്താവ് വന്നു പാർക്കേണ്ടതിനായി ഒരുക്കപ്പെട്ടതാണോ എത്ര വലുത്. നമ്മുടെ ജീവിതം എങ്ങനെ ഇരിക്കുന്നു. കർത്താവ് വന്നു പാർക്കേണ്ടതിനായി ഒരുക്കപ്പെട്ടതാണോ? കർത്താവിന്റെ സന്നിധിയിൽ കുറ്റപ്പെടുത്തുന്ന മനസാക്ഷിയോട് കൂടെ മാത്രമേ നിനക്കു വരുവാൻ കഴിയുന്നുള്ളുവെങ്കിൽ മറ്റ് അവസരങ്ങളിൽ നിന്റെ ജീവിതം ശരിയല്ലെന്ന് അർത്ഥം. വീണ്ടും ജനിക്കാത്തവൻ പാപരോഗത്തിന്റെ പിടിയിലാണ്. ദൈവവുമായുള്ള സകല ബന്ധങ്ങളും വിഛേദിക്കപ്പെട്ടവനും അമരക്കാരനില്ലാത്ത പടകുപോലെയുമാണ്.

ഒരു പാപിയായ മനുഷ്യൻ നിത്യ നരകത്തിനായി വിധിക്കപ്പെട്ടിരിക്കുമ്പോൾ നീതിമാൻ നിത്യജീവനായി തിരഞ്ഞെടുക്കപ്പെട്ടവനാണ്. ദൈവസന്നിധിയിൽ അഭയം പ്രാപിക്കുന്ന വ്യക്തി ജീവിതത്തിന് അവൻ പുതിയൊരു ഹൃദയം തരിക മാത്രമല്ല, അവന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി ജഡത്തിൽ നിന്നു കല്ലായുള്ള ഹൃദയം നീക്കി മാംസളമായ ഹൃദയം നൽകുകയും അവന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി അവന്റെ വഴികളിൽ നടക്കുമാറാക്കുകയും ചെയ്യും. ജീവിതത്തെ അവസാനത്തോളം സൂക്ഷിച്ച് ജയാളികളായി കർത്താവിന്റെ മുമ്പിൽ വെളിപ്പെടുവാൻ കർത്താവ് ഏവർക്കും കൃപ നൽകുമാറാകട്ടെ.

# ദിവ്യനക്ഷത്രം കണ്ട വിദ്വാന്മാർ ഭാരതീയരോ?



തോമസ് തോന്നയ്ക്കൽ

യേശുവിന്റെ തിരുപ്പിറവി ദർശിക്കാൻപോയ കിഴക്കുനിന്നുള്ള വിജ്ഞാനികൾ ഇന്ത്യക്കാരാണെന്നു വിശ്വസിക്കുന്നവരുണ്ട്. കൂട്ടത്തിലൊരാൾ കേരളീയനാണെന്നും എറണാകുളം ജില്ലയിലെ പിറവത്തെ പ്രസിദ്ധമായ പാഴൂർമനത്തിലെ ജ്യോതിഷിയായിരുന്നെന്നും അഭിപ്രായമുണ്ട്. മൂന്നു രാജാക്കന്മാരുടെ പേരിലുള്ള പിറവത്തെ ക്രൈസ്തവ ദൈവാലയം പ്രസിദ്ധമാണ്.

യഥാർത്ഥത്തിൽ ഈ അവകാശവാദങ്ങളിൽ കഴമ്പുണ്ടോ? ചരിത്രവും വേദപുസ്തകവും എന്തു പറയുന്നു?

വിദ്വാന്മാർ എന്ന മാഗികൾ (ഗ്രീക്കിൽ മാഗോയി) ബാബേൽ സംസ്കൃതിയിലെ ഒരുവിഭാഗം പൗരോഹിത്യവംശജരും പ്രവാചകരും ശകുനവാദികളും സ്വപ്ന വ്യാഖ്യാതാക്കളുമായിരുന്നു. ദാനീയേൽ പ്രവചനത്തിൽ ബാബേലിലെ വിദ്വാന്മാരെന്നു പരാമർശമുണ്ട് (ദാനി.2:48). ഈ വിദ്വാന്മാരാണ് കിഴക്കുകണ്ട സവിശേഷ നക്ഷത്രത്തെ അന്വേഷിച്ചിറങ്ങിയത്. നക്ഷത്രം അവരെ ബെത്‌ലഹേമിൽ മശിഹയായി പിറന്നവന്റെ അടുക്കലെത്തിച്ചു. ഈ നക്ഷത്രം ഒരു സാധാരണ നക്ഷത്രമല്ലെന്നും അതൊരു ദൂതനായിരുന്നുന്നെന്നും അഭിപ്രായമുണ്ട്. ദൂതന്മാരെ നക്ഷത്രങ്ങളായി പരാമർശിക്കുന്ന നിരവധി വചനങ്ങളുണ്ട്. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാർ (വെളി.1:20). നക്ഷത്രങ്ങൾ ആകാശത്തുനിന്നു പൊരുതി (ന്യായ.5:20). വിദ്വാന്മാരെ നയിച്ചുകൊണ്ടുപോയത് ഒരു സ്വർഗീയ ദൂതനായിരുന്നിരിക്കാം.

യിസ്രായേലിലെ എഴുത്തുകാർ കിഴക്കെന്നു പരാമർശിച്ചിരിക്കുന്നത് ബാബിലോൺ, അസീറിയ, മേദ്യ-പേർഷ്യ രാജ്യങ്ങളെയാണ്. പൂർവദേശക്കാർ, കിഴക്കെ ദേശക്കാർ എന്നാണു പരാമർശം (യെശ.2:6; 11:14; യിരെ.49:28; യെഹെ.25:4,10). ഇന്ത്യ കിഴക്കാണെങ്കിലും ഹിന്ദുദേശമെന്നാണ് അറിയപ്പെട്ടത് (എസ്ഥേ.1:1). ഇന്ത്യാക്കാരായ ജ്യോതിഷികളാണ് ബെത്‌ലഹേമിൽ ശിശുവായ യേശുവിനെ കണ്ടുവണങ്ങിയതെന്നത് വെറും കെട്ടുകഥ. ബാബേലിലെ വിദ്വാന്മാരാണ് യേശുവിനെ കണ്ടത് എന്നതാണ് ആധികാരികം.

**ഇറാക്കിലെ പള്ളി**

ഇന്നത്തെ ഇറാക്കിൽ അസീറിയൻ സഭക്കാരുടെ ചെറിയൊരു പള്ളിയുണ്ട്. ശിശുവായ യേശുവിനെ ബെത്‌ലഹേമിൽ ചെന്നു കണ്ടുമടങ്ങിയ വിദ്വാന്മാർ സ്വന്തനാട്ടിൽ യേശുവിനു ഒരു ആരാധനയിടം പണിതു. ഇന്നത്തെ ക്രിസ്ത്യൻ പള്ളിയുടെ രൂപഭാവങ്ങളില്ലാത്ത അതൊരു കൽമണ്ഡപമായിരുന്നിരിക്കാം. യേശു ആരാധനയ്ക്കു യോഗ്യനെന്നു തെളിയിക്കുന്നതുമായി



ബന്ധപ്പെട്ട് ഒരു പാരമ്പര്യകഥയുണ്ട്. ബാബേലിലെ വിദ്വാന്മാർ ദൂരെ രാജ്യത്ത് പിറന്ന ഒരു പ്രവാചകന്റെ നക്ഷത്രം കാണുകയും വിശേഷ വസ്തുക്കളുമായി ആ പ്രവാചകനെ വണങ്ങി നമസ്കരിക്കാൻ പുറപ്പെടുകയും ചെയ്തു. പൊന്നും കുന്തുരിക്കവും മീറയുമായിരുന്നു വിശേഷ വസ്തുക്കൾ. അവർ ദിവ്യശിശുവിനു വിശേഷ വസ്തുക്കൾ അർപ്പിക്കുംമുൻപ് പറഞ്ഞു: "ശിശു ഭൂമിയിലെ രാജാവാണെങ്കിൽ പൊന്ന് സ്വീകരിക്കും. കുന്തുരുക്കം സ്വീകരിച്ചാൽ ദൈവാണെന്നും മീറ സ്വീകരിച്ചാൽ വൈദ്യനാണെന്നും" അവർ നിഗമനം ചെയ്തു. എന്നാൽ, അവരെ അതിശയപ്പെടുത്തിക്കൊണ്ട് ശിശു മൂന്നും സ്വീകരിച്ചു. യേശു യഥാർത്ഥ ദൈവവും യഥാർത്ഥ രാജാവും യഥാർത്ഥ വൈദ്യനുമാണെന്ന് വിദ്വാന്മാർ തിരിച്ചറിഞ്ഞു. ഒടുവിൽ മടങ്ങിയെത്തിയ വിദ്വാന്മാർ യേശുവിനുവേണ്ടി സ്വന്തനാട്ടിൽ ഒരു ആരാധനസ്ഥലമുണ്ടാക്കി. അവിടെയാണ് പിൽക്കാലത്ത് അസീറിയൻ പള്ളി പണിയപ്പെട്ടത്.

ആദിമ സഭയ്ക്ക യെരുശലേമിൽ പീഡയുണ്ടായപ്പോൾ സഭ ചിതറപ്പെട്ടു. ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ ബാബിലോണിനു പോകുകയും അവിടെ സ്വന്ത ജാതിക്കാരായ യെഹൂദന്മാർക്കിടയിൽ പ്രവർത്തിച്ച് ക്രിസ്തീയ സഭ സ്ഥാപിക്കുകയും ചെയ്തു. ഇന്നത്തെ ടർക്കിയുടെ ഭാഗമായ ഉർഫയ്ക്കടുത്തുള്ള എഡേസ ആദിമ സഭാ പ്രവർത്തനങ്ങളുടെ മുഖ്യകേന്ദ്രമായി മാറി. തോമാ ശ്ലീഹാ ബാബിലോണിൽ നിന്നാണ് ഇന്ത്യയിലെത്തിയത്.

**ക്രിസ്മസ് ഡിസംബറിലോ?**

കർത്താവായ യേശുക്രിസ്തു ചരിത്ര പുരുഷനായിരുന്നുവെന്നും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത് സത്യമാണെന്നും തെളിയിക്കുന്ന ആധികാരിക രേഖകൾ സുലഭമാണ്. എന്നാൽ, ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച് വർഷവും തീയതിയും രേഖപ്പെടുത്തിക്കാണുന്നില്ല. പ്രഥമ ക്രിസ്തീയ ചക്രവർത്തിയായ കോൺസ്റ്റന്റൈനാണ് ക്രിസ്മസ് ആചരണം ആരംഭിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ദേശീയോത്സവമായി ആചരിച്ച ഒരു വിജാതിയ ദേവന്റെ ജന്മദിനത്തെ ചക്രവർത്തി ക്രിസ്മസാക്കി മാറ്റി.

ക്രിസ്തു ജനിച്ചത് ഡിസംബറിലല്ല എന്നു വാദിക്കുന്നവർ നിരത്തുന്ന രണ്ടു പ്രധാന സംഗതികളാണ് ഇടയന്മാർ വെളിയിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്ത് പാർത്തു എന്നതും കനേഷ്മാരി കണക്കെടുപ്പിൽ പങ്കുചേരാൻ യോസേഫും മറിയവും പോയതും (ലൂക്കൊ.2:8,1). പലസ്തീന്റെ കാലാവസ്ഥയനുസരിച്ച് ഡിസംബർ മാസങ്ങളിൽ ഇടയന്മാർ ആടുകളെ കാവൽകാത്ത് പുറത്തുകിടക്കാറില്ല. ഒരു വേനൽക്കാല രാത്രിയിലാകാം ദൂതൻ പ്രത്യക്ഷപ്പെട്ട് ക്രിസ്തുവിന്റെ ജനന വാർത്ത അറിയിച്ചത്. പൗരന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന നിലയിൽ ശൈത്യകാലത്ത് പേർവഴി ചാർത്തലെന്ന കനേഷ്മാരി കണക്കെടുപ്പ് റോമൻസാമ്രാജ്യത്തിൽ നടത്താറില്ല. കാര്യമറിയാതെ കർത്താവിന്റെ ജന്മദിനം ഡിസംബറിൽ ആഘോഷിച്ചുതുടങ്ങിയത് ചക്രവർത്തി കോൺസ്റ്റന്റൈനാണ്. അതു ലോകമെമ്പാടും പ്രചാരത്തിലായി. ക്രിസ്തുവിന്റെ മനുഷ്യാവതാരം ഒരു യാഥാർഥ്യമായതിനാൽ ഇന്നുമത് ജനതകളെ പരിവർത്തനത്തിനു വിധേയമാക്കിക്കൊണ്ടിരിക്കുന്നു.

## ധ്യാനചിന്തകൾ

# ജയത്തിനു കുതിര വ്യർത്ഥമാകുന്നു

"കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു" (സദൃശ്യ.21:31)

പഴയ കാലങ്ങളിൽ രാജ്യങ്ങൾ തമ്മിൽ നടന്നു വന്നിരുന്ന യുദ്ധങ്ങളിൽ കുതിരകളെ ധാരാളമായി ഉപയോഗിച്ചിരുന്നു. അവ അനിവാര്യമായിരുന്നു. യിസ്രായേൽ രാജാവായിരുന്ന ശലോമോൻ ധാരാളം കുതിരകളെ മിസ്രയീമിൽ നിന്നും ഇന്നത്തെ ഈജ്പ്തി വാങ്ങിയിരുന്നു. അക്കാലങ്ങളിൽ മിസ്രയീമിലെ കുതിരകൾ ശ്രേഷ്ടമേറിയത് ആയിരുന്നു. മിസ്രയിമുമായി വ്യാപാരം ബന്ധം പാടില്ല എന്ന് യഹോവയായ ദൈവം കൽപ്പിച്ചിരുന്നു. അത് അവഗണിച്ചാണ് ശലോമോൻ ചെയ്തത്. പിൽക്കാലത്ത് അത് അവന്റെ പതനത്തിന്റെ കാരണങ്ങളിൽ ഒന്നായിരുന്നു. ശലോമോൻ തന്നെ വ്യക്തമാക്കിയിരിക്കുന്നു. കുതിരകളെ യുദ്ധദിവസത്തിനായി തയ്യാറാകുന്നു എന്നാൽ അത്യന്തപരമായി ജയം യഹോവയുടെ കയ്യിലാണ്. 33-ാം സങ്കീർത്തനത്തിൽ ഇപ്രകാരം വായിക്കുന്നു, "...ജയത്തിനു കുതിര വ്യർത്ഥമാകുന്നു" (വാക്യം. 17)

ജീവിത വിജയത്തിനായി ബാഹ്യ സന്നാഹങ്ങൾ ഒരുക്കുന്നതിന്റെ വ്യർത്ഥതയാണ് ഈ വചനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. അവ്വിധ ക്രമീകരണങ്ങൾ ചെയ്യുക എന്നത് മനുഷ്യ സഹജമാണ്, സർവ്വ സാധാരണവുമാണ്. കൈയ്യും കെട്ടി നിന്നാൽ ഒരു കാര്യവും സാധ്യമാവുകയില്ല. പരിശ്രമം ചെയ്യുന്നതിനെ വേദപുസ്തകം പ്രോത്സാഹിപ്പിക്കുന്നു. മനുഷ്യൻ അലസൻ ആയിരിപ്പാൻ പാടുള്ളതല്ല. ആദമിനും ഹവ്വയ്ക്കും ദൈവം വേലചെയ്‌വാനും തോട്ടം കാപ്പാനുമുള്ള നിർദ്ദേശം കൊടുത്തിരുന്നുവല്ലോ. ദൈവം മനുഷ്യനു തന്നിരിക്കുന്ന ബുദ്ധി, അറിവ്, പ്രാപ്തി ഇവ സമന്വയിപ്പിച്ച് വിജയത്തിനായി പ്രയത്നിക്കേണ്ടതാണ്.

എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്, ദൈവമാണ് എല്ലാറ്റിനും പൂർണ്ണത വരുത്തുന്നവൻ. വചനം പറയുന്നു "യഹോവ എനിക്കു വേണ്ടി സമാപ്തി വരുത്തും" (സങ്കീ.138:8) ഇംഗ്ലീഷ് പരിഭാഷ ശ്രദ്ധിക്കുക "The lord will perfect that which concern are" (NKSV) എന്നെ സംബന്ധിച്ചുള്ള സകലത്തിനും ദൈവം പൂർണ്ണത വരുത്തും). ഈ ചിന്ത ഒരുവനെ ദൈവാശ്രയത്തിന് നിർബ്ബന്ധിതനാക്കും.

ദൈവത്തെ കൂടാതെ ലോകം വെട്ടിപ്പിടിക്കുവാൻ പരിശ്രമിച്ചവരുണ്ട്. ശാസ്ത്ര നേട്ടങ്ങളുടെ പിൻബലത്തിൽ ദൈവത്തെ പടിക്കു പുറത്തു നിറുത്തിയവരുണ്ട്. അവരെല്ലാവരും ഒടുവിൽ തോൽവി സമ്മതിച്ച് ചരിത്രത്തിൽ മറഞ്ഞു. തങ്ങളുടെ ബുദ്ധിയിലും കഴിവിലും അമിതവിശ്വാസം വച്ചു പുലർത്തുന്നവർ സമൂഹത്തിൽ ധാരാളമുണ്ട്. ഒരു പരിധിവരെ അവർ വിജയിച്ചു എന്നും വരാം. എന്നാൽ പൂർണ്ണതയിൽ എത്തിച്ചേരുവാൻ സാധിക്കാതെ നിരാശയുടെ ഗർത്തത്തിൽ വീണ് കേഴുകയും ചെയ്യുന്നതായി ചരിത്രം സാക്ഷ്യം പറയുന്നു.

മിസ്രയീമ്യ ജ്ഞാനവും യുദ്ധമുറകളും അഭ്യസിച്ചിരുന്ന മോശെക്ക് തന്റെ കഴിവിൽ അമിത വിശ്വാസം ഉണ്ടായിരുന്നു. തന്റെ ശ്രമത്തിൽ മിസ്രായേൽ മക്കളെ മിസ്രയീം അടിമത്വത്തിൽ നിന്നും വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ അവന്റെ ബുദ്ധിയിൽ തെളിഞ്ഞു വന്നു. (മോശെയുടെ സമീപനത്തിലെ ആത്മാർത്ഥതയെ ആർക്കും ചോദ്യം ചെയ്യുവാൻ സാധിക്കുകയില്ല. എന്നാൽ അവൻ ദൈവത്തോടു ചോദിച്ചില്ല. തന്റെ പദ്ധതി നടത്തിപ്പ് സ്വയം ഏറ്റെടുത്തു. ഒരു മിസ്രയീമ്യനെ കൊന്ന് ശവം മറവു ചെയ്തു. അവന്റെ ചിന്ത ഇതായിരുന്നു, "ദൈവം താൻ മുഖാന്തിരം അവർക്കു രക്ഷ നൽകും എന്നു സഹോദരന്മാർ ഗ്രഹിക്കും എന്നു അവൻ നിരൂപിച്ചു." (അ.പ്ര.7:25) എന്നാൽ അവന്റെ നിരൂപണത്തെ ദൈവം അട്ടി മറിച്ചു. ദൈവത്തിന്റെ പദ്ധതിയിൽ മനുഷ്യന്റെ കൈകടത്തലുകൾ ദൈവം ഒരിക്കലും അനുവദിക്കുകയില്ല എന്നു മനസ്സിലാക്കേണ്ടതാണ്. എന്നാൽ പിന്നീട് ജനത്തെ അടിമത്വത്തിൽ നിന്നും വിടുവിക്കുവാനുള്ള പദ്ധതിയിൽ ദൈവം മോശെ ഉൾപ്പെടുത്തുകയും അതിന്റെ നേതൃത്വം അവനെ ഏൽപ്പിക്കുകയും അതിൽ വിജയം കൈവരിക്കയും ചെയ്തത് ചരിത്രം. മോശെക്ക് അതിനുള്ള കഴിവും പ്രാപ്തിയും ഉണ്ടെന്ന് ദൈവം നന്നായി അറിഞ്ഞിരുന്നു. അവനിൽ ഉണ്ടായിരുന്ന നേതൃത്വ പാടവം ദൈവം അംഗീകരിച്ചു എന്നു സാരം.

ദൈവത്തിനു വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കാതെ ദൈവ പദ്ധതിയിൽ പങ്കാളികൾ ആവുകയാണ് ഓരോരുത്തർക്കും വേണ്ടത്. തങ്ങൾക്കുള്ള പണത്തിന്റെ പിൻബലത്തിൽ ആത്മീയ പ്രവർത്തനങ്ങളെ വിലെക്കു വാങ്ങുന്ന പ്രവണത വർദ്ധിച്ചു വരുന്നു. കൂടുതൽ മുടക്കുന്നവൻ നേട്ടം കൊയ്യുന്നു. തങ്ങൾക്കുള്ള വിഭവശേഷികൾ മറ്റുള്ളവരുമായി പങ്കുവെച്ച് പ്രവർത്തനത്തിന്റെ ഭാഗമാകുന്നതിൽ തെറ്റു കാണുന്നില്ല. എന്നാൽ ഇവിടെ സ്വാർത്ഥ താൽപ്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്. തൽഫലമായി വിട്ടു വീഴ്ചയ്ക്കു തയ്യാറാവുകയും തൊടുന്യായങ്ങൾ പറഞ്ഞ് മുഖ്യ ധാരയിൽ നിന്നും വേറിട്ട് തങ്ങളുടെ മിഷൻ പ്രവർത്തനങ്ങളെ മാർക്കറ്റു ചെയ്യുന്നവർ വളരെയാണ്. മാർക്കറ്റിംഗ് തന്ത്രങ്ങളും പ്രസിദ്ധീകരണ മാനേജുമെന്റും തൽക്കാലം വിജയിച്ചു എന്നുവരാം. കാലത്തിനൊത്തവണ്ണം തന്ത്രം മാറ്റി പയറ്റിയില്ല എങ്കിൽ പരാജയമായിരിക്കും അത്തരക്കാർ നേരിടുന്നത്.

ദൈവസഭയുടെ വ്യാപനം മാനുഷീക കഴിവുകളെ അടിസ്ഥാനപ്പെടുത്തിയല്ല നടന്നിട്ടുള്ളത്. യേശു പ്രേഷിത ദൗത്യം ഏൽപ്പിച്ചത് കടലിൽ മാത്രം കഴിവുകൾ പ്രയോജനപ്പെടുത്തിയ സാമാന്യരായ മുക്കുവരെയാണല്ലോ. ചിലപ്പോൾ ഒക്കെ ശൂന്യത അവർ നേരിട്ടിട്ടുണ്ട്. (ഉദാ: ലൂക്കോ.5:5; യോഹ.21:5) ഇതൊക്കെ അവരുടെ ജീവിതത്തിൽ സാധാരണയായിരുന്നു. എന്നാൽ മനുഷ്യരെ പിടിക്കുന്ന ദൗത്യത്തിൽ അവർ പരാജയം എന്തെന്ന് അറിഞ്ഞില്ല. അവരുടെ വാക്ചാതുര്യമോ, ചെപ്പടി വിദ്യകളോ, രോഗശാന്തി ക്രൂസേഡോ, ശാപം മുറിക്കൽ ശുശ്രൂഷകളോ അല്ല അവർ പ്രയോജനപ്പെടുത്തിയത്. അവർ യേശുവിനോടു കൂടെ ആയിരുന്നവർ എന്ന് പൊതു സമൂഹം മനസ്സിലാക്കി. അതാണ് അവരെ വ്യത്യസ്ഥരാക്കിയത്.

പൗലോസ് അപ്പൊസ്തലൻ ഏറ്റം പറഞ്ഞു, "എങ്കിലും ഞാനാകുന്നത് കൃപയാൽ ആകുന്നു; ഞാനല്ല എന്നോടു കൂടെയുള്ള ദൈവകൃപയത്രേ." (1കൊരി.15;10) ഇവ്വിധ ചിന്താധാരയിലാണ് ഒരുവൻ ചരിക്കേണ്ടത്. ദൈവ വചനത്തിൽ നിന്നും എത്രയധികം ഉദാഹരണങ്ങൾ നിരത്തുവാനുണ്ട്. തന്റെ പദ്ധതികളുടെ പൂർത്തീകരണത്തിന് ദൈവം എപ്പോഴും മനുഷ്യരെ ഉപയോഗിക്കുന്നു. അവനിൽ വിശ്വസിക്കുകയും അനുസരിക്കുകയും പൂർണ്ണമായി തനിക്ക് വിധേയപ്പെടുന്നവരേയും കർത്താവു ഇന്നും തേടുന്നു; ആകയാൽ ദൈവകരങ്ങളിൽ സമ്പൂർണ്ണമായി സമർപ്പിക്കാം.

**പ്രാർത്ഥന:** *കർത്താവേ അങ്ങയുടെ ഹിതം മനസ്സിലാക്കി അങ്ങയുടെ പദ്ധതികളിൽ ഒരു പങ്കാളിയായി എന്നെ ഉപയോഗിക്കേണം. എനിക്ക് പുകഴുവാൻ യാതൊന്നും ഇല്ല എന്ന് ഞാൻ സമ്മതിക്കുന്നു. കൃപധാരാളമായി പകരേണമേ. ആമേൻ*

## വാർദ്ധക്യത്തെ വസന്തമാക്കണം!

(8-ാം പേജ് തുടർച്ച)

കരമായും ഇതിൽ പറയുന്നു. ക്രിമിനൽ നടപടി ക്രമത്തിൽ 125-ാം വകുപ്പ് പ്രകാരം മാതാപിതാക്കൾക്ക് സംരക്ഷണചെലവിനുള്ള അവകാശമുള്ള കാര്യം പ്രഖ്യാപിക്കുന്നു.

**എന്തുചെയ്യണം ?**

പ്രാദേശിക തലത്തിൽ വയോജന കൂട്ടായ്മകൾ സംഘടിപ്പിക്കുക പ്രാദേശിക സർക്കാരുകളോ, സന്നദ്ധ സംഘടനകളോ വയോജന വേദികളോ ഇതിനായി മുന്നിട്ടിറങ്ങണം. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള അയൽസഭകളിലെ വയോജനങ്ങൾക്കുവേണ്ടി വയോജനസഭകൾ രൂപീകരിക്കുന്നത് നല്ലതാണ്. മാസത്തിൽ ഒരിക്കലെങ്കിലും അവർക്കിഷ്ടമുള്ളിടത്ത് ഒന്നിച്ചുകൂടുവാനും, അനുഭവങ്ങൾ പങ്കിടുവാനും, കലാപരിപാടികൾ അവതരിപ്പിക്കാനുമുള്ള അവസരം ഒരുക്കണം. ഇത്തരം പരിപാടികളെ നീണ്ട ഉദ്ഘാടനങ്ങൾ നടത്തി വിരൂപമാക്കാതിരിക്കുക. വയോജനങ്ങൾക്കുവേണ്ടിയുള്ള എല്ലാപരിപാടികളും പൂർണ്ണമായും വയോജന സൗഹൃദമായിരിക്കണം.

**അഗ്രഗാമികൾ**

1912 ൽ അമേരിക്കയിൽ നിന്നും ഇന്ത്യയിലെത്തി സുവിശേഷീകരണ രംഗത്തും സഭാസ്ഥാപനത്തിലും അക്ഷീണം അടരാടുകയും, ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്ത മിഷനറി വര്യൻ റവ. റോബർട്ട് എഫ് കുക്കിന്റെ ജീവിതത്തെ പുതുതലമുറയ്ക്ക് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുകയാണ്. പാസ്റ്റർ ജെ. ജോസഫും പാസ്റ്റർ സണ്ണി പി. സാമുവേലും രചിച്ച 'ഇന്ത്യ ദൈവസഭാ ചരിത്രം' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഭാഗങ്ങൾ തുടർന്ന് വായിക്കാം.

# ഭാരതത്തെ സ്നേഹിച്ച കുക്ക് സായിപ്പ് 9



**സ്നാനത്തിനുശേഷം ഒരു വലിയ ജനക്കൂട്ടം പാസ്റ്ററുടെ അടുത്തുവന്ന് സമീപത്തുള്ള തങ്ങളുടെ ഗ്രാമത്തിലും ഒരു യോഗം നടത്തണമെന്ന് ആവശ്യപ്പെട്ടു. ബുധനാഴ്ച്ചവരെ റാന്നിയുടെ വടക്കുഭാഗത്ത് മറ്റുയോഗങ്ങൾക്ക് താൻ വാക്കുകൊടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം മറ്റു പ്രോഗ്രാമുകളും നേരത്തെ ക്രമീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. അവസാനം ബുധനാഴ്ച്ച രാത്രിയിൽ അവരുടെ താല്പര്യപ്രകാരം അവരുടെ ഗ്രാമത്തിൽ ഒരു യോഗം നടത്തുവാൻ പാസ്റ്റർ കുക്ക് തീരുമാനിച്ചു.**

കുമ്പനാട്ടു നിന്നും മൂന്നുമണിക്ക് യാത്ര തിരിച്ച് മലകളും താഴ്വരകളും കടന്ന് എട്ടുമൈൽ യാത്ര ചെയ്ത് മലകളുടെ മുകളിലുള്ള ഏഴുമറ്റൂർ എന്ന ഗ്രാമത്തിൽ എത്തി. അവിടെ അധികം ആളുകൾ മീറ്റിംഗിൽ സംബന്ധിക്കുകയും ഒരു വലിയ ഉണർവ്വ് ഉണ്ടാകുകയും ചെയ്തു. അനേകരോഗികൾ സൈഖ്യം പ്രാപിച്ചു. യേശുവിന്റെ നാമത്തിൽ ബാധകൾ ഒഴിഞ്ഞു പോയി. പിശാചുമാറിയ ആരു സിറിയൻ സ്ത്രീയുടെ കാര്യമായിരുന്നു പ്രധാനം. അവളെ ഒരു സന്ധ്യക്കാണ് പാസ്റ്റർ കുക്കിന്റെ സമീപം കൊണ്ടുവന്നത്. കുടിലിനു സമീപം അവളെ കൊണ്ടുവന്നപ്പോൾ അവൾ ഞങ്ങൾ സാഹിബിന്റെ മുമ്പിൽ വച്ചു സംസാരിക്കുകയില്ല എന്നു പറഞ്ഞു. അവളെ ബാധിച്ചിരുന്ന ദുരാത്മാക്കൾ ആണ് ഇങ്ങനെ പറഞ്ഞത്. അവളെ പാസ്റ്റർ താമസിച്ചിരുന്ന മുറിയിലെ ഒരു കട്ടിലിൽ ഇരുത്തി. വിശ്വാസികൾ ചുറ്റും നിന്നു. ശക്തമായ രീതിയിൽ യേശുവിന്റെ നാമത്തിൽ പാസ്റ്റർ കുക്ക് പൈശാചിക ശക്തിയെ ശാസിച്ചു. ആ സ്ത്രീ വളരെ അസ്വസ്ഥയായി തീർന്നു. അവൾ ഒരു അക്ഷരവും പറഞ്ഞില്ല. എന്നാൽ അതിവേദനയോടെ പെട്ടെന്ന് അവൾ കട്ടിലിൽ ഒരു വശത്തേക്കു വീണു. അവൾ ഒരു വലിയ ശക്തിയുമായി പോരാട്ടം നടത്തുന്നതായി ആർക്കും തോന്നുമായിരുന്നു. അവസാനം യേശു വിജയം വരിച്ചു. അവൾ കൈകൾ മുകളിലേക്ക് ഉയർത്തി. സ്തോത്രം യേശുവിന്റെ രക്തത്താൽ ജയം അവൾ പറഞ്ഞു. എല്ലാവരും ദൈവത്തിന് അത്യുച്ചത്തിൽ സ്തോത്രം കരേറ്റി. ഇവിടെ നടന്ന യോഗത്തിൽ ഇരുപത്തി ആറു വിശ്വാസികൾ സ്നാനപ്പെട്ടു.

ഏഴുമറ്റൂരിൽ നിന്നും അഞ്ചു മൈൽ ദൂരെയുള്ള പെരുമ്പെട്ടിയിലായിരുന്നു പീന്നീട് സുവിശേഷവേല. ഈ യാത്രയിൽ അനേകർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പാസ്റ്റർ കുക്കിനെ ക്ഷണിച്ചു. പാമ്പുകടിയേറ്റ് ഗവൺമെന്റാശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു വന്ന ഒരാൾ പാസ്റ്റർ അതുവഴി വന്ന വിവരം അറിഞ്ഞു. അയാളുടെ കാല്പ്പത്തി പാമ്പുകടി ഏറ്റ സ്ഥലം പഴുത്ത് അളിഞ്ഞിരുന്നു. അയാൾ വളരെ അവശനായിരുന്നു. പാസ്റ്റർ കുക്കിനെ അയാളുടെ മുറിയിലേക്ക് ഒരു വിശ്വാസി കൊണ്ടുപോയി. അവനുവേണ്ടി പാസ്റ്റർ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവൻ മുറിയിൽ ക്രമേണ നടന്നു. ദൈവം അത്ഭുതകരമായി അയാളെ വിടുവിച്ചു.

ഉച്ചയായപ്പോഴേക്കും പെരുമ്പെട്ടിയിൽ എത്തി. ഇവിടെ വന്നെത്താൻ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. കുറെ യാത്ര ചെയ്തപ്പോൾ സൈക്കിൾ ഒരിടത്തു വച്ചിട്ടാണ് യാത്ര തുടർന്നത്. ഒരു സ്ഥലത്തു വച്ച് പാസ്റ്റർ കുക്കിനെ ചില സ്നേഹിതന്മാർ എടുക്കേണ്ടി വന്നു. തന്നെ എടുത്തിരുന്ന ഒരാൾ ബലഹീനനായിരുന്നു. അയാളുടെ കയ്യിൽ നിന്നും വഴുതി പാസ്റ്റർ ചള്ളയിൽ വീണു. തുടർന്ന് മുപ്പതു മിനിട്ട് കുത്തനെയുള്ള മലകയറി പെരുമ്പെട്ടിയിൽ എത്തി. ഒരു ദിവസം അവിടെ താഴ് വരയിൽ വലിയ ശബ്ദഘോഷം കേട്ടു. പാസ്റ്റർ ഇതിനെപ്പറ്റി അന്വേഷിച്ചപ്പോൾ അവിടെ ഹിന്ദുക്കളുടെ ഒരു ഉത്സവം നടക്കുകയാണെന്നു ബോദ്ധ്യമായി. അവർ സ്വാമി സ്വാമി എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ടിരുന്നു. ജീവനില്ലാത്ത ദൈവത്തിന് ഇവർ ഇത്രയും ഉച്ചത്തിൽ ശരണം വിളിക്കുമെങ്കിൽ ജീവനുള്ള ദൈവത്തെ എത്രമാത്രം വിളിക്കണം എന്ന് പാസ്റ്റർ കുക്ക് ഉദ്ബോധിപ്പിച്ചു.

ഇവിടെ ഒരു ചെറിയ കൂടിവരവ് ആരംഭിച്ചു. അവർക്കുവേണ്ടി ഒരു ചെറിയ പ്രാർത്ഥനാലയവും നിർമ്മിച്ചു. ഇവിടെവച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥനകൾ നടന്നു. ഒരു ദിവസം ഒരു ഹിന്ദുവനിതയെ പ്രാർത്ഥിക്കുവാൻ കൊണ്ടുവന്നു. അവൾക്ക് യഥാർത്ഥത്തിൽ പിശാചുബാധയായിരുന്നു. അവൾക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവൾ നിലത്ത് കിടന്ന് ഉരുളുകയും പുളയുകയും ചെയ്തു. ശരീരം മുഴുവൻ വിയർത്ത് ഒലിച്ചു. യേശുവിന്റെ നാമത്തിൽ ശാസിക്കുന്തോറും അവൾ കൂടിതൽ വളഞ്ഞു കഷ്ടപ്പെട്ടു. പതിനഞ്ചു മിനിറ്റുകൾക്കു ശേഷം വിജയം കൈവന്നു. ദൈവത്തിനു മഹത്വം ഉണ്ടാകട്ടെ. അവൾ എഴുന്നേറ്റിരുന്നു വെള്ളത്തിനു വേണ്ടി യാചിച്ചു. അവളുടെ നാവു ചലിക്കുവാൻ വിഷമം തോന്നി. ക്രിസ്തുവിന്റെ രക്തത്താൽ ജയം എന്നു പറയുവാൻ പാസ്റ്റർ ആവശ്യപ്പെട്ടു. അവൾ യോഗത്തിൽ സംബന്ധിച്ചു. അവരുടെ മുഖം കൂടുതൽ പ്രസന്നമായിരുന്നു. അവൾ സുഖം പ്രാപിച്ചു. പെരുമ്പെട്ടിയിലെ സുവിശേഷയോഗങ്ങൾക്കുശേഷം റാന്നിയിൽ യോഗങ്ങൾക്കുവേണ്ടി പോയി. കടുംതൂക്കായ മലകളിൽ കൂടി സൈക്കിളിൽ ആണ് പോയത്. ചിലപ്പോൾ യാത്രക്കിടയിൽ സൈക്കിൾ ചുമക്കേണ്ടതായി വന്നു. വഴിയരികിൽ ഒരു സ്ത്രീ നന്ദി സൂചകമായി ഒരു ഗ്ലാസ് പാൽ പാസ്റ്റർ കുക്കിനു നല്കി. എന്നാൽ നന്ദിപൂർവ്വം അദ്ദേഹം അതു നിരാകരിച്ചു. (ശരിയായി തിളപ്പിച്ചതാണോ എന്ന് ഉത്തമബോദ്ധ്യം വന്നില്ലെങ്കിൽ അദ്ദേഹം പാൽ കുടിക്കാറില്ലായിരുന്നു.) അപ്പോൾ അവർ ചില പഴുത്ത ഏത്തയ്ക്കാ കൊണ്ടുവന്നു. സന്തോഷത്തോടെ അദ്ദേഹം അതു ഭക്ഷിച്ചു. കഴിഞ്ഞ യോഗങ്ങളിൽ അവരുടെ മകൻ സന്തോഷത്തോടെ സംബന്ധിച്ചിരുന്നു എന്ന് അവർ പറഞ്ഞു. ഇനി അവരുടെ വീടിനടുത്ത് അവരുടെ സ്ഥലത്ത് ഒരു യോഗം നടത്തണമെന്ന് അവർ താല്പര്യപ്പെടുകയും പാസ്റ്റർ കുക്ക് അതു സമ്മതിക്കുകയും ചെയ്തു. രണ്ടു മൈൽ യാത്ര ചെയ്ത് അവർ ഒരു റോഡരുകിൽ എത്തി. അവിടെ ഇവരെ കാത്തു നിന്ന ചില ആളുകളോടൊത്ത് വനങ്ങളിലൂടെ യാത്ര ചെയ്തു. ഈ സഹായികൾ പാസ്റ്റർ കുക്കിന്റെ ബാഗുകളും സൈക്കിളും ചുമന്ന് ഏതാണ്ട് രണ്ടു മൈൽ നടന്ന് ഒരു പ്രദേശത്ത് എത്തി. അവിടുത്തെ ഒരു കുന്നിന്റെ ചരിവിലായിരുന്നു തനിക്കു താമസിക്കേണ്ടിയിരുന്ന കുടിൽ. അടുത്ത ആറു ദിവസം അവിടെയായിരുന്നു താമസിക്കേണ്ടിയിരുന്നത്. സാമാന്യം വലിയ ഒരു പന്തൽ അവിടെ ഇട്ടിരുന്നു. ആയിരത്തിൽപരം ആളുകൾക്ക് അവിടെ ഇരുന്നു പ്രസംഗം കേൾക്കുവാൻ കഴിയുമായിരുന്നു. ചന്തസ്ഥലത്ത് യോഗത്തെപ്പറ്റിയുള്ള വിവരം പരസ്യം ചെയ്തു. പോസ്റ്ററുകൾ ഭിത്തികളിൽ പതിച്ചു. ഒന്നാമത്തെ രാത്രിയിൽ ഒര മഴ ഉണ്ടായിരുന്നതിനാൻ അധികം ആളുകൾ വന്നുചേർന്നില്ല. അതിനാൽ ഒരു പ്രാർത്ഥനായോഗം മാത്രം ആ രാത്രി നടത്തി. അടുത്ത രാത്രി അഞ്ഞുറോളം പേർ യോഗത്തിൽ സംബന്ധിച്ചു. ഓരോ രാത്രിയിലും ജനങ്ങൾ വർദ്ധിച്ചു വന്നു. രാവിലത്തെ യോഗങ്ങളിലും ആളുകൾ ധാരാളമായി സംബന്ധിച്ചിരുന്നു. ഉച്ചവരെ യോഗം നടന്നുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. അനേകർ ഈ യോഗങ്ങളിൽ സൗഖ്യം പ്രാപിച്ചു.

യോഗസ്ഥലത്ത് കഠിനമായ ശാരീരികാസ്വാസ്ഥ്യത്താൽ താഴെ കിടന്നുകൊണ്ട് യോഗം കേട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു. അവരുടെ അവസ്ഥ പാസ്റ്റർ കുക്കിനെ വളരെ വിഷമിപ്പിച്ചു. ഇടയ്ക്കിടയ്ക്ക് ഒരു ചിരട്ടയിൽ അവർ തുപ്പുന്നുണ്ടായിരുന്നു. പ്രാർത്ഥനാസമയത്ത് അതീവ മാനസീക ഭാരത്തോടെ അവർ കരഞ്ഞു പ്രാർത്ഥിച്ചു. അവർ സുഖം പ്രാപിച്ചു. യോഗസ്ഥലത്തു നിന്നും അവർ നടന്നാണ് മടങ്ങിപ്പോയത്. രോഗികളായി വീടുകളിൽ കിടന്നവർക്കു വേണ്ടിയും പ്രാർത്ഥിച്ചു. ദൂരെയുള്ള ഒരു സ്ഥലത്തുനിന്നും വന്ന ഒരു യുവാവ് തികച്ചും തളർന്നു കിടക്കുന്ന തന്റെ ഭാര്യക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വീട്ടിലേക്കു പാസ്റ്ററെ ക്ഷണിച്ചു. എന്നാൽ നടന്നുപോകുവാൻ പ്രയാസമായതിനാൽ ഒരു പുതപ്പ് പ്രാർത്ഥിച്ചു പാസ്റ്റർ കൊടുത്തയച്ചു. ഇതു ധരിപ്പിച്ച് പ്രാർത്ഥിക്കുവാൻ രണ്ടു സഹപ്രവർത്തകരെയും അയച്ചു. അവർ പ്രാർത്ഥന കഴിഞ്ഞ് സന്തോഷത്തോടെ മടങ്ങിവന്നു. ആ സ്ത്രീ കിടക്കയിൽ ഏഴുന്നേറ്റിരുന്നു ആഹാരം കഴിച്ചു. അവൾ പൂർണ്ണമായി സുഖം പ്രാപിച്ചു. അടുത്ത ദിവസം അവൾ യോഗസ്ഥലത്തു നടന്നുവന്ന് ദൈവത്തെ സാക്ഷിച്ചു. അവസാനയോഗത്തിൽ ഞായറാഴ്ച്ച ആയിരത്തിൽപരം ആളുകൾ യോഗം കേൾക്കുവാൻ എത്തി. യോഹ. 24:26 ആധാരമാക്കി പ്രസംഗിച്ചു. ജനാവലി ഒരു സ്നാനശുശ്രൂഷയ്ക്കുവേണ്ടി പാസ്റ്ററോടൊത്ത് ആറ്ററികിലേക്കു നടന്നു.മണൽത്തിട്ടയിൽ ഇരുന്നവർക്ക് ഗ്രഹിക്കുവാൻ തക്കവണ്ണം മുഴുകൽ സ്നാനത്തപ്പറ്റി പാസ്റ്റർ പ്രസംഗിച്ചു. പലർക്കും ഇത് അത്യാവശ്യമാണെന്ന് ബോദ്ധ്യമായി. എന്നാൽ മാതൃസഭയിൽ നിന്നുള്ള എതിർപ്പുമൂലം അതിനു തയ്യാറായില്ല എന്നു മാത്രം. നാല്പതുപേർ സ്നാനം സ്വീകരിച്ചു. ഇവരിൽ അനേകരും അവസാനയോഗത്തിൽ വളരെ അനുഗ്രഹിക്കപ്പെട്ട സാക്ഷ്യങ്ങൽ പറഞ്ഞു.

സ്നാനത്തിനുശേഷം ഒരു വലിയ ജനക്കൂട്ടം പാസ്റ്ററുടെ അടുത്തുവന്ന് സമീപത്തുള്ള തങ്ങളുടെ ഗ്രാമത്തിലും ഒരു യോഗം നടത്തണമെന്ന് ആവശ്യപ്പെട്ടു. ബുധനാഴ്ച്ചവരെ റാന്നിയുടെ വടക്കുഭാഗത്ത് മറ്റുയോഗങ്ങൾക്ക് താൻ വാക്കുകൊടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം മറ്റു പ്രോഗ്രാമുകളും നേരത്തെ ക്രമീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. അവസാനം ബുധനാഴ്ച്ച രാത്രിയിൽ അവരുടെ താല്പര്യപ്രകാരം അവരുടെ ഗ്രാമത്തിൽ ഒരു യോഗം നടത്തുവാൻ പാസ്റ്റർ കുക്ക് തീരുമാനിച്ചു. ജനങ്ങൾ ഉല്ലാസപൂർവ്വം പ്രചരണപരിപാടികൾ നടത്തി. എല്ലായിടത്തും പോസ്റ്ററുകൾ പറ്റിച്ചു. ബുധനാഴ്ച്ച യോഗത്തെപ്പറ്റി ജനങ്ങൾ വിളിച്ചറിയിച്ചിരുന്നു. ഞായറാഴ്ച്ച ആരാധന വളരെ ദീർഘമായിരുന്നു. അതിനാൽ അന്ന് രാത്രി യോഗം ഉണ്ടായിരുന്നില്ല. പകൽ ഭക്ഷണം കഴിക്കുന്നതിനുപോലും പാസ്റ്റർ കുക്കിന് സാധിച്ചില്ല. അതിമനോഹരമായ ശുശ്രൂഷയായിരുന്നു അവിടെ നടന്നത്.

ബുധനാഴ്ച്ച പുതിയ യോഗസ്ഥലത്ത് എത്തിയപ്പോഴേ പ്രാർത്ഥനയ്ക്കായി ആളുകൾ വന്നുകൂടി. ഒരു സ്ത്രീയെ ഒരു കമ്പിളിയിൽ തണ്ടുകെട്ടി അവിടെ എടുത്തു കൊണ്ടുവന്നു. പിശാചുബാധയുള്ള ഒരു സ്ത്രീയായിരുന്നു അത്. പാസ്റ്റർ ആ സ്ത്രീയോടോത്തു വന്നവരെല്ലാം തന്നോടൊത്തു മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അവൾ എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും ഒരു പട്ടിയെപ്പോലെ ചടഞ്ഞുകൂടി കിടക്കുകയായിരുന്നു. യേശുവിന്റെ നാമത്തിൽ പാസ്റ്റർ പിശാചിനെ ശാസിച്ചു. അവസാനം വിജയം വരിച്ചു. രോഗിണി സൗഖ്യം പ്രാപിച്ചു. നേരത്തെതന്നെ അവൾ നടക്കുവാൻ സ്വാധീനം ഇല്ലാത്തവളായിരുന്നു. ഭർത്താവിന്റെ തോളിൽ പിടിച്ച് അവൾ നടന്നുപോയി. ജയം കൊള്ളും നാമം എന്ന പാട്ട് ആഹ്ലാദത്തോടെ പാടിക്കൊണ്ടിരുന്നു. അവളെ കിടത്തിക്കൊണ്ടുവന്ന കമ്പിളിപുതപ്പും മുളങ്കാലുകളും വിജയത്തിന്റെ പതാക പോലെ അയാൾ ചുമലിൽ വഹിച്ചിരുന്നു. പ്രഭാതത്തിലെ യോഗത്തിൽ അത്ഭുതകരമായി രോഗശാന്തി ലഭിച്ച വിവരം എല്ലായിടത്തും പരസ്യമായി. വൈകിട്ടത്തെ യോഗത്തിനു മുമ്പ് പതിനാലുപേർ കൂടി നദിയിൽ സ്നാനപ്പെട്ടു. ഒരു രാത്രിയിലേക്ക് ഒരു പന്തൽ ഇടുന്നത് വ്യയഹേതുകമാകയാൽ ഒരു കെട്ടിടത്തിന്റെ വരാന്തയിൽ ആണ് യോഗം ക്രമീകരിച്ചിരുന്നത്. തുറസ്സായ സ്ഥലത്ത് ജനങ്ങൽക്ക് ഇരിക്കുവാൻ സൗകര്യം ഉണ്ടായിരുന്നു. ഗ്രാമത്തിലെ പ്രധാനപ്പെട്ട ആളുകൾക്കുവേണ്ടി ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരുന്നു. പാസ്റ്റർ കുക്ക് തന്റെ രണ്ടു ഗ്യാസ് വിളക്കുകൾ യോഗസ്ഥലത്തു തൂക്കിയിട്ടു. ജനങ്ങൽ വരാന്തയിലേക്കു തള്ളിക്കയറിയതിനാൽ പാസ്റ്റർ കുക്കിന് പ്രസംഗിക്കുന്നതിനു തന്നെ പ്രയാസമായിരുന്നു. ആറ്റിൽ വള്ളത്തിൽ നിന്നു ജനങ്ങൾ സുവിശേഷം കേട്ടു. വള്ളങ്ങൾ നിരനിരയായി കിടക്കുന്നത് മനോഹരമായ ഒരു കാഴ്ച്ചയായിരുന്നു.

വെളിപ്പാട് 3:20 ആധാരമാക്കിയായിരുന്നു പ്രസംഗം. രോഗികളായ അനേകർ രോഗശാന്തിക്കായി പ്രാർത്ഥനയ്ക്കെത്തി. ചിലർ പാസ്റ്റർ കുക്കിന്റെ കാല്ക്കൽ വീണു. അനേകർക്കു രോഗശാന്തി ലഭിച്ചു. ഒരു രാത്രിയിലെ യോഗം കഴിഞ്ഞ് വള്ളത്തിൽ മടങ്ങുമ്പോൾ അനേക ഗ്രാമീണരുടെ വള്ളങ്ങൾ അകമ്പടി നിന്നു. അവർ വളരെ ദുഃഖത്തോടെയാണ് പാസ്റ്റർ കുക്കിന് വിട പറഞ്ഞത്. ജനങ്ങൾക്ക് താമസിയാതെ ഒരു യോഗത്തിന് അവിടെ എത്താമെന്ന് ഉറപ്പുകൊടുത്തിട്ടാണ് അദ്ദേഹം പോയത്. ഇരുപതു മൈൽ ദൂരം വള്ളത്തിൽ യാത്ര ചെയ്തു. ഇടയ്ക്കിടെ നദിയിൽ വെള്ളം കുറവായതിനാൽ വള്ളം മണൽത്തിട്ടയിൽ ഉറയ്ക്കാതിരിക്കാൻ വള്ളക്കാരൻ വെള്ളത്തിൽ ഇറങ്ങി വള്ളം തെള്ളി. വള്ളം ഊന്നുന്ന ആളിന് സന്തോഷത്തിനുവേണ്ടി പാസ്റ്റർ കുക്ക് കഴിവതും ഉറങ്ങാതെ കഴിഞ്ഞു. ആറുമണിയായപ്പോൾ കൊട്ടാരക്കരക്കുള്ള ബസ് കിട്ടാവുന്ന സ്ഥലത്തെത്തി. വള്ളം ഇറങ്ങി രണ്ടു മൈൽ ദൂരം കൂടെ നടന്നാണ് കൊട്ടാരക്കരക്കുള്ള ബസ് കയറിയത്.

# നിത്യതയിൽ

### പാസ്റ്റർ പി.എം. ജോർജ്ജ്



**തണ്ണിത്തോട്:** പാണം തലയ്ക്കൽ പാസ്റ്റർ പി.എം. ജോർജിന്റെ (89) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് തണ്ണിത്തോട് ശാലേം സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസിന്റെ നേതൃത്വത്തിൽ നടത്തി. ഭാര്യ പരേതയായ ചിന്നമ്മ ജോർജ് തുമ്പമൺ ചെറിയത്ത് താഴേതിൽ കുടുംബാംഗം. മക്കൾ: ലിസ്സി (രാജസ്ഥാൻ), രാജു (യുഎസ്എ), സാം കുട്ടി (തണ്ണിത്തോട്), ലാലി (തുമ്പമൺ), ജോർജ് തോമസ് (മാലിദീപ്). മരുമക്കൾ: പാസ്റ്റർ പി.ജി വർഗീസ് (രാജസ്ഥാൻ), ശാന്തമ്മ (യുഎസ്എ), സൂസമ്മ (തണ്ണിത്തോട്), അലക്സ് (തുമ്പമൺ), ജയമോൾ (മാലിദീപ്).

### മിനി പോൾസൺ



**ഡാളസ്സ്:** പാസ്റ്റർ വൈ. സഖറിയായുടെ മകൻ പോൾസൺ സഖറിയായുടെ ഭാര്യ മിനി പോൾസൺ 55 വയസ്സ്, ഡാളസ്സിൽ നടന്ന കാർ അപകടത്തെത്തുടർന്നു നിത്യതയിൽ ചേർക്കപ്പെട്ടു. തിരുവല്ല വാരിക്കാട്ട് പുത്തൻപറമ്പിൽ ശ്രീമാൻ ജോൺ ചാണ്ടിയുടെയും, ശ്രീമതി മേരി ജോണിന്റെയും മകളാണ് മിനി. ഡാളസ്സിൽ ആർ. എൻ. ആയി ജോലി നോക്കിക്കൊണ്ടിരുന്ന മിനി ഡ്യൂട്ടി കഴിഞ്ഞ് ഭർത്താവ് പോൾസണും ഒന്നിച്ച് ഭവനത്തിലേക്കു മടങ്ങുമ്പോൾ മറ്റ് ഒരു കാർ ഇടിച്ച് അപകടത്തിൽ ആണ് മിനി മരിച്ചത്. ഭർത്താവിന് ഗുരുതരമല്ലാത്ത പരുക്കുകളോട് രക്ഷപ്പെട്ടു. ഡാളസ്സിൽ ക്രോസ്സ് വിയു ചർച്ച് ഓഫ് ഗോഡ് അംഗങ്ങൾ ആണ്. 20-ാം തീയതി വൈകിട്ടു മെമ്മോറിയൽ സർവ്വീസും 21-ാം തീയതി രാവിലെ ശവസംസ്കാര ശുശ്രൂഷയും നടന്നു. മക്കൾ : ഷെർവിൻ, ഷോബിൻ, ജോഷിൻ, ജെസിൻ. പാസ്റ്റർ ജോൺസൺ സഖറിയ, സാംസൺ സഖറിയ എന്നിവർ പോൾസന്റെ സഹോദരന്മാരും, മേരിക്കുട്ടി, സൂസമ്മ, രൂഹമ്മ എന്നിവർ സഹോദരിമാരുമാണ്. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

### സിസ്റർ മേരി കോവൂർ



സ്ത്രീ സാന്നിധ്യം ഇല്ലാതിരുന്ന പെന്തക്കോസ്ത് സുവിശേഷ വേദികളിൽ ചരിത്രപരമായ മാറ്റത്തിന് നാന്ദി കുറിച്ച അഗ്നി നാവിന് ഉടമയായിരുന്ന സിസ്റ്റർ മേരി കോവൂർ (85) 66 വർഷത്തെ സുവിശേഷ വേല തികച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. ശാരീരിക അസ്വസ്ഥതകൾ മൂലം വിശ്രമ ജീവിതം നയിക്കുകയായിരുന്ന കർത്തദാസിയുടെ അന്ത്യം തിരുവല്ലാ ബിലീവേഴ്സ് ഹോസ്പിറ്റലിൽ വെച്ചായിരുന്നു. 1932 ൽ വെട്ടിയാർ (മാവേലിക്കര) റ്റി. റ്റി. മത്തായിയുടെ മകളായി ജനിച്ചു. 19)ം വയസുമുതൽ സുവിശേഷ പ്രസംഗകയായി ലോകം അറിയപ്പെട്ടു എങ്കിലും ആദ്യ പ്രസംഗം 14)ം വയസിൽ ആയിരുന്നു. സിസ്റ്റർ ആദ്യ കാലങ്ങളിൽ ബെഥേൽ ആശ്രമത്തോട് ചേർന്നായിരുന്നു പ്രവർത്തിച്ചിരുന്നത്. 1958 ൽ വിശ്വാസ സ്നാനം സ്വീകരിച്ചു. 1963 മുതൽ പൂർണ്ണസമയ സുവിശേഷവേലയിൽ വ്യാപൃതയും ആയിരുന്നു. പ്രസിദ്ധ കോവൂർ കുടുംബത്തിലെ പരേതനായ പാസ്റ്റർ. കുരുവിള കോവൂർ (ബാവച്ചൻ) ആണ് ഭർത്താവ്. മകൻ പ്രസിദ്ധ സുവിശേഷ പ്രസംഗികനും ന്യൂറോ സർജ്ജനുമായ ഡോകടർ. ജോർജ്ജ് കോവൂർ. മകൾ സാറാ ജോർജ്ജ് കുടുംബമായി അമേരിക്കയിൽ താമസിക്കുന്നു. മാതാവിനെപ്പോലെതന്നെ സുവിശേഷ വേദികളിൽ നിറസാന്നിദ്ധ്യമാണ്.

### അന്നമ്മ ചാക്കോ



**ന്യൂയോർക്ക്:** പത്തനാപുരം പൊയ്കയിൽ കുടുംബാഗം പി.ഒ ചാക്കോയുടെ ഭാര്യയും ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജോർജ്.പി.ചാക്കോയുടെ മാതാവുമായ അന്നമ്മ ചാക്കോ (84) നിര്യാതയായി. മറ്റ് മക്കൾ: സൈമൺ പി.ചാക്കോ, പാസ്റ്റർ കുഞ്ഞുമ്മൻ പി. ചാക്കോ, മാത്യൂ പി.ചാക്കോ, ചെറിയാൻ പി.ചാക്കോ, ചാർളി പി.ചാക്കോ, പാസ്റ്റർ ഉമ്മൻ പി. ചാക്കോ (എല്ലാവരും യു.എസ്.എ). പത്തനാപുരം ശാരോൻ സഭയുടെ ചുമതലയിൽ നടത്തി.

### പാസ്റ്റർ പി. ജെ . എബ്രഹാം



**അബുദാബി:** ബെഥേൽ ചർച്ച് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി.ജെ. എബ്രഹാം നിത്യതയിൽ പ്രവേശിച്ചു. കഴിഞ്ഞ ചില മാസങ്ങളായി അസുഖത്തിലായിരുന്ന അദ്ദേഹം രണ്ടാഴ്ച മുൻപാണ് നാട്ടിലേക്ക് മടങ്ങിയത്. കൊല്ലം ചണ്ണപ്പേട്ട പനക്കാംമണ്ണിൽ കുടുംബാംഗമാണ്.

അബുദാബിയിൽ കഴിഞ്ഞ 40 വർഷമായി ശുശ്രൂഷരംഗത്തുള്ള പാസ്റ്റർ ഏബ്രഹാം APCCON പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുണ്ട്.

1984 മുതൽ ക്യാമ്പുകളിൽ പ്രാർത്ഥന ഗ്രൂപ്പ് ആരംഭിച്ചുകൊണ്ടാണ് സഭാ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. പത്തുപേർ ചേർന്ന് ആരംഭിച്ച ബെഥേൽ ചർച്ച് ഓഫ് ഗോഡിന് ഇന്ന് ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിലായി അനേകം സഭകളുണ്ട്. സംസ്കാരം വെള്ളിയാഴ്ച നടന്നു. ഭാര്യ സൂസമ്മ എബ്രഹാം. മക്കൾ ബ്ലെസ്സൺ, ബ്രൈറ്റു, ബെൻസി, ബിജോയ്.

# ഡിസ്ട്രിക്ക് കൺവൻഷൻ

**പന്തളം:** ചർച്ച് ഓഫ് ഗോഡ് (ഫുൾഗോസ്പൽ) ഇൻ ഇൻഡ്യാ പന്തളം ഡിസ്ട്രിക്ടിന്റെ 14-ാമത് വാർഷിക കൺവൻഷൻ നവംബർ 29 ബുധൻ മുതൽ ഡിസംബർ 3 ഞായർ വരെ കുളനടദൈവസഭ ഗ്രൗണ്ടിൽ വെച്ച് നടന്നു. റവ.സി.സി.തോമസ് (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റർ വൈ.റെജി (അഡ്മിനിസ്ട്രേറ്റീസ് അസിസ്റ്റന്റ്) പാസ്റ്റർ അനിയൻകുഞ്ഞ് സാമുവേൽ (ഡി.പി), പാസ്റ്റർ വി.ഒ. വർഗീസ് (മുംബൈ), പാസ്റ്റർ ദാനിയേൽ വില്യംസ് (അബുദാബി) എന്നിവർ പ്രധാന പ്രസംഗകരായിരുന്നു. വെള്ളിയാഴ്ച പകൽ സഹോദരിസമ്മേളനവും ശനി പകൽ സണ്ടേസ്കൂൾ, വൈ.പി.ഇ വാർഷിക സമ്മേളനവും നടന്നു. ഞായറാഴ്ച സംയുക്ത ആരാധനയോടു കൂടെ കൺവൻഷൻ സമാപിച്ചു. ക്രൈസ്റ്റ് സിംഗേഴ്സ് (ചെങ്ങന്നൂർ) ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു.

## ബൈബിൾ ക്ലാസ്സ്

മഴുക്കീർ: ചർച്ച് ഓഫ് ഗോഡ് മഴുക്കീർ സഭയുടെ അഭിമുഖ്യത്തിൽ 2017 നവംബർ 9,10,11 തീയതികളിൽ സഭാഹാളിൽ വച്ച് ബൈബിൾ ക്ലാസ് നടന്നു. 'അന്ത്യകാല സംഭവങ്ങളും ക്രിസ്തുവിന്റെ രണ്ടാം വരവും' എന്നതായിരുന്നു വിഷയം. ഡിസ്ട്രിക്ട് പാസ്റ്റർ ജോൺ ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സജു ചാത്തന്നൂർ ക്ലാസ് എടുത്തു. സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.റ്റി.മാത്യു സെക്രട്ടറി ബ്രദർ സി.റ്റി.രാജു എന്നിവർ നേതൃത്വം നല്കി.

## ഉപവാസപ്രാർത്ഥന

**ചിറ്റാർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ ചിറ്റാർ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ 21 ദിവസത്തെ ഉപവാസ പ്രാർത്ഥന നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ വി.എ. തോമസ് ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ഡി.എ തോമസ് ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ഡിസംബർ മൂന്നിന് മീൻകുഴി സഭയിൽ വെച്ച് സംയുക്ത സഭായോഗം നടത്തി. 5 പേർ സ്നാനമേറ്റു.

## മാനസാന്തരപെടുകയോ അതോ നശിച്ചുപോകയോ ?

(4-ാം പേജ് തുടർച്ച)

ഹൃകർമ്മ മായ സ്നാനത്തിലൂടെ ഞങ്ങളും നിങ്ങളുടെ പക്ഷക്കാരെന്ന ജനസമ്മതിക്കായ് അടുത്തു വന്ന അഭിനയക്കാരോട് വിട്ടു വീഴ്ചയില്ലാതെ താൻ പറയുന്നു മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പ്പീൻ എന്ന്.

മാനസാന്തര ഫലത്തിന്റെ കുറവ് അതിൽ ഊന്നിയുള്ള പഠിപ്പിക്കലുകൾ ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു, യോഹന്നാൻ സ്നാപകൻ വ്യക്തമാക്കുന്നു രണ്ടുള്ളവൻ അപരന്റെ ഇല്ലായ്മയിൽ അസ്വസ്ഥനായിരിക്കും, ഭക്ഷണസമൃദ്ധിയിൽ സ്വയം ത്രൃപ്തനാകാതെ പട്ടിണിക്കാരനു പങ്കുവെക്കുന്നതിൽ തൃപ്തനായിരിക്കും നീതി ന്യായം പുലരുന്നതിൽ ജാഗ്രതയുള്ളവനും മതി എന്നു വെക്കാൻ പഠിച്ചവനും ആയിരിക്കും, മാനസാന്തരഫലത്തിനൊരു ഉത്തമ ഉദ്ദാഹരണം സക്കായി എന്നതിൽ സംശയം ഇല്ല (ലൂക്കോസ്3:814, 19 :8) മാനസാന്തരപ്പെട്ടു സ്നാനപ്പെട്ടു അഭിഷേകം പ്രാപിച്ചു എന്നിന് കൃപാവരങ്ങളും സഭയിൽ മാന്യമായ സ്ഥാനമാനങ്ങളും ഒക്കെ നമുക്കുണ്ടായിരിക്കാം പക്ഷെ ഫലം കൊണ്ട് യഥാർഥ മാനസാന്തരം തെളിയിക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ മറക്കണ്ട, യേശു പറയുന്നു ദുരന്തമരണം സംഭവിച്ച ഗലീല്യർക്കും ശീലോമ്യർക്കും തുല്യരത്രെ നാമും നശിച്ചു പൊകുന്നവരുടെ കൂട്ടത്തിൽ അത്രെ. അല്ലല്ല മാനസാന്തര പ്പെടാഞ്ഞാൽ നമ്മൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും.(ലൂക്കോസ് 13:5).

# നിഗളം അഥവാ ഞാൻ എന്ന ഭാവം

(2-ാം പേജ് തുടർച്ച)

സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നുവെന്നു നമുക്കും പറയുവാൻ കഴിയണം. അഹന്ത നിറഞ്ഞ വാക്കുകൾ ശത്രുക്കളെ സൃഷ്ടിക്കുന്നു. അങ്ങനെയുള്ളവരിൽ നിന്ന് അറിവുള്ളവർ മാറിപ്പോകുന്നു. നിഷ്ഠൂരന്റെ പാതകളെ സൂക്ഷിച്ച് ഒഴിഞ്ഞിരിക്കുന്നു എന്ന വചനം ഈ അവസരത്തിൽ നമുക്ക് ഓർക്കാം.

അറിവും കഴിവുമുള്ള എത്രയോ ആളുൾക്ക്, ധാർഷ്ട്യമുള്ള ആൾ എന്ന നിലയിൽ അവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്! സ്ഥിരമായി പൊങ്ങച്ചം പറഞ്ഞു ശീലിച്ചവർ എങ്ങനെയെങ്കിലും ഒരു സത്യം പറഞ്ഞാലും മറ്റുള്ളവർ വിശ്വസിക്കുകയില്ല. സൗമ്യമായിപ്പറയുന്നവന്റെ വാക്കുകൾക്കു വിലയും പ്രാധാന്യവുമുണ്ട്. യേശുക്രിസ്തുവിന്റെ വാക്കുകൾ ലാവണ്യവാക്കുകളായിരുന്നു. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്ന് സുവിശേഷത്തിൽ വായിക്കുന്നു. ഞാൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ എന്റെ നുകം എടുത്ത് എന്നോടു പഠിക്കുവിനെന്നു കർത്താവു പറയുന്നു. സൗമ്യത ക്രിസ്തുവിന്റെ പര്യായമാണ്. ആകയാൽ, സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്നതു ക്രിസ്തു ഉള്ളവർ ഭാഗ്യവാന്മാർ എന്നു വ്യാഖ്യാനിക്കാം. സൗമ്യരിൽനിന്നു പഠിക്കാൻ ഏറെയുണ്ട്. അവർ പറയുന്ന വാക്കുകൾ, അവരുടെ പ്രവൃത്തികൾ, അവർ പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി, കഷ്ടതകളോടുള്ള അവരുടെ മനോഭാവം, ശത്രുക്കളോടുള്ള സമീപനം, സ്നേഹിതരോടുള്ള പെരുമാറ്റം തുടങ്ങിയവയെല്ലാം വ്യത്യസ്തമായിരിക്കും. വൈരാഗ്യബുദ്ധിയോടും പ്രതികാരചിന്തയോടും കൂടി അവർ ജീവിക്കുന്നില്ല. സൗമ്യത നഷ്ടപ്പെട്ടാൽ മനുഷ്യൻ പ്രതികാരദാഹിയായിത്തീരും. തന്റെ ശത്രുവിനെ കൊന്ന് ഇല്ലായ്മ ചെയ്യുവോളം, വിശ്രമമില്ലാതെ, കോപത്തോടെ ജീവിതം തള്ളിനീക്കുന്ന വരുണ്ട്. അവർ ജനിച്ചതുതന്നെ പ്രതികാരത്തിനാണെന്നു തോന്നും. എന്നാൽ ക്രിസ്തുവിനെ ദർശിക്കുക. കർത്താവ് ആരെയും കൊല്ലാനോ കല്ലെറിയാനോ വന്നതല്ല. കല്ലേറിനും കൊലയ്ക്കും വിധിക്കപ്പെട്ടവന്റെ ശിക്ഷ സ്വയം ഏറ്റെടുത്ത്, തന്നിൽ വിശ്വസിക്കുന്നവന്റെ മരണഭീതി നീക്കിയ സൗമ്യനായ യേശുക്രിസ്തു, ശാന്തനായ യേശുക്രിസ്തുവിനെയാണു നാം കാണുന്നത്. ലോകം കണ്ട ഏറ്റവും വലിയ സൗമ്യൻ; ക്രൂരന്മാർക്കും നിഗളികൾക്കും വേണ്ടി മരിച്ച്, ക്രൂശിൽക്കിടക്കുന്ന കാഴ്ചയാണു കാണുന്നത്. നമുക്കു നിഗളത്തെയും പൊങ്ങച്ചത്തേയും മാറ്റി നിർത്താം. എന്നന്നേക്കുമായി ഉപേക്ഷിക്കാം.

ദൈവം തമ്പുരാൻ ചുരുങ്ങിച്ചുരുങ്ങി, ഒരു മനുഷ്യക്കുഞ്ഞായി ഭൂമിയിൽ പിറന്നു. ലോകത്തിൽ നടന്ന ഏറ്റവും വലിയ സംഭവം ഏതാണ്? മനുഷ്യൻ ചന്ദ്രനിൽ പോയതല്ല. ദൈവം മനുഷ്യനായി ഭൂമിയിൽ വന്നതാണ് ഏറ്റവും വലിയ കാര്യം. History is His story എന്നു പറയാറുണ്ടല്ലോ. ലോകചരിത്രത്തെ ബി.സി. എന്നും എ.ഡി. എന്നും നെടുകെ രണ്ടായിപ്പിളർന്ന്, ലോകം അംഗീകരിക്കുന്ന ജീവിതം നയിച്ച ക്രിസ്തുവിന്റെ ചരിത്രം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ, ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി, മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിലും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും (ഫിലി.2:5-10). എല്ലാറ്റിന്റെയും ഉടമസ്ഥനും അധികാരിയും നിയന്താവും ചോദ്യം ചെയ്യപ്പെടാത്ത വിധം ശക്തനും ജ്ഞാനിയും നിത്യനും പരിശുദ്ധനും, എല്ലായിടത്തും നിറഞ്ഞു നില്ക്കുന്നവനുമായ യേശു, സൗമ്യതയോടെ ദാരിദ്ര്യം അനുഭവിക്കുന്നതു തിരഞ്ഞെടുത്തു. നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും, അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്, നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ (2കൊരി. 8:9). സാധു സുന്ദർസിങ്, മാരാമൺ കൺവെൻഷനിൽ പ്രസംഗകനായി വന്നിട്ടുണ്ട്.

മാർത്തോമ്മാ സുവിശേഷസംഘം, മെച്ചപ്പെട്ട സൗകര്യത്തിൽ അദ്ദേഹത്തിന് ആതിഥ്യമരുളാൻ തയ്യാറായി. എന്നാൽ സാധുവിന്, മണൽപ്പുറത്ത് ഒരു ചെറു കുടിൽ കെട്ടിക്കൊടുത്താൽ മതിയെന്ന് അദ്ദേഹം അവരെ അറിയിച്ചു. പ്രാർത്ഥനാനിർഭരനായി അദ്ദേഹം കുടിലിരിക്കും. മണൽപ്പരപ്പിലുള്ള ഓലമേഞ്ഞ പന്തലിൽ ദൈവവചനം പ്രസംഗിക്കും. ഭക്തനായ ഒരു യോഗി വന്നതറിഞ്ഞ്, മുഖദർശനം നടത്തുവാൻ ആറന്മുളയിൽ നിന്നും ഇടയാറന്മുളയിൽ നിന്നും മറ്റും പല ഹൈന്ദവ സ്ത്രീപുരുഷന്മാർ വന്നു. ആ കാലത്തെ സഭയുടെ വികാരിജനറൽ ആയിരുന്ന കലമണ്ണിലച്ചനോട്, സന്യാസിയെ കാണണമെന്നാവശ്യപ്പെട്ടു. അച്ചൻ, മണൽപ്പുറത്തു കെട്ടിയൊരുക്കിയ കുടിലിൽച്ചെന്നു സാധുവിനെ വിവരമറിയിച്ചു. അദ്ദേഹം മനസ്സില്ലാമനസ്സോടെ എഴുന്നേറ്റു കൈകൾ കൂപ്പിയിട്ട്, മുന്നിൽ നില്ക്കുന്ന ഹൈന്ദവഭക്തരോട്, 'എന്നെ എന്തിനു കാണണം? നിങ്ങൾ ഗുരുവിനെ കാണണം. ആ ഗുരുവിനെ നമസ്ക്കരിക്കണം. ശ്രേഷ്ഠ ഗുരുവായ യേശുകർത്താവാണു നമസ്കാരയോഗ്യൻ. ഞാൻ ആ ഗുരുവിന്റെ ഒരു സാധാരണ ശിഷ്യനാണ്, സാധുവാണ്' എന്നു പറയുകയുണ്ടായി. ഇങ്ങനെയുള്ള സാധു സുന്ദർ സിങ്ങിന്റെ മുമ്പിൽ ഇന്നത്തെ സഭാസിംഹാസനങ്ങൾക്ക് എന്തു പ്രസക്തി? മാർത്തോമ്മായുടെ സിംഹാസനം, പത്രോസിന്റെ സിംഹാസനം എന്നൊക്കെ പ്പറയുമ്പോൾ, ആരുടെ ശിഷ്യരാണ് അവരെന്നു തെറ്റിദ്ധരിക്കപ്പെടുന്ന ജനം ഓർക്കുന്നില്ല. ക്രിസ്തുശിഷ്യനായ തോമസിനോ പത്രോസിനോ ഒരു കുരണ്ടിപ്പലകപോലും ഇല്ലായിരുന്നു! അവരുടെ ലക്ഷ്യം അതല്ലായിരുന്നു. അവർ വിദൂരതയിൽപ്പോലും അതിന്റെ ആളുകളല്ലായിരുന്നു. ദൈമക്കളേ, വാസ്തവം ഗ്രഹിക്കുക. വെള്ളിയും പൊന്നും എനിക്കില്ല എന്ന പ്രസ്താവം, പത്രോസിന്റെ ജീവിതശൈലിയാണു വ്യക്തമാക്കുന്നത്.

കീറിയ ഉടുപ്പും ധരിച്ച്, തൂക്കിയിട്ടിരിക്കുന്ന സഞ്ചിയും കാലൻ കുടയുമാണു സൗമ്യതയുടെ ലക്ഷണമെന്നു ഞാൻ അർത്ഥമാക്കുന്നില്ല. നമ്മുടെ മനോഭാവമാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. പദവിയിൽ നിന്ന് ആളുകളെ തള്ളിക്കളഞ്ഞ്, കസേര പിടിക്കുവാനുള്ള വ്യഗ്രത ഇന്നു ക്രൈസ്തവസഭകളിൽ ധാരാളമായിരിക്കുന്നു. നാം പദവിക്കു വേണ്ടി മല്ലുപിടിക്കാതെ, ഉള്ളതു മതിയാക്കി മുന്നേറുക. ദൈവഹിതപ്രകാരമല്ലാതെ, വളഞ്ഞ വഴികളിലൂടെ നാം പോകരുത്. ക്രിസ്തുവിന്റെ സൗമ്യത പിന്തുടരുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

JYOTHIMARGOM
P.O.Box-15, Eraviperoor P.O.,
Tiruvalla-689 542, Pathanamthitta
Ph : 9447455820, 9048869944

33rd Years of Publications
JYOTHIMARGOM
Most Popular Christian News Paper
email : jyothimargom@gmail.com, Web: www. jyothimargom.com

LICENCE NO.KL/TLA/112/2015-2017
Posted on 13th December 2017 at RMS Tiruvalla
Published on 12th December 2017
RNI.No.KER MAL/2002/8041

# ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ സംസ്ഥാന കൺവൻഷൻ സമാപിച്ചു



ഐ.പി.സി. സംസ്ഥാന കൺവൻഷനിൽ പാസ്റ്റർ രവി മണി മുഖ്യപ്രഭാഷണം നടത്തുന്നു

പെരുമ്പാവൂർ: മലയാളി പെന്തെക്കോസ്ത് വിശ്വാസ സമൂഹത്തിന് ദർശനം കൈമോശം വന്നിരിക്കുന്നു. ഭാരതത്തിന് മുഴുവൻ സുവിശേഷത്തിന്റെ പ്രകാശം പരത്താൻ വിളിക്കപ്പെട്ട സമൂഹമാണ് കേരളത്തിലെ പെന്തെക്കോസ്തർ. എന്നാലിപ്പോൾ കാഴ്ച മങ്ങി കാഴ്ചപ്പാട് നഷ്ടപ്പെട്ട് ഒതുങ്ങിപ്പോയ സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. പരിമിതമായ ചുറ്റുവട്ടക്കാഴ്ചകൾ മാത്രമാണ് ഇപ്പോൾ ഈ സമൂഹത്തെ നയിക്കുന്നത്. ഒരു മടങ്ങിവരവ് അനിവാര്യമാണ് പാസ്റ്റർ രവിമണി പ്രഖ്യാപിച്ചു.

പെരുമ്പാവൂരിലെ ആശ്രാമം സ്കൂൾ ഗ്രൗണ്ടിൽ ഡിസംബർ 7-11 വരെ നടന്ന കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ബാബു ചെറിയാൻ, സണ്ണി കുര്യൻ, ഫിലിപ്പ് പി.തോമസ്, വർഗീസ് ഏബ്രഹാം, കെ.സി.ജോൺ എന്നിവരായിരുന്നു മറ്റ് പ്രസംഗകർ.

ഞായറാഴ്ച നടന്ന സംയുക്ത സഭാ യോഗത്തിൽ പാസ്റ്റർ കെ.സി.തോമസ് തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ രവി മണി, കെ.എം.ജോസഫ് എന്നിവർ സമാപന സന്ദേശങ്ങൾ നൽകി. പകൽയോഗങ്ങളിൽ പാസ്റ്റർമാരായ സന്തോഷ് തോമസ്, സജി വി.ചെറിയാൻ, കെ.ജെ.തോമസ് കുമളി, വിത്സൻ ജോസഫ്, എം.പി.ജോർജുകുട്ടി, ഗർസിം പി.ജോൺ എന്നിവർ ശുശ്രൂഷിച്ചു.

പാസ്റ്റർമാരായ ഷിബു നെടുവേലിൽ, രാജു പൂവക്കാല, സി.സി. ഏബ്രഹാം എന്നിവർ വിവിധ യോഗങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന ട്രഷറാർ ജോയി താനവേലിൽ, ജോ.സെക്രട്ടറി മോനി കരിക്കം എന്നിവർ നേതൃത്വം നൽകി.

# നവാപൂർ കൺവൻഷന് അനുഗ്രഹസമാപ്തി




**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ നവാപൂർ കൺവൻഷൻ സമാപിച്ചു. ഒക്ടോബർ 24-29 വരെ കരാഞ്ചികുർദ്ദ് ഗ്രാമത്തിൽ നടന്ന കൺവൻഷൻ ഒക്ടോബർ 24ന് വൈകിട്ട് 8ന് ഡോ. ജോയി പുന്നൂസ് ഉദ്ഘാനടനം ചെയ്തു. ഡോ. പോൾ മാത്യു, ഡോ. ഫിന്നി ഫിലിപ്പ്, പാസ്റ്റർമാരായ വി.ഒ. വർഗീസ്, മോനിസ് ജോർജ്, ലാജി പോൾ, ജോർജ് തോമസ്, തമ്പി മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം വിദ്യാർത്ഥി-യുവജന സമ്മേളനം, സഹോദരി സമ്മേളനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടന്നു. 28 ന് ശനിയാഴ്ച രാവിലെ ഫിലദൽഫിയ ബൈബിൾ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ ഡോ. ഫിന്നി ഫിലിപ്പ് ബിരുദങ്ങൾ നൽകി. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു.

29ന് ഞായറാഴ്ച പതിനായിരങ്ങൾ പങ്കെടുത്ത സംയുക്ത സഭായോഗത്തോടും പൊതുയോഗത്തോടും കൂടി കൺവൻഷൻ സമാപിച്ചു. പാസ്റ്റർ കെ.വി. ഏബ്രഹാം കർത്തൃമേശക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ഒ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ കൺവൻഷന് നേതൃത്വം നൽകി.

# ശാരോൻ ഫെലോഷിപ്പ് ജനറൽ കൺവൻഷൻ




*ശാരോൻ ഫെലോഷിപ്പ് ജനറൽ കൺവൻഷൻ സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്യുന്നു.*

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ ആരംഭിച്ചു. നവംബർ 27 തിങ്കളാഴ്ച വൈകിട്ട് 6.30 ന് സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ പരിശുദ്ധാത്മ ശക്തിയുടെ സാന്നിധ്യമാണ് വിശ്വാസ സമൂഹത്തിന് അനിവാര്യമായിരിക്കുന്നത്. വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവിന് ഏതു തകർന്ന സാഹചര്യങ്ങളെയും വ്യത്യാസപ്പെടുത്താൻ കഴിയും.

ജീവദായകവും ശക്തിദായകവുമായ ദൈവാത്മാവിന് പ്രവർത്തന സ്വാതന്ത്ര്യം സഭകളിൽ ഉണ്ടാകുമ്പോഴാണ് ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുന്നത്. അദ്ദേഹം പ്രസ്താവിച്ചു. പാസ്റ്റർ പി.ജി. ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് സങ്കീർത്തന വായനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കോശി ഉമ്മൻ മുഖ്യസന്ദേശം നൽകി.




Printed, Published and owned by Pr. P.G. Mathews, Jeswin Villa, Kumbanad P.O., Thiruvalla 689 547, Printed at Cochin Printech, Kalamasserry, Cochi. Design & Typesetting Global Computers, Thiruvalla
Editor Pr. J.Joseph, Onattu Shalom, Eraviperoor P.O.,, Pathanamthitta (Dist.), Kerala - 689 542